# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എറണാകുളം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
എറണാകുളം -682030

ഇ-മെയിൽ: dtpanchayatekm10@gmail.com

ഫോൺ :

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ഡി.പി.)ഇ2-224/2023 Dt.29/12/23

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
എറണാകുളം -682030
തീയ്യതി: 29/12/2023
ഇ-മെയിൽ: dtpanchayatekm10@gmail.com
ഫോൺ:

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറണാകുളം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം. (ഡി.പി.)ഇ2-224/2023 Dt.29/12/23 തീയ്യതി: 29/12/2023

## എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജയ സി.ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-07-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.ജോമോൾ എം.ജോണി,ഓഡിറ്റ് ഓഫീസർ
2.ശ്രീമതി.ഉമ ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ. ശ്രീജിത്ത് സി.ഡി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .ഉല്ലാസ് തോമസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് കുമാർ കെ | അസി. എക്സി.എൻജിനിയർ(കൃഷി) | 01-04-2022 | 15-05-2022 |
| ശ്രീമതി അനു റേ മാത്യൂ | അസി. എക്സി.എൻജിനിയർ(കൃഷി) | 16-05-2022 | 30-06-2022 |
| ശ്രീ സുരേഷ് കുമാർ കെ | അസി. എക്സി.എൻജിനിയർ(കൃഷി) | 01-07-2022 | 28-02-2023 |
| ശ്രീമതി അനു റേ മാത്യൂ | അസി. എക്സി.എൻജിനിയർ(കൃഷി) | 01-03-2023 | 31-03-2023 |
| ശ്രീമതി സിന്ധു വി പി | ഡെ.ഡയറക്ടർ(കൃഷി) | 01-04-2022 | 31-03-2023 |
| ശ്രീമതി സൂസൻ ലീ | സൂപ്രണ്ട് ,ജില്ലാ കൃഷിതോട്ടം നേര്യമംഗലം | 01-04-2022 | 31-03-2023 |
| ശ്രീ ഫിലിപ്പ്ജി റ്റി കണ്ണാട്ട് | ഫാം സൂപ്രണ്ട് ഒക്കൽകൃഷിതോട്ടം , | 01-04-2022 | 31-03-2023 |
| ശ്രീമതി ആനി ആന്റണി | സൂപ്രണ്ട്, കോക്കനട്ട് നഴ്സറി വൈറ്റില | 01-04-2022 | 31-03-2023 |
| ശ്രീമതി ലിസിമോൾ ജെ വടക്കുട്ട് | സൂപ്രണ്ട് ആലുവാ ഫാം | 01-04-2022 | 31-03-2023 |
| ഡോ.വിഷ്ണ ശ്രീധർ | റീജിയണൽ ആനിമൽ ഹസ് ബന്ററി സെന്റർ ആലുവാ | 01-04-2022 | 31-03-2023 |
| ശ്രീമതി സന്ധ്യ കെ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിന്ദുമോൻ പി.പി. | ഡെപ്യൂട്ടി ഡയറക്ടർ(ഡയറി ) | 01-04-2022 | 30-09-2022 |
| ശ്രീമതി. ടീസ തോമസ് | ഡെപ്യൂട്ടി ഡയറക്ടർ(ഡയറി ) | 01-10-2022 | 31-03-2023 |
| ഡോ.പ്രേംന മനോജ് ശങ്കർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ഷീബ എസ്. | മാനേജർ,ജില്ലാ വ്യവസായ വികസന കേന്ദ്രം | 01-04-2022 | 19-02-2023 |
| ശ്രീ. രാകേഷ് വി.ആർ | മാനേജർ,ജില്ലാ വ്യവസായ വികസന കേന്ദ്രം | 20-02-2023 | 31-03-2023 |
| ശ്രീമതി . അഷിത പി.എ. | പ്രൊജക്ട് ഓഫീസർ,ജില്ലാ ഖാദി ഗ്രാമ വ്യവസായ വികസന ഓഫീസ് | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ ഭാസ്കർ | ജില്ലാ പട്ടികവർഗവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എൽസി സി.വൈ | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ ആയുർവേദ ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ.സോണിയ ഇ.എ | ഡി.എം.ഒ.(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ലീന റാണി | ഡി.എം.ഒ.(ഹോമിയോ) | 01-04-2022 | 19-04-2022 |
| | | 10-05-2022 | 24-06-2022 |
| ഡോ.ആശാ റാണി | ഡി.എം.ഒ.(ഹോമിയോ) | 20-04-2022 | 09-05-2022 |
| | | 25-06-2022 | 07-08-2022 |
| | | 16-08-2022 | 02-01-2023 |
| ഡോ അജിത്കുമാർ വി.ജി. | ഡി.എം.ഒ.(ഹോമിയോ) | 08-08-2022 | 15-08-2022 |
| ഡോ.ജയചന്ദ്രൻ ജി. | ഡി.എം.ഒ.(ഹോമിയോ) | 03-01-2023 | 13-01-2023 |
| ഡോ .മെഴ്സി ഗൊൺസാൽവസ് | ഡി.എം.ഒ.(ഹോമിയോ) | 14-01-2023 | 31-03-2023 |
| ഡോ.ജയശ്രീ വി. | ജില്ലാ മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 02-08-2022 |
| ഡോ. ശ്രീദേവി എസ്. | ജില്ലാ മെഡിക്കൽ ഓഫീസർ(അലോപ്പതി) | 03-08-2022 | 31-03-2023 |
| ശ്രീമതി. ഹണി ജി. അലക്സാണ്ടർ | ഡെപ്യൂട്ടി ഡയറക്ടർ(വിദ്യാഭ്യാസം ) | 01-04-2022 | 31-03-2023 |
| ഡോ. മറിയാമ്മ തോമസ് | ഡെപ്യൂട്ടി ഡയറക്ടർ(മൃഗസംരക്ഷണം) | 01-04-2022 | 31-03-2023 |
| ഡോ അജിത്കുമാർ വി.ജി. | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ ഹോമിയോ ആശുപത്രി | 01-04-2022 | 03-04-2022 |
| ഡോ.കൃഷ്ണേന്ദു ആർ. | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ ഹോമിയോ ആശുപത്രി | 04-04-2022 | 29-07-2022 |
| ഡോ .രാജേശ്വരി | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ | 30-07-2022 | 11-01-2023 |

| | | | |
|---|---|---|---|
| സി.എൽ. | ഹോമിയോ ആശുപത്രി | | |
| ഡോ .മെസ്സി ഗൊൺസാൽവസ് | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ ഹോമിയോ ആശുപത്രി | 12-01-2023 | 31-03-2023 |
| ഡോ.പ്രസന്നകുമാരി കെ. | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ ആശുപത്രി ,ആലുവ | 01-04-2022 | 02-08-2022 |
| ഡോ.സ്റ്റിജി ജോർജ് ചിറമേൽ | ചീഫ് മെഡിക്കൽ ഓഫീസർ,ജില്ലാ ആശുപത്രി ,ആലുവ | 03-08-2022 | 31-03-2023 |
| ശ്രീമതി.ടീസ ജോസ് | പ്രൊജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 01-04-2022 | 18-12-2022 |
| ശ്രീമതി.ശ്യാമലക്ഷ്മി എസ് | പ്രൊജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 19-12-2022 | 31-03-2023 |
| ഡോ.അലീറ്റ എൻ ജോൺ | മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, കുറുപ്പംപടി | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത പി.ആർ | എക്സിക്യൂട്ടിവ്എഞ്ചിനീയർ,എൽ.എസ്.ജി.ഡി. | 01-04-2022 | 31-03-2023 |
| ശ്രീമതി. സുജ എ.എം. | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി. | 01-04-2022 | 31-03-2023 |
| ശ്രീമതി. അമ്പിളി രവി | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി. | 01-04-2022 | 31-03-2023 |
| ശ്രീമതി.രഞ്ജിനി എസ്. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ | 01-04-2022 | 09-05-2022 |
| ശ്രീമതി പ്രീതി എം.ബി. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ | 10-05-2022 | 02-02-2023 |
| ശ്രീമതി റജീന റ്റി.എം. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ | 04-02-2023 | 31-03-2023 |
| ശ്രീമതി മഞ്ജു എസ്. | ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ടിമ്പിൾ മാഗി പി.എസ്. | സെക്രട്ടറി | 01-04-2022 | 04-08-2022 |
| ശ്രീ. ജോബി തോമസ് | സെക്രട്ടറി -ഇൻ-ചാർജ് | 05-08-2022 | 17-01-2023 |
| ശ്രീ.പ്രകാശ് പി.ജി. | സെക്രട്ടറി | 18-01-2023 | 31-03-2023 |
| ശ്രീമതി. ഉഷ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| **കെ.കെ.** | | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വിവിധ അക്കൗണ്ട് ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. | 1-1-1 |
| 3 | ഫാമുകൾക്ക് കൃഷിഭവനുകളിൽ നിന്നും കിട്ടാനുള്ള വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ഇല്ലാത്ത ഇനത്തിന് തുക ലഭ്യമായതായി കാണുന്നു. | 1-1-3 |
| 5 | ബാങ്ക് ബുക്കിലെ തുകകൾ പാസ്സ് ബുക്കിൽ ലഭ്യമല്ല. | 1-1-4 |
| 6 | മൂലധന കണക്കുകളിൽ വ്യത്യാസം കാണുന്നു. | 1-1-5 |
| 7 | തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-6 |
| 8 | മുൻ വർഷത്തെ നീക്കി ബാക്കി തുകകൾ ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവാക്കി. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 15 | ആലുവ സംസ്ഥാന വിത്തുൽപാദനകേന്ദ്രം-പ്രവർത്തനങ്ങൾ | 1-8 |
| 16 | ഓൺ ലൈൻ വിൽപ്പനയിലെ അപാകതകൾ | 1-9 |
| 17 | ആലുവ മെട്രോ സ്റ്റേഷൻ ഔട്ട് ലെറ്റിലെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ അപാകത | 1-10 |
| 18 | ആലുവ വിത്തുത്പാദന കേന്ദ്രത്തിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ അപാകത | 1-11 |
| 19 | ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രം-പി.ഒ.എസ് രജിസ്റ്ററിലെയും ബാങ്ക് അക്കൗണ്ടിലെയും തുകകളിൽ വ്യത്യാസം കാണുന്നു. | 1-12 |
| 20 | സംസ്ഥാന വിത്തുത്പാദന കേന്ദ്രം -ഒക്കൽ - കൃഷിഭവനുകളിൽ നിന്ന് തുക ലഭ്യമായില്ല. | 1-13 |
| 21 | ഒക്കൽ - സംസ്ഥാന വിത്തുത്പാദന കേന്ദ്രം - വരവ് തുകകളിൽ വ്യക്തതയില്ല. | 1-14 |
| 22 | ഒക്കൽ സ്റ്റേറ്റ് സീഡ് ഫാം നവീകരണം-(നം.167/23)-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-15 |
| 23 | ഒക്കൽ സംസ്ഥാന വിത്തുൽപാദനകേന്ദ്രം- പ്രൊജക്ടുകളുടെ ചെലവു വിവരങ്ങൾ പൂർണ്ണമല്ല | 1-16 |

| | | |
|---|---|---|
| 24 | വൈറ്റില നാളികേര നഴ്സറി -കൃഷിഭവനുകളിൽ നിന്ന് തുക ലഭ്യമായില്ല. | 1-17 |
| 25 | നേര്യമംഗലം കൃഷിത്തോട്ടം -കൃഷിഭവനുകളിൽ നിന്ന് തുക ലഭ്യമായില്ല. | 1-18 |
| 26 | സംയോജിത വിള പരിപാലനം/സമഗ്ര വികസനം- രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല | 1-19 |
| 27 | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ബിൽ എന്നിവ ഹാജരാക്കിയില്ല. | 1-20 |
| 28 | കൃത്യമായ തുടർ പ്രവർത്തനങ്ങളുടെ അഭാവം - 10,73,655 രൂപയുടെ വിത്ത് തേങ്ങകൾ നശിച്ച് പോയി. | 1-21 |
| 29 | കൃഷി ഭവനുകൾ ടാർജറ്റിനുസരിച്ചുള്ള മണ്ണ് പരിശോധന നടത്തുന്നില്ല. | 1-22 |
| 30 | രാജഹംസം-സൈഡ്‌വീലോട് കൂടിയ സ്കൂട്ടർ വാഹനം നൽകൽ(എസ്.0518/23)-പ്രോജക്ട് സംബന്ധിച്ച രേഖകൾ പൂർണ്ണമല്ല | 1-23 |
| 31 | ടെണ്ടർ വിലയിലും കൂടിയ വിലയിൽ സാധനങ്ങൾ ലഭ്യമാക്കി. 8,302രൂപയുടെ ചെലവ് നഷ്ടം | 1-24 |
| 32 | ടെക്നിക്കൽ സ്കൂളുകൾ | 1-25 |
| 33 | സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് വാങ്ങൽ - ഗുണമേന്മ സംബന്ധിച്ച് വ്യക്തതയില്ല. | 1-26 |
| 34 | വാർഡ് നിർമ്മാണം പൂർത്തിയാകുന്നതിനുമുമ്പ് ജെറിയാട്രിക് വാർഡിലേക്ക് ഉപകരണങ്ങൾ വാങ്ങി | 1-27 |
| 35 | പ്രൊജക്റ്റിന് ഗ്രാമ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല | 1-28 |
| 36 | മരുന്നുകളുടെ സ്റ്റോക്ക് കൃത്യമാക്കുക | 1-29 |
| 37 | ജില്ലാ ഹോമിയോ ആശുപത്രി- അടിസ്ഥാന സൗകര്യവികസനം അപൂർണ്ണം | 1-30 |
| 38 | ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് മുൻപ് ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചു. | 1-31 |
| 39 | ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-32 |
| 40 | കവർ & കെയർ - പ്രൊജക്ടിന്റെ ചെലവ് രേഖകൾ അപൂർണ്ണം | 1-33 |
| 41 | സ്റ്റൈപ്പൻഡ് നൽകി പരിശീലനം നൽകിയ ഉദ്യോഗാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയില്ല. 1,26,083 രൂപ തിരികെ ഈടാക്കണം. | 1-34 |
| 42 | ഉപകരണങ്ങൾ ലഭ്യമായതിന്റെയോ ഉപയോഗപ്രദമാണെന്നതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.10,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 43 | ലഭ്യമാക്കിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല.2,76,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 44 | തുക നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്തനക്ഷമമായില്ല - 27,64,124 രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 45 | പദ്ധതി പ്രവർത്തനം നിലച്ചു.25,72,322 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-38 |

| | | |
|---|---|---|
| 46 | പദ്ധതി പൂർത്തീകരണം സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയില്ല. 10,00,000 രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 47 | ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ ഡോക്യുമെന്റേഷൻ-(0671/23)-അപാകങ്ങൾ | 1-40 |
| 48 | ഓപ്പൺ ജിം -ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-41 |
| 49 | ഭിന്നശേഷിസൗഹൃദജില്ല-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരങ്ങൾ ഇല്ല | 1-42 |
| 50 | ചിത്രശാല-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ | 1-43 |
| 51 | നൈപുണ്യവികസനം-(1344/23)വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം-സബ്സിഡി മാർഗരേഖക്ക് വിരുദ്ധം | 1-44 |
| 52 | ഹിറ്റാച്ചി വാങ്ങൽ -സംയുക്തം- പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 1-45 |
| 53 | സംയുക്തപദ്ധതികൾ-രേഖകൾ അപൂർണ്ണം | 1-46 |
| 54 | ആദിത്യ-പട്ടികജാതി കോളനികളിൽ സൗരോർജ മിനിമാസ്റ്റ് സ്ഥാപിക്കൽ-(നം.1644/23)മോണിട്ടറിംഗ് നടത്തിയിട്ടില്ല | 1-47 |
| 55 | അംഗൻവാടികളുടെ പ്രവൃത്തിപൂർത്തീകരണം-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-48 |
| 56 | മികവ് പദ്ധതി -ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല | 1-49 |
| 57 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-എല്ലാ ഗുണഭോക്താക്കളും പണി പൂർത്തിയാക്കിയിട്ടില്ല | 1-50 |
| 58 | വിജയഭേരി -എസ്. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-51 |
| 59 | കിരണം പദ്ധതി- രേഖകൾ ഹാജരാക്കിയില്ല | 1-52 |
| 60 | പെണ്ണെഴുത്ത്- പദ്ധതിയുടെ വിലയിരുത്തൽ ലഭ്യമല്ല | 1-53 |
| 61 | കുട്ടികളുടെ വെബ്പോർട്ടൽ- പദ്ധതി ലക്ഷ്യം നേടിയില്ല | 1-54 |
| 62 | സ്റ്റാർട്ട് അപ്പുകൾക്ക് സഹായം - പദ്ധതി ലക്ഷ്യം നേടിയില്ല – 29,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-55 |
| 63 | സ്ഥാപനത്തിന്റെ ചെലവുകളുടെ ബില്ല്/വൗച്ചർ ഹാജരാക്കിയില്ല. | 1-56 |
| 64 | ബാങ്കിന് ലഭിച്ച സബ്സിഡി യഥാസമയം സ്ഥാപനത്തിന് കൈമാറുന്നില്ല | 1-57 |
| 65 | മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്-കുറുപ്പംപടി-അപര്യാപ്തതകൾ പരിഹരിക്കുക | 1-58 |
| 66 | തേരാ കോളനി വൈദ്യുതീകരണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-59 |
| 67 | പൈങ്ങോട്ടൂർ വനിതാവിപണനകേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടില്ല-പദ്ധതിപ്പണം പാഴായിപ്പോകുന്നു. | 1-60 |

| | | |
|---|---|---|
| 68 | വർണ്ണവസന്തം-ചിത്രകലാപരിശീലനം നടത്തുന്ന അദ്ധ്യാപകർക്ക് റെമ്യൂണറേഷൻ അധികമായി നൽകി | 1-61 |
| 69 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ആയതിന്റെ അക്കൗണ്ടിൽ മാറ്റി സൂക്ഷിക്കേണ്ടതാണ്. | 1-62 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്റ്റൈപ്പൻഡ് നൽകി പരിശീലനം നൽകിയ ഉദ്യോഗാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയില്ല. 1,26,083 രൂപ തിരികെ ഈടാക്കണം. | 3-1 |
| 2 | ടെണ്ടർ വിലയിലും കൂടിയ വിലയിൽ സാധനങ്ങൾ ലഭ്യമാക്കി. 8,302 രൂപയുടെ ചെലവ് നഷ്ടം | 3-2 |
| 3 | വർണ്ണവസന്തം-ചിത്രകലാ അധ്യാകന് നിർദ്ദിഷ്ട പരിധിയിൽ അധികം തുക അനുവദിച്ചു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | സംയുക്തപദ്ധതികളുടെ വിശദാംശങ്ങൾ | |
| 4 | നേര്യമംഗലം കൃഷിത്തോട്ടത്തിലേക്ക് തുക ലഭ്യമാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023 -ലെ 2(2) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എറണാകുളം ജില്ലാ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു.സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും,അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു .

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ

ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വിവിധ അക്കൗണ്ട് ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

ചുവടെ ചേർത്തിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

(എ). 340109901 (Other Deposit) എന്ന ഹെഡ്ഡിൽ നിന്നും 20.10.2022 ൽ Electricity Charges Collected എന്ന പേരിൽ ചെലവാക്കിയ 2,000 രൂപ

(ബി). 340200102 (Auction Deposit) എന്ന ഹെഡ്ഡിൽ 29.12.2022 ൽ ലഭിച്ച 4,967 രൂപ

(സി). 350800101 (Liability In Respect Of Stale Cheque) എന്ന ഹെഡ്ഡിലെ 31.03.2023 ലെ ചെലവായ 2,000 രൂപയും ഇപ്പോഴും ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ള 85,533 രൂപയും

(ഡി). 150120104 (Receipts From Auction Of Obsolete Assets) എന്ന ഹെഡ്ഡിൽ 08.06.2022, 29.08.2022, 09.11.2022, 29.11.2022 എന്നീ തീയതികളിൽ ലഭ്യമായ യഥാക്രമം 2,87,200 രൂപ, 6,34,500 രൂപ, 3,85,900 രൂപ, 2,65,000 രൂപ എന്നീ തുകകൾ.

1-1-2 ഫാമുകൾക്ക് കൃഷിഭവനുകളിൽ നിന്നും കിട്ടാനുള്ള വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

വിവിധ ഫാമുകൾക്ക് കൃഷി ഭവനുകളിൽ നിന്നും തുകകൾ ലഭ്യമാകാനുള്ളതായി പരിശോധനയിൽ വ്യക്തമായി. എന്നാൽ ആയത് കണക്കാക്കി Sundry Debtors എന്ന ഹെഡ്ഡിൽ ചേർത്ത് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

1-1-3 ഇല്ലാത്ത ഇനത്തിന് തുക ലഭ്യമായതായി കാണുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ഇൻകം സൈഡിൽ 110200102 എന്ന ഹെഡ്ഡിൽ പ്രൊഫഷൻ ടാക്സ് എംപ്ളോയീസ് എന്ന പേരിൽ 3,250 രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ മേൽ ഇനത്തിലുള്ള വരവ് ഇല്ലാത്തതിനാൽ ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-1-4 ബാങ്ക് ബുക്കിലെ തുകകൾ പാസ്സ് ബുക്കിൽ ലഭ്യമല്ല.

ഫാമുകളിൽ നിന്നുള്ള വരവ് തുകകൾ നിക്ഷേപിക്കുന്ന ഫാം ബാങ്ക് അക്കൗണ്ടിൽ, ബാങ്ക് ബുക്കിൽ ചേർത്തിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന തുകകൾ ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | തുക | വൗച്ചർ നം. |
|---|---|---|
| 1 | 4,800 | 122100900189/08.03.2023 |
| 2 | 20,250 | 122290900254/28.03.2023 |
| 3 | 5,475 | 122290900263/28.03.2023 |
| 4 | 3,750 | 122290900265/30.03.2023 |
| 5 | 4,500 | 122290900266/30.03.2023 |
| 6 | 3,547 | 122290900267/30.03.2023 |
| 7 | 50,585 | 122290900268/30.03.2023 |
| 8 | 3,08,378 | 122290900269/30.03.2023 |
| 9 | 16,875 | 122290900270/30.03.2023 |

| | | |
|---|---|---|
| 10 | 33,750 | 122290900271/30.03.2023 |
| 11 | 1,38,176 | 122290900272/30.03.2023 |
| 12 | 6,000 | 122290900315/30.03.2023 |

1-1-5 മൂലധന കണക്കുകളിൽ വ്യത്യാസം കാണുന്നു.

ബാലൻസ് ഷീറ്റ് ബി-3 പ്രകാരം ആകെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ 117,26,51,142 രൂപയാണ്. മേൽ തുക ആകെ ഫിക്സഡ് അസറ്റ് + ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആകണം. എന്നാൽ 2022-23 ലെ ആകെ ഫിക്സഡ് അസറ്റ് + ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് = 116,75,79,386 രൂപയാണ്. (111,68,88,003 + 5,06,91,383). 50,71,756 രൂപയുടെ വ്യത്യാസം കാണുന്നു.

1-1-6 തുകകൾ ക്രമീകരിച്ചിട്ടില്ല.

1. 340200106 (Deposits Received For Halls And Auditoriums) എന്ന ഹെഡ്ഡിൽ മുൻപ് ലഭ്യമായിരുന്ന (തിയതി ചേർത്തിട്ടില്ല) 8,000 രൂപ ഇതുവരെ തിരികെ നൽകുകയോ/വരവാക്കി മാറ്റുകയോ ചെയ്തിട്ടില്ല.

2. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലെ Temporory Advance For Official Purpose, Advance To Implimenting Officers എന്നീ ഹെഡ്ഡുകളിൽ യഥാക്രമം 2,61,676 രൂപ, 1,01,900 രൂപ എന്നീ തുകകൾ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു.

1-1-7 മുൻ വർഷത്തെ നീക്കി ബാക്കി തുകകൾ ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവാക്കി.

2021-22 സാമ്പത്തിക വർഷത്തിലെ ,ചുവടെ ചേർത്തിരിക്കുന്ന ഹെഡ്ഡുകളിലെ നീക്കിബാക്കി തുകകൾ 2022-23 വർഷത്തെ ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവായതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

(എ). 320700201 – Contributions For Joint Venture Projects (For Revenue Expenditure) – From Municipalities - 1,00,000 രൂപ

(ബി). 320700202 – Contributions For Joint Venture Projects (For Revenue Expenditure) – From Municipal Corporations – 50,000

(സി). 320700203 – Contributions For Joint Venture Projects (For Revenue Expenditure) – From Village Panchayats – 67,51,798

(ഡി). 320700403 – Contributions For Other Specific Purposes (For Revenue Expenditure) – From Village Panchayaths – 1,08,67,726

1-2 ബജറ്റ്

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 10.03.2022 തിയ്യതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം പാസ്സാക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| മുൻബാക്കി | 9,96,09,301 |
| പ്രതീക്ഷിത വരവ് | 186,65,70,500 |
| ആകെ | 196,61,79,801 |
| പ്രതീക്ഷിത ചെലവ് | 191,66,16,034 |

| | |
|---|---|
| നീക്കി ബാക്കി | 4,95,63,767 |

ബഡ്ജറ്റ് അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (1) പ്രകാരം തയ്യാറാക്കുന്ന ബജറ്റിൽ സബ്സെക്ഷൻ (3) പ്രകാരം പ്രതീക്ഷിക്കുന്ന വരവുകൾ കൃത്യവും വിപുലവുമായിരിക്കണം. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർഥവരവുചെലവുകളും തമ്മിലുണ്ടാകുന്ന ഭീമമായ വ്യത്യാസത്തെ കുറിച്ചും ആയത് പരിഹരിക്കുന്നതിനെ കുറിച്ചും പരാമർശിച്ചിരുന്നുവെങ്കിലും തൻവർഷവും അതേ അപാകത തുടരുകയാണ്. വിശാദാംശങ്ങൾ ചുവടെ.

| ഇനം | ബജറ്റ് പ്രകാരം | വാർഷികധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ്(മുന്നിരിപ്പ് ഒഴികെ) | 186,65,70,500 | 141,53,03,539 | 45,12,66,961 |
| ചെലവ് | 191,66,16,034 | 141,05,64,472 | 50,60,51,562 |

ജില്ലാ പഞ്ചായത്തിന് വിവിധയിനങ്ങളുടെ വിറ്റുവരവിനത്തിൽ 10കോടി രൂപ പ്രതീക്ഷിച്ചിരുന്നുവെങ്കിലും 2.62 കോടി രൂപ മാത്രമാണ് വരവുള്ളത്. തൻവർഷം ഹാളുകളുടെ വാടകയിനത്തിൽ പ്രതീക്ഷിച്ചിരുന്ന തുക 25,00,000 രൂപയായിരുന്നുവെങ്കിലും തൻവർഷം ലഭിച്ചത് 89,000 രൂപ മാത്രമാണ്.അതുപോലെ ഫോമുകളുടെ വിലയായി 2,00,00,000 രൂപ പ്രതീക്ഷിച്ചെങ്കിലും യഥാർഥത്തിൽ 1,28,544 രൂപ മാത്രമാണ് വരവുള്ളത്. ബജറ്റ് പ്രകാരം വരവിനങ്ങളിലെ തുകകൾ കണക്കാക്കുന്നതിന് മുൻവർഷങ്ങളിൽ അതേയിനത്തിലുണ്ടായ യഥാർഥ വരവ് തുക കൂടി കണക്കിലെടുത്തിരുന്നുവെങ്കിൽ ഇത്രയധികം വ്യത്യാസം ഉണ്ടാകുകയില്ലായിരുന്നു.

പ്രൊജക്ടുകളുടെ, പ്രത്യേകിച്ചും മരാമത്ത് പ്രവൃത്തി പ്രൊജക്ടുകളുടെ വർദ്ധിച്ച തോതിലുള്ള റിവിഷനുകൾ ഇവ തൻവർഷം പൂർത്തീകരിക്കുന്ന അവസ്ഥ ഇല്ലാതാക്കുകയും ചെലവ് തുകകളിൽ ഗണ്യമായ കുറവ് വരുന്നതിന് കാരണമാവുകയും ചെയ്യുന്നു. സ്ഥല പരിശോധന ഇല്ലാതെ മരാമത്ത് മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതും, പ്രവൃത്തി സ്ഥലം കൈമാറുന്നതിലുള്ള തർക്കത്തെ തുടർന്നുള്ള കാലതാമസവും, എൻ.ഒ.സി. ലഭ്യമാവേണ്ട പ്രവൃത്തി സ്ഥലങ്ങളുടെ കാര്യത്തിൽ അവ ലഭിക്കുന്നതിൽ വരുന്ന കാലതാമസവും, പ്രവൃത്തികളുടെ നിർവ്വഹണം നീണ്ടുപോവുന്നതിന് കാരണമാവുകയും ചെലവ് തുകയിലെ ഗണ്യമായ അന്തരത്തിന് കാരണമാവുകയും ചെയ്യുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10,13,78,924 |
| വരവ് | 141,53,03,539 |
| ആകെ | 151,66,82,463 |
| ചെലവ് | 141,05,64,472 |
| നീക്കിയിരിപ്പ് | 10,61,17,991 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ചെലവഴി ക്കാത്ത തുക/ നീക്കിബാക്കി | അടുത്ത വർഷം കാരി ഓവർ ചെയ്ത് ലഭിക്കുന്ന | ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | തുക * | |
| വികസന ഫണ്ട്, ജനറൽ | 0 | 34,73,17,000 | 34,73,17,000 | 27,26,76,721 | 7,46,40,279 | 6,94,63,400 | 51,76,879 |
| വികസന ഫണ്ട്, എസ്.സി.പി | 0 | 16,93,42,000 | 16,93,42,000 | 12,44,65,106 | 4,48,76,894 | 3,38,68,400 | 1,10,08,494 |
| വികസന ഫണ്ട്, ടി.എസ്.പി | 0 | 70,27,000 | 70,27,000 | 64,12,442 | 6,14,558 | 6,14,558 | 0 |
| മെയിന്റനൻസ് ഫണ്ട്, റോഡ് | 0 | 57,90,47,000 | 57,90,47,000 | 43,58,89,812 | 14,31,57,188 | 11,58,09,400 | 2,73,47,788 |
| മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് | 0 | 13,28,82,000 | 13,28,82,000 | 9,89,95,062 | 3,38,86,938 | 2,65,76,400 | 73,10,538 |
| കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്, സൗത്ത് ഇൻഡ്യൻ ബാങ്ക്) **/**** | 3,01,23,596 | 6,17,29,716 | 9,18,53,312 | 6,37,51,414 | 2,81,01,898 | --- | --- |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്, ട്രഷറി) *** | 90,54,471 | 0 | 90,54,471 | 52,57,787 | 37,96,684 | 37,96,684 | 0 |
| കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ്, സൗത്ത് ഇൻഡ്യൻ ബാങ്ക്)**** | 5,56,67,919 | 8,39,96,000 | 13,96,63,919 | 8,15,24,686 | 5,81,39,233 | --- | --- |
| കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് , ട്രഷറി) *** | 2,04,94,778 | 7,77,919 | 2,12,72,697 | 1,12,18,448 | 1,00,54,249 | 1,00,54,249 | 0 |
| സർവ്വ ശിക്ഷ അഭിയാൻ | 9,75,207 | 0 | 9,75,207 | 0 | 9,75,207 | --- | --- |
| രാഷ്ട്രീയ മാധ്യമിക് | 51,782 | 0 | 51,782 | 0 | 51,782 | --- | --- |

| | | | | | | | |
|---|---|---|---|---|---|---|---|
| ശിക്ഷ അഭിയാൻ | | | | | | | |
| തനത് ഫണ്ട് ( ട്രഷറി, LGTSB ) ******* | 17,19,743 | 29,27,38,850 | 29,44,58,593 | 29,44,58,593 | 0 | --- | --- |
| തനത് ഫണ്ട് (UBI) ****** | 1,26,14,379 | 19,85,498 | 1,45,99,877 | 40,68,826 | 1,05,31,051 | --- | --- |
| തനത് ഫണ്ട് (CSB)***** | 0 | 1,90,51,970 | 1,90,51,970 | 0 | 1,90,51,970 | --- | --- |
| തനത് ഫണ്ട് (ഡി.സി.ബി തൃക്കാക്കര) ****** | 35,972 | 0 | 35,972 | 35,972 | 0 | --- | --- |
| തനത് ഫണ്ട് (കേരള ബാങ്ക്)****** | 0 | 9,65,473 | 9,65,473 | 9,12,600 | 52,873 | --- | --- |
| കൊവിഡ് കെയർ (യു.ബി.ഐ) | 4,49,591 | 12,777 | 4,62,368 | 0 | 4,62,368 | --- | --- |
| ട്രഷറി (ന്യൂ സീരീസ്, ജോയിന്റ് വെഞ്ച്വർ) ******** | 16,000 | 2,30,500 | 2,46,500 | 2,46,500 | 0 | --- | 2,46,500 |

- * ധനകാര്യ (എസ്.എഫ്.സി.സെൽ -എ) വകുപ്പിന്റെ 15-07-2021 ലെ സ.ഉ(കൈ) നം.79/2021/ധന ഉത്തരവ് പ്രകാരം തൻവർഷത്തെ അലോട്ട്മെന്റിന്റെ പരമാവധി 20% തുകയാണ് കാരി ഓവറായി അടുത്ത വർഷം അനുവദിക്കുക.
- ഓഡിറ്റ് വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വരവും ചെലവും തനത് ഫണ്ട് ( ട്രഷറി, LGTSB ) എന്ന അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.
- ** കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്, ടൈഡ് എന്നീ ഗ്രാന്റുകൾക്ക് ഒരു ബാങ്ക് അക്കൗണ്ട് (സൗത്ത് ഇൻഡ്യൻ ബാങ്ക്) ആണ് ഉപയോഗിക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭിച്ച 57,32,716 രൂപ അൺടൈഡ് ഇനത്തിലെ വരവിൽ ചേർത്തിട്ടുണ്ട്.
- *** 2020-21 വർഷത്തെ കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുക ലഭ്യമായത് ട്രഷറി അക്കൗണ്ടിലായിരുന്നു. ആയതിന്റെ നീക്കിബാക്കി 31.03.2022 ൽ ട്രഷറി പിൻവലിച്ചത് 2022-23 ൽ ട്രഷറി അക്കൗണ്ടിൽ തന്നെയാണ് ലഭ്യമാക്കിയത്.
- **** എ.സി.ആർ പ്രകാരമുള്ള വരവും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും കണക്കാക്കുമ്പോൾ

കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്+ അൺടൈഡ്)തുകയുടെ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക കാണേണ്ടത് 8,62,41,131 രൂപയാണ്. എന്നാൽ അക്കൗണ്ടിൽ ഉള്ളത് 8,27,74,837 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

. ***** കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരുമാനത്തിനായി തനത് ഫണ്ട് (CSB) എന്ന ബാങ്ക് അക്കൗണ്ട് തുടങ്ങി.

. ******മുൻ വർഷത്തെ തനത് ഫണ്ട് (ഡി.സി.ബി തൃക്കാക്കര), എന്ന അക്കൗണ്ട് ക്ളോസ്സ് ചെയ്ത് തനത് ഫണ്ട് (കേരള ബാങ്ക്) എന്ന അക്കൗണ്ട് തുടങ്ങി.

. *******31.03.2023 ൽ ട്രഷറി (LGTSB) അക്കൗണ്ടിൽ നിന്ന് 23,98,93,930 രൂപ (10,16,952 + 9,11,721 + 23,74,57,203 + 5,08,054) ട്രഷറിയിലേക്ക് സർക്കാർ വകമാറ്റിയിട്ടുണ്ട്. ആയത് 04.04.2023 ൽ തിരികെ ലഭ്യമായിട്ടുണ്ട്.

. ********ട്രഷറി (ന്യൂ സീരീസ് ജോയിന്റ് വെഞ്ച്വർ) ലെ ബാലൻസ് തുകയായ 2,46,500 രൂപ 31.03.2023 ൽ ട്രഷറി പിൻവലിച്ചു. ആയത് ഇതുവരെ തിരികെ ലഭിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ( ലഭ്യമാക്കിയ സുലേഖ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | പ്രകാരം) | | | |
| 1,358 | 186,00,19,788 | 827 | *112,84,78,903 | 159 | 531 | 59.9% |

* എന്നാൽ യഥാർഥ ചെലവ് ഇതിൽ നിന്നും വ്യത്യസ്തമാണ്. പല പ്രൊജക്റ്റുകളുടേയും തനത് ഫണ്ട് പ്രകാരമുള്ള ചെലവു തുക സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | യഥാർഥ ചെലവ് | സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് |
|---|---|---|
| മാതൃക അടുക്കളത്തോട്ടം | 92,500 | 0 |
| വൈലോപ്പിള്ളി സ്മാരകം-മുളന്തുരുത്തി ഗവ.ഹയർ സെക്കൻഡറി സ്കൂൾ | 4,59,613 | 0 |
| ചിത്രശാല | 1,76,335 | 84,435 |
| നൈപുണ്യവികസനം | 59,520 | 30,760 |

ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കുന്നതിനുദ്ദേശിച്ച് 2022-23 വർഷത്തിൽ ആവിഷ്കരിച്ചതും എന്നാൽ നടപ്പാക്കാതെ പോയതുമായ പദ്ധതികളെ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

2022-23 വർഷം ആകെ പദ്ധതി അടങ്കൽ 186,00,19,788/- രൂപയാണ്. ഇത് വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി താഴെ പറയും പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. അവയുടെ ചെലവും ചെലവ് ശതമാനവും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ | ആകെ അടങ്കലിന്റെ ശതമാനം | ചെലവ് (ലഭ്യമാക്കിയ സുലേഖ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റ് പ്രകാരം ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 22,75,52,767 | 12.23 | 16,45,26,943 | 72.3 |
| 2 | ഡെ. ഡയറക്ടർ(കൃഷി) | 2,59,88,881 | 1.4 | 1,98,63,689 | 76.43 |
| 3 | സോയിൽ കൺസർവേഷൻ ഓഫീസർ | 10,00,000 | 0.05 | 59,671 | 5.97 |
| 4 | ഡെ.ഡയറക്ടർ (മൃഗസംരക്ഷണം) | 14,25,865 | 0.08 | 14,16,100 | 99.32 |
| 5 | ഹെഡ് മാസ്റ്റർ (ഗവ ഹൈസ്കൂൾ) | 1,24,50,000 | 0.67 | 1,20,36,070 | 96.68 |
| 6 | ഡെ.ഡയറക്ടർ(പൊതു വിദ്യാഭ്യാസം) | 1,99,99,670 | 1.08 | 1,61,25,423 | 80.63 |
| 7 | ജില്ലാ മിഷൻ കോ | 1,19,77,549 | 0.64 | 1,15,48,583 | 96.42 |

| | | | | | |
|---|---|---|---|---|---|
| | ഓർഡിനേറ്റർ (കുടുംബശ്രീ) | | | | |
| 8 | പട്ടികജാതി വികസന ഓഫീസർ | 4,58,25,893 | 2.46 | 4,35,84,123 | 95.11 |
| 9 | ഡെ.ഡയറക്ടർ(ക്ഷീര വികസനം) | 1,00,00,000 | 0.54 | 1,00,00,000 | 100 |
| 10 | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | 3,17,13,762 | 1.71 | 1,82,27,250 | 57.47 |
| 11 | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10,00,000 | 0.05 | 1,00,000 | 10 |
| 12 | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1,00,00,000 | 0.54 | 1,00,00,000 | 100 |
| 13 | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | 41,00,000 | 0.22 | 20,54,166 | 50.1 |
| 14 | മാനേജർ ജില്ലാ വ്യവസായകേന്ദ്രം | 1,16,15,250 | 0.62 | 21,98,351 | 18.93 |
| 15 | പ്രോജക്റ്റ് ഡയറക്ടർ (ദാരിദ്ര്യ നിർമ്മാർജ്ജനം) | 10,79,48,524 | 5.8 | 10,74,54,800 | 99.54 |
| 16 | സൂപ്രണ്ട് , ജില്ലാകൃഷിതോട്ടം (നേര്യമംഗലം) | 91,73,030 | 0.49 | 18,74,128 | 20.43 |
| 17 | ജില്ലാ ഓഫീസർ (സാമൂഹ്യ നീതി) | 3,69,97,500 | 1.99 | 3,40,55,881 | 92.05 |
| 18 | ജില്ലാ ഓഫീസർ (വനിതാ ശിശു വികസനം) | 20,35,413 | 0.11 | 4,22,766 | 20.77 |
| 19 | കൃഷി അസി ഡയറക്ടർ (വൈറ്റില കോക്കനട്ട് നഴ്സറി) | 45,42,163 | 0.24 | 24,05,213 | 52.95 |
| 20 | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 92,32,548 | 0.5 | 92,32,546 | 100 |
| 21 | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 68,00,000 | 0.37 | 68,00,000 | 100 |
| 22 | അസി. എൻജിനിയർ | 12,22,98,349 | 6.58 | 3,90,22,175 | 31.91 |
| 23 | അസി. എക്സി എൻജിനിയർ | 80,83,54,758 | 43.46 | 46,66,29,124 | 57.73 |
| 24 | എക്സി. എൻജിനിയർ | 27,15,30,699 | 14.6 | 10,30,78,797 | 37.96 |

| | | | | | |
|---|---|---|---|---|---|
| 25 | അസി. എക്സി എൻജിനിയർ(കൃഷി) | 1,86,23,664 | 1 | 73,71,175 | 39.58 |
| 26 | ഡെ. ഡയറക്ടർ (ഫിഷറീസ്) | 62,50,000 | 0.34 | 32,80,000 | 52.48 |
| 27 | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | 33,64,400 | 0.18 | 31,12,847 | 92.52 |
| 28 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം | 1,15,06,028 | 0.62 | 56,40,029 | 49.02 |
| 29 | സൂപ്രണ്ട്,ജില്ലാ ആശുപത്രി (അലോപ്പതി) | 2,67,13,075 | 1.44 | 2,63,59,053 | 98.67 |
| | | 186,00,19,788 | 100 | 112,84,78,903 | 60.67 |

2022-23 വർഷം ഉൽപ്പാദന മേഖലയിലെ ചെലവ് (ക്ഷീര വികസനം ഒഴികെ) അമ്പത് ശതമാനത്തിലും താഴെ ആയിരുന്നു എന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയ നിർമ്മാണ മേഖലയിൽ ചെലവ് അറുപത് ശതമാനം കടന്നിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

2022-23 വർഷം ഏറ്റവും കൂടുതൽ പദ്ധതി ആവിഷ്കരിക്കുന്നതും, നടപ്പിലാക്കുവാൻ ബാക്കിയുള്ളതും എൻജിനിയറിംഗ് വിഭാഗത്തിലാണ്. എക്സിക്യൂട്ടീവ് എൻജിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, അസിസ്റ്റന്റ് എൻജിനിയർ എന്നീ നിർവഹണോദ്യോഗസ്ഥർ യഥാക്രമം ഏറ്റെടുത്ത 178, 647, 178 പ്രോജക്ടുകളിൽ യഥാക്രമം 76, 459,73 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ സെക്രട്ടറി ഏറ്റെടുത്ത 150 പ്രോജക്ടുകളിൽ 91 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. മറ്റു ചില നിർവഹണ ഉദ്യോഗസ്ഥരുടെ നടപ്പിലാക്കുവാൻ ബാക്കി നിൽക്കുന്ന പ്രോജക്ടുകളുടെ വിവരം കൂടി ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ/ പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ടിനം |
|---|---|---|---|
| ഡെ. ഡയറക്ടർ (കൃഷി) | 1636- വൈറ്റില കോക്കനട്ട് നഴ്സറി -ലഭ്യമായ സ്ഥലം മണ്ണിട്ട് ഉയർത്തുന്നതിന് മണ്ണ് കൊണ്ടു വരുന്നതിനുള്ള ചെലവ് | 30,00,000/- | തനത് ഫണ്ട് |
| | 542- സമഗ്ര കാർഷിക വികസന പാക്കേജ്- കേരഗ്രാമം തെങ്ങുകൃഷി വികസനം | 30,00,000/- | തനത് ഫണ്ട് |
| | 473-സംയോജിത പൊക്കാളി കൃഷി, നെല്ല് താറാവ്,മത്സ്യം | 75,000/- | പൊതു വിഭാഗം സാധാരണ വിഹിതം |
| ഹെഡ് മാസ്റ്റർ- ഗവ. ഹൈസ്കൂൾ | 499- ജിഎച്ച്എസ് പൊയ്യ സ്കൂൾ ഓഫീസ് ചെലവ് | 1,50,000/- | മെ.ഗ്രാന്റ് (നോൺറോഡ്) |
| ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | 17-കാരുണ്യസ്പർശം- ഡയാലിസിസ് തുടർചികിത്സ(സംയുക്തം) | | മറ്റ്പഞ്ചായത്ത് വിഹിതം |

| | | | |
|---|---|---|---|
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 7- അപ്പാരൽ പാർക്ക്-വസ്ത്ര നിർമ്മാണ യൂണിറ്റ് | 6,15,250 | പൊതു വിഭാഗം സാധാരണ വിഹിതം |
| | 740- രാജശിൽപി-കളിമൺവ്യവസായ പ്രോത്സാഹനം | 10,00,000 | |
| സൂപ്രണ്ട്-ജില്ലാകൃഷിതോട്ടം നേര്യമംഗലം | 1507- കാഷ്വൽ തൊഴിലാളികൾക്ക് യൂണിഫോം | 4,34,700 | തനത് ഫണ്ട് |
| കൃഷി അസി. ഡയറക്ടർ തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രം, വൈറ്റില | 476- ഫാം നവീകരണം വൈറ്റില കോക്കനട്ട് നഴ്സറി | 4,29,760 | തനത് ഫണ്ട് |
| ജില്ലാ ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) | 1405- മാരിവില്ല്-ട്രാൻസ് ജെൻഡർ വിഭാഗത്തിനുള്ള പ്രത്യേക പരിപാടി | 5,00,000 | പൊതു വിഭാഗം സാധാരണ വിഹിതം |
| ജില്ലാ ഓഫീസർ വനിതാ ശിശുവികസനം | 801- സുരക്ഷിത- വനിതാ പോർട്ടൽ | 1,00,000 | തനത് ഫണ്ട് |

പ്രായോഗികത കണക്കിലെടുക്കാതെ ധാരാളം പദ്ധതികൾ രൂപീകരിക്കുന്നതിനാൽ, പിന്നീട് അവ നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നു. അതു വഴി സമയ നഷ്ടം, ഫണ്ട് വിനിയോഗം സാധ്യമാകാതിരിക്കൽ എന്നിവ സംഭവിക്കുന്നു. മറ്റ് ഗ്രാമപഞ്ചായത്തുകളുമായി ചേർന്നുള്ള സംയുക്ത പദ്ധതികളാണ് നടപ്പാക്കാതെ ഉപേക്ഷിച്ചവയിൽ ഏറെയും. പഞ്ചായത്തുകൾ ഈ പദ്ധതികൾക്കായി വളരെ കുറച്ചു തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ, ഇവ പ്രാദേശിക വികസനത്തിന് ആവശ്യമുള്ള പദ്ധതികൾ ആയിരുന്നോ എന്ന് സംശയം ഉളവാക്കുന്നു.

## 1-6 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും ആസ്തികൾ വാങ്ങുന്നതിനായി/നിർമ്മിക്കുന്നതിനായി തുക ചെലവഴിക്കുമ്പോൾ ആയതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്ങ്, മുറ്റം ടൈലിടൽ തുടങ്ങിയ കെട്ടിടം പ്രവർത്തനസജ്ജമാക്കുതിനാവശ്യമായ തുക മുഴുവനും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതും, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. പലപ്പോഴും കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിനുശേഷം, ഇലക്ട്രിഫിക്കേഷൻ മുതലായ അനുബന്ധപ്രവൃത്തികൾ, തുടർവർഷങ്ങളിൽ പൂർത്തിയാക്കാതെ, പിന്നീട് കുറച്ചു വർഷങ്ങൾക്കു ശേഷം പൂർത്തിയാക്കുന്നതായി കാണുന്നു.

പല പ്രോജക്ടുകളിലും കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പോലും പൂർത്തിയാകുന്നതിനു മുമ്പേ അവിടെ ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുകയും, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ

പൂർത്തിയാകാതിരിക്കുന്നതുമൂലം, ഉപകരണങ്ങൾ ഉപയോഗിക്കുവാൻ സാധിക്കാതെ പൊടി പിടിച്ച കിടക്കുകയും ചെയ്യുന്ന സ്ഥിതി സംജാതമാകുന്നു. ഖണ്ഡിക 1-31, 1-32 എന്നിവ കാണുക.

സർക്കാരിന്റെ മാർഗരേഖയിൽ നിർദ്ദേശിക്കും പ്രകാരം പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകൾ പലതും സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരണമായല്ല തയ്യാറാക്കുന്നത്. (ഖണ്ഡിക. 1-38 കാണുക)

2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നിർവഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ സീനിയർ അഗ്രികൾച്ചറൽ ഓഫീസർ(ഒക്കൽ സംസ്ഥാന വിത്തുത്പാദനകേന്ദ്രം), മാനേജർ(ജില്ലാ വ്യവസായ കേന്ദ്രം),ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ(കുടുംബശ്രീ) എന്നിവർ മറുപടി ലഭ്യമാക്കിയില്ല.

വനിതാപരിശീലനകേന്ദ്രങ്ങളുടെ നിർമ്മാണപ്രവൃത്തികൾ പോലുള്ള മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ തന്നെ അവിടെ നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു രൂപരേഖയും കൂടി പ്രോജക്ടിനോടൊപ്പം ചേർക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർമ്മാണപ്രവൃത്തി പൂർത്തിയായതിനുശേഷവും പ്രസ്തുത കെട്ടിടങ്ങൾ ഉപയുക്തമാകാത്ത സ്ഥിതി സംജാതമാകും.

മരാമത്ത് വേലകളുടെ റിടെൻഷൻ തുകകൾ തിരികെ നൽകുമ്പോൾ മരാമത്ത് വേലയുടെ പേര്, നമ്പർ, പാർട്ട്ബിൽ നമ്പർ, റിടെൻഷൻ തുക, കരാറുകാരന്റെ പേര്, തിരികെ നൽകിയ തുക, ചെക്ക് നമ്പർ, തീയതി തുടങ്ങിയ വിവരങ്ങൾ ഒരു രജിസ്റ്ററിൽ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സബ്സിഡി മാർഗരേഖയിൽ (സ.ഉ.(എം.എസ്)84/2022/ത.സ്വ.ഭ.വ 9.04.2022 -ന്റെ ഖണ്ഡിക 2.4(8) പ്രകാരം) ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം പരമാവധി കുറക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് ഇവിടെ പാലിക്കപ്പെടുന്നില്ല.

മേൽ സൂചിപ്പിച്ച വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2022 മുതൽ 23.01.2023 വരെ | 2021-22 | 29.09.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2022 മുതൽ 10.05.2022 വരെ | 2019-20,2020-21,2021-22 | 25.06.2022 |

## 1-8 ആലുവ സംസ്ഥാന വിത്തുൽപാദനകേന്ദ്രം-പ്രവർത്തനങ്ങൾ

ആലുവ സ്റ്റേറ്റ് സീഡ് ഫാം ഓർഗാനിക് വിത്തുൽപാദനരീതികളും, ഇന്റഗ്രേറ്റഡ് ഫാമിംഗ് കൃഷിരീതികളും നടപ്പാക്കുന്നുണ്ട്. കൂടാതെ നെല്ല്, അരി, തേങ്ങ എന്നിവയിൽ നിന്നുണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടേയും, വിവിധയിനം ജൈവവളങ്ങളുടേയും വിപണനം നേരിട്ടും, ആലുവ മെട്രോ സ്റ്റേഷനിലെ ഔട്ട്ലെറ്റ് വഴിയും, ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മുഖേനയും നടത്തുന്നുണ്ട്.

ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മുഖേന വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളുടെ വില കൃത്യമായി സ്ഥാപനത്തിന് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം സ്ഥാപനം ഏർപ്പെടുത്തിയിട്ടില്ല. ഇത്തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനും (രക്തശാലി പോലുള്ള അരിയുടെ പൊടി ,ചക്കപ്പൊടി, അവൽ എന്നിവ വിവിധമില്ലുകളിൽ കൊണ്ടുപോയി പൊടിപ്പിക്കുന്നത്, അച്ചാർ, ഹെയർ ഓയിൽ, താളിപ്പൊടി മുതലായവ തയ്യാറാക്കുന്നത്) ആയതിന്റെ പാക്കിംഗ്, കടത്തുകൂലി മുതലായ കാര്യങ്ങൾക്കും നല്ലൊരു തുക സ്ഥാപനത്തിന് ചെലവാകുന്നുണ്ട്. മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലെ ആയതിന്റെ കണക്കുകൾ പ്രത്യേകമായി സൂക്ഷിക്കുന്നില്ല.

സ്ഥാപനത്തിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനും, വിത്ത് വാങ്ങുന്നതിനും, ഓർഗാനിക് കൃഷിരീതികൾ പഠിക്കുന്നതിനും മറ്റുമായി സ്ഥാപനത്തിൽ പൊതുജനങ്ങൾ എത്തിച്ചേരുന്നതിനും പ്രയാസം നേരിടുന്നുണ്ട്. സ്ഥാപനത്തിന് ആവശ്യമുള്ള സാധനസാമഗ്രികൾ എത്തിക്കുന്നതിന് സുഗമമായ ഗതാഗത സംവിധാനങ്ങൾ നിലവിലില്ല. മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി സ്ഥാപനത്തിലെ ജീവനക്കാർക്കും, പുറത്തുനിന്നുള്ള ജനങ്ങൾക്കും ഇവിടെ എത്തിച്ചേരുന്നതിനുള്ള സുസ്ഥിരമായ ഒരു യാത്രാസംവിധാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് .

സംസ്ഥാന വിത്തുൽപാദനകേന്ദ്രം എന്ന പേര് അന്വർത്ഥമാക്കുന്ന രീതിയിൽ, നെല്ലുൾപ്പെടെയുള്ള വിളകളുടെ വിവിധയിനങ്ങൾ കൃഷി ചെയ്ത്, നല്ലയിനം വിത്തുകൾ ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള നടപടികൾക്കും, പ്രസ്തുത വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമാണ്, മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനേക്കാൾ പ്രാമുഖ്യം നൽകേണ്ടത് .

## 1-9 ഓൺ ലൈൻ വിൽപ്പനയിലെ അപാകതകൾ

ആലുവ വിത്തുത്പാദന കേന്ദ്രത്തിലെ ഉത്പ്പന്നങ്ങൾ, ഓഡിറ്റ് വർഷം മുതൽ ആമസോൺ, ഫ്ളിപ്പ് കാർട്ട് തുടങ്ങിയ ഓൺലൈൻ കമ്പനികളിലൂടെ വിൽപ്പന നടത്തുന്നുണ്ട്. ആയതിന്റെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). കുണപജല, വാം, വെർമിവാഷ്, പഞ്ചഗവ്യം, സരോമ എന്നീ ഉത്പ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും കുറവ് ചെയ്യുന്നില്ല.

(ബി). നാളിത് വരെ ഓൺലൈൻ വരവ് തുക, ഇൻവോയ്സ് രജിസ്റ്ററും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ റികൺസൈൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇൻവോയ്സ് രജിസ്റ്റർ പ്രകാരം 04.10.2023 വരെ 20,381 രൂപയുടെ ഉത്പ്പന്നങ്ങളാണ് വിൽപ്പന നടത്തിയത്. 17,233 രൂപയാണ് ബാങ്ക് പാസ്ബുക്ക് പ്രകാരം ലഭ്യമായത്. 3,148 രൂപയുടെ കുറവ് കാണുന്നു.

(സി). പിക്ക് അപ്പ് ചെയ്തതിന് ശേഷം കാൻസൽ ചെയ്യുന്ന ഉത്പ്പന്നങ്ങൾ തിരികെ ലഭ്യമായത് സംബന്ധിച്ചോ വീണ്ടും വിൽപ്പന നടത്തിയത് സംബന്ധിച്ചോ രേഖകളില്ല.

(ഉദാ: രക്തശാലി അരി, ഇൻവോയ്സ് തിയതി - 29.04.2023, പിക്ക് അപ്പ് തിയതി - 02.05.2023, തുക – 168 രൂപ)

മേൽ അപാകതകൾ സൂചിപ്പിച്ച് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.-28/09.10.2023) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് തെളിവ് സഹിതം വിശദീകരണം നൽകേണ്ടതാണ്.

## 1-10 ആലുവ മെട്രോ സ്റ്റേഷൻ ഔട്ട് ലെറ്റിലെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ

അപാകത

ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിൽ നിന്ന് ഉത്പന്നങ്ങൾ ആലുവ മെട്രോ സ്റ്റേഷൻ ഔട്ട് ലെറ്റിലൂടെ വിൽപ്പന നടത്തുണ്ട്. എന്നാൽ സ്ഥാപനത്തിന്റെയും മെട്രോ സ്റ്റേഷൻ ഔട്ട് ലെറ്റിന്റെയും സ്റ്റോക്ക് രജിസ്റ്ററുകളിൽ ചില അപാകതകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ). ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ വിത്തുത്പാദന കേന്ദ്രത്തിലെ മെട്രോ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പ്രകാരം മെട്രോ ഔട്ട് ലെറ്റിൽ നൽകിയിട്ടുണ്ട്. എന്നാൽ മെട്രോ ഔട്ട് ലെറ്റിലെ സബ്സിഡിയറി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിൽപ്പന നടത്തിയതായി ചേർത്തിട്ടില്ല.

| ക്രമ നം. | ഇനം | മെട്രോ ഔട്ട് ലെറ്റിന് നൽകിയ തിയതി | അളവ് |
|---|---|---|---|
| 1 | രക്തശാലി പുട്ട്പൊടി | 09.06.2023 | രേഖപ്പെടുത്തിയിട്ടില്ല. |
| 2 | വെള്ളത്തൊണ്ടി അരി | 15.06.2023 | 15 പാക്കറ്റ് |

(ബി). ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ മെട്രോ ഔട്ട് ലെറ്റിലെ സബ്സിഡിയറി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിൽപ്പന നടത്തിയതായി കാണുന്നു. എന്നാൽ വിത്തുത്പാദന കേന്ദ്രത്തിലെ മെട്രോ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിൽ നിന്ന് മെട്രോ ഔട്ട് ലെറ്റിന് നൽകിയതായി ചേർത്തിട്ടില്ല.

| ക്രമ നം. | ഇനം | മെട്രോ ഔട്ട് ലെറ്റിൽ ലഭിച്ച തിയതി | അളവ് |
|---|---|---|---|
| 1 | രക്തശാലി അവൽ | 02.05.2023 | 1 പാക്കറ്റ് |
| 2 | പൊക്കാളി അവൽ | ,, | ,, |
| 3 | ജപ്പാൻ വയലറ്റ് അരി | ,, | ,, |
| 4 | പിക്കിൾ | 27.04.2023 | 9 കുപ്പി |
| 5 | ,, | 04.05.2023 | 6 കുപ്പി |
| 6 | ചിയ സീഡ് | 02.05.2023 | 1 പാക്കറ്റ് |
| 7 | പ്രത്യാശ പുട്ട് പൊടി | 27.06.2023 | 3 പാക്കറ്റ് |
| 8 | എക്സ്പ്ളോഡ് | 28.04.2023 | 6 കുപ്പി |
| 9 | വാം | 02.05.2023 | 1 പാക്കറ്റ് |
| 10 | പഞ്ചഗവ്യം | 28.04.2023 | 6 കുപ്പി |

| | | | |
|---|---|---|---|
| 11 | കുണപജല | ,, | 6 കുപ്പി |
| 12 | അമിനോഫിഷ് | ,, | 6 കുപ്പി |

(സി). ഓഡിറ്റ് പരിശോധന സമയത്ത് (ഒക്ടോബർ - 2023) മെട്രോ ഔട്ട് ലെറ്റിലെ സ്റ്റോക്ക് രജിസ്റ്റർ 30.06.2023 വരെ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകൾ സൂചിപ്പിച്ച് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.-28/09.10.2023) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കുക.

## 1-11 ആലുവ വിത്തുത്പാദന കേന്ദ്രത്തിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ അപാകത

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന വിത്തുത്പാദന കേന്ദ്രം, ആലുവയിലെ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ വിവിധ സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളിൽ അപാകതകൾ കണ്ടെത്തി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1). ഓർഗാനിക് ഫോർമുലേഷൻസ് & വാം രജിസ്റ്റർ – വോള്യം - 3 എന്ന രജിസ്റ്ററിൽ ഉത്പന്നങ്ങളുടെ ഓപ്പണിംഗ് സ്റ്റോക്ക്, ബാലൻസ് എന്നിവ ചേർക്കുന്നില്ല. വിൽപ്പനയുടെ വിവരങ്ങൾ മാത്രമാണ് ചേർക്കുന്നത്.

(2). ഓർഗാനിക് ഫാം പ്രൊഡ്യൂസ് രജിസ്റ്റർ - വോള്യം - 3 എന്ന രജിസ്റ്ററിൽ വിൽപ്പനയുടെ വിവരങ്ങൾ പൂർണ്ണമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്പന്നം | തിയതി | ബാലൻസ് |
|---|---|---|---|
| 1 | വെളിച്ചെണ്ണ | 19.10.2022 | 3.1 ലി. |
| 2 | മഞ്ഞൾപ്പൊടി | 05.04.2022 | 710 ഗ്രാം |
| 3 | താറാവ് മുട്ട | 14.02.2023 | 5 എണ്ണം |
| 4 | കോഴിമുട്ട | 21.02.2023 | 20 എണ്ണം |

പട്ടികയിൽ സൂചിപ്പിച്ച ബാലൻസിന്റെ വിതരണം ഓഡിറ്റ് തിയതി വരെ ചേർത്തിട്ടില്ല.

(3). പി.എം.ആർ - വോള്യം - 1 എന്ന രജിസ്റ്ററിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A. വള്ളിപയർ വിത്ത് (Cowpea Long Seed) 07.06.2022 ൽ 9 Kg ബാലൻസ് കാണുന്നു. പിന്നീട് ഓഡിറ്റ് തിയതി വരെ ആയതിന്റെ വിതരണ വിവരം ചേർത്തിട്ടില്ല.

B. Coconut Seedlings 11.04.2022 ൽ ബിൽ നം.183040 പ്രകാരം Coconut Devolopement Board ൽ നിന്ന് വരവ് ലഭിച്ചു എന്ന് ചേർത്തിട്ടുണ്ട്. എത്ര എണ്ണം ലഭിച്ചു എന്നതും ആയതിന്റെ വിതരണ വിവരങ്ങളും ചേർത്തിട്ടില്ല.

C. Brinjal Seed 22.11.2022 ലെ ബാലൻസ് 110 ഗ്രാം ആണെന്ന് മേൽ രജിസ്റ്ററിൽ കാണുന്നു. എന്നാൽ പിന്നീട് 11.01.2023 ൽ 400 ഗ്രാം വിൽപ്പന നടത്തിയതായി കാണുന്നു. കൂടാതെ പിന്നീടുള്ള പല ദിവസങ്ങളിലും 5, 5, 10, 5, 10, 10, 4, 10, 15, 10, 10 എന്നിങ്ങനെ 94 ഗ്രാം വിൽപ്പന നടത്തിയിരുന്നു. ഈ 94 ഗ്രാം വഴുതന വിത്തിന് ഗ്രാമിന് 2 രൂപ നിരക്കിൽ (ഉദാഹരണം-5ഗ്രാമിന് 10 രൂപ, നിരക്കിൽ) ആണ് വിൽപന നടത്തിയിരിക്കുന്നത്. ഇതനുസരിച്ച് 11.01.2023 ൽ വിൽപ്പന നടത്തിയ 400 ഗ്രാം വഴുതന വിത്തിന് 800 രൂപ ലഭിക്കേണ്ടതാണെങ്കിലും രസീത് പ്രകാരം 19 രൂപ മാത്രമാണ് ലഭിച്ചത്. (രസീത് നം. 12/5461).

D. ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ കൃഷിത്തോട്ടത്തിൽ ലഭ്യമായതായി മേൽ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. Issued To Farm Use എന്നാണ് പിന്നീട് രജിസ്റ്ററിൽ ചേർത്തത്. ഇങ്ങനെ ചേർത്ത ഇനങ്ങളുടെ ഉത്പ്പന്നങ്ങൾ, വിത്തുകൾ എന്നിവ ലഭ്യമായതായോ മുളപ്പിച്ച് തൈകളായി വിറ്റതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം. | ഉത്പ്പന്നം | ലഭിച്ച അളവ് | തിയതി |
|---|---|---|---|
| 1 | Carrot Seedlings | 70nos | 20.09.2022 |
| 2 | Beetroot Seedlings | 58 Nos | ,, |
| 3 | Cabbage Seedlings | 90 Nos | ,, |
| 4 | Capsicum Seedlings | 96 Nos | ,, |
| 5 | Cauliflower Seedlings | 90 Nos | ,, |
| 6 | Bhindi Hybrid Seed | 1 പാക്കറ്റ് | 11.10.2022 |
| 7 | ,, | 200 Nos | 01.11.2022 |
| 8 | Mariegold Vanila | 1 പാക്കറ്റ് | ,, |
| 9 | Bhasthi Varsha | 1 പാക്കറ്റ് | ,, |
| 10 | Tomoto Sagar | 1 പാക്കറ്റ് | ,, |
| 11 | Radish Hybrid Seed | അളവ് ചേർത്തിട്ടില്ല. | ,, |
| 12 | Cauliflower Seed | 2 പാക്കറ്റ് | 12.10.2022 |
| 13 | Bitter Gourd | 5 പാക്കറ്റ് | ,, |
| 14 | Beetroute Seed | 1 പാക്കറ്റ് | ,, |
| 15 | Cabbage Seed | 1 പാക്കറ്റ് | ,, |
| 16 | Gooseberry | 1000nos | ,, |
| 17 | Sugar Apple Seedlings | 1000nos | ,, |
| 18 | ,, | 2000nos | 05.12.2022 |
| 19 | Pappaya Seed | 100nos | 01.11.2022 |
| 20 | Red Lady | 30 | 11.02.2022 |
| 21 | Violet Brinjal | 180 Nos | ,, |
| 22 | Guava Seedlings | 1000 Nos | 03.03.2023 |

| | | | |
|---|---|---|---|
| 23 | Pomegranate Seedlings | 750 Nos | ,, |
| 24 | Nelli Seedlings | 250 Nos | ,, |
| 25 | Arinelli Seedlings | 750 N0s | ,, |
| 26 | Lemon Seedlings | 300 Nos | , |
| 27 | Sugar Apple | 500 Nos | ,, |
| 28 | ,, | 500 Nos | 04.03.2023 |
| 29 | Guava Seedlings | 1000 Nos | ,, |
| 30 | Arinelli Seedlings | 750 Nos | ,, |
| 31 | Pomegranate Seedlings | 750 Nos | ,, |
| 32 | Lemon Seedlings | 300 Nos | ,, |
| 33 | Nelli Seedlings | 250 Nos | ,, |

(4). എക്സ്പെൻഡബിൾ സ്റ്റോക്ക് രജിസ്റ്റർ - വോള്യം - 18 എന്ന രജിസ്റ്റർ പ്രകാരം 10.07.2023 ൽ 15 ലിറ്റർ പെട്രോൾ ലഭിച്ചു. Issued For Brush Cutter & Sprayer എന്നതിലേക്കായി 13.07.2023, 14.07.2023, 15.07.2023 എന്നീ തിയതികളിൽ ചെലവ് ചേർത്തിട്ടുണ്ട്. ചെലവ് അളവോ ബാലൻസോ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.-28/09.10.2023) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ മുകളിൽ സൂചിപ്പിച്ച എല്ലാ രജിസ്റ്ററുകളും കൃത്യമായി കാലികമാക്കി തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-12 ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രം-പി.ഒ.എസ് രജിസ്റ്ററിലെയും ബാങ്ക് അക്കൗണ്ടിലെയും തുകകളിൽ വ്യത്യാസം കാണുന്നു.

(എ). 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിന്റെ, രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ, സ്ഥാപനത്തിന് ഓൺലൈൻ ആയി ലഭിച്ചതായി പി.ഒ.എസ് രജിസ്റ്ററിൽ കാണുന്ന ചില തുകകൾ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തിയതി | വൗച്ചർ നം. (പി.ഒ.എസ് രജിസ്റ്റർ) | ലഭിച്ച ഓൺലൈൻ തുക. |
|---|---|---|---|
| 1 | 29.04.2023 | SSFO/675 /23-24 | 163 |
| 2 | 22.05.2023 | SSFOB/23 | 54 |

| | | | |
|---|---|---|---|
| | | /23-24 | |
| ആകെ | | | 217 രൂപ |

(ബി). ചില ദിവസങ്ങളിലെ പി.ഒ.എസ് രജിസ്റ്റർ പ്രകാരം ഓൺലൈനായി ലഭിച്ച ആകെ തുകയും ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ ആകെ ഓൺലൈൻ തുകയും തമ്മിൽ വ്യത്യാസം കാണുന്നു. ഈ ഇനത്തിൽ 668 രൂപ സ്ഥാപനത്തിൽ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തിയതി | ലഭിച്ച ഓൺലൈൻ തുക (പി.ഒ.എസ് രജിസ്റ്റർ പ്രകാരം) | ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ തുക | വ്യത്യാസം |
|---|---|---|---|---|
| 1 | 23.05.2023 | 3,054 | 2,983 (2,819+164) | (-) 71 |
| 2 | 25.05.2023 | 716 | 728 | (+) 12 |
| 3 | 21.06.2023 | 422 | 297 | (-)125 |
| 4 | 01.07.2023 | 1,179 | 1,334 (615+719) | (+) 155 |
| 5 | 24.07.2023 | 665 | 540 | (-) 125 |
| 6 | 21.08.2023 | 7,970 | 7,845 (2,865+4,980) | (-) 125 |
| 7 | 08.09.2023 | 1,343 | 874 | (-) 469 |
| 8 | 14.09.2023 | 1,711 | 1,791 (1,576+215) | (+) 80 |
| ആകെ | | | | 668 |

(സി). 11.09.2023 ലെ പി.ഒ.എസ് രജിസ്റ്ററിലെ അവസാനത്തെ വൗച്ചർ നം. SSFO/3535/23-24 ആണ്. എന്നാൽ 12.09.2023 ലെ ആദ്യത്തെ വൗച്ചർ നം. SSFO/3533/23-24 ആണെന്ന് കാണുന്നു.

മേൽ അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-34/17.10.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കുക.

### 1-13 സംസ്ഥാന വിത്തുത്പാദന കേന്ദ്രം -ഒക്കൽ - കൃഷിഭവനുകളിൽ നിന്ന് തുക ലഭ്യമായില്ല.

ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിലെ ഇൻവോയ്സ് രജിസ്റ്റർ പ്രകാരം, വിവിധ കൃഷി ഭവനുകളിൽ നിന്നും കിട്ടേണ്ടതായ ചുവടെ ചേർത്തിരിക്കുന്ന തുകകൾ ഇതുവരെ ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | തിയതി | സ്ഥാപനം | ഇനം | ഇൻവോയ്സ് നം. | ലഭ്യമാകാനുള്ള തുക |
|---|---|---|---|---|---|
| 1 | 22.09.2022 | കൃഷിഭവൻ, കുവപ്പടി | നെൽ വിത്ത് | OF/37/22-23 | 16,000 |
| 2 | 01.10.2022 | കൃഷിഭവൻ, ഐക്കരനാട് | ടി.സി.ബനാന | OF/40/22-23 | 3,000 |

| | | | | | |
|---|---|---|---|---|---|
| 3 | 01.10.2022 | കൃഷിഭവൻ, കുന്നത്ത് നാട് | ,, | OF/41/22-23 | 3,000 |
| 4 | 01.10.2022 | കൃഷിഭവൻ, മഴുവന്നൂർ | ,, | OF/42/22-23 | 3,000 |
| 5 | 01.10.2022 | കൃഷിഭവൻ, പൂതൃക്ക | ,, | OF/43/22-23 | 3,000 |
| 6 | 01.10.2022 | കൃഷിഭവൻ, തിരുവാണിയൂർ | ,, | OF/44/22-23 | 3,000 |
| 7 | 01.10.2022 | കൃഷിഭവൻ, പുത്തൻ കുരിശ് | ,, | OF/45/22-23 | 3,000 |
| 8 | 10.11.2022 | കൃഷിഭവൻ, പാലക്കുഴ | ,, | OF/64/22-23 | 3,000 |
| 9 | 10.11.2022 | കൃഷിഭവൻ, കൂത്താട്ടുകുളം | ,, | OF/65/22-23 | 3,000 |
| 10 | 10.11.2022 | കൃഷിഭവൻ, ഇലഞ്ഞി | ,, | OF/66/22-23 | 3,000 |
| 11 | 10.11.2022 | കൃഷിഭവൻ, പിറവം | ,, | OF/67/22-23 | 3,000 |
| 12 | 10.11.2022 | കൃഷിഭവൻ, രാമമംഗലം | ,, | OF/68/22-23 | 3,000 |
| 13 | 10.11.2022 | കൃഷിഭവൻ, തിരുമാറാടി | ,, | OF/69/22-23 | 3,000 |
| 14 | 10.11.2022 | കൃഷിഭവൻ, പാമ്പാക്കട | ,, | OF/70/22-23 | 3,000 |
| 15 | 19.11.2022 | കൃഷിഭവൻ, ചെങ്ങമനാട് | ,, | OF/71/22-23 | 4,000 |
| 16 | 19.11.2022 | കൃഷിഭവൻ, കുന്നുകര | ,, | OF/72/22-23 | 3,000 |
| 17 | 19.11.2022 | കൃഷിഭവൻ, പാറക്കടവ് | ,, | OF/73/22-23 | 3,000 |
| 18 | 19.11.2022 | കൃഷിഭവൻ, നെടുമ്പാശ്ശേരി | ,, | OF/74/22-23 | 3,000 |
| 19 | 19.11.2022 | കൃഷിഭവൻ, പുത്തൻവേലിക്കര | ,, | OF/75/22-23 | 3,000 |
| 20 | 19.11.2022 | കൃഷിഭവൻ, ശ്രീമൂല നഗരം | ,, | OF/76/22-23 | 3,000 |
| 21 | 24.01.2023 | എ.ഡി.എ, പൂതൃക്ക | Assorted Seed Kit | OF/77/22-23 | 50,000 |
| ആകെ | | | | | 1,24,000 |

മേൽ അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-34/17.10.2023) മറുപടി

ലഭ്യമാക്കിയില്ല. കൃഷിഭവനകളിൽ നിന്ന് തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

1-14 ഒക്കൽ - സംസ്ഥാന വിത്തുത്പാദന കേന്ദ്രം - വരവ് തുകകളിൽ വ്യക്തതയില്ല.

(എ). ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമായ ചുവടെ ചേർത്തിരിക്കുന്ന തുകകൾ ഏതിനത്തിൽ ലഭ്യമായതാണെന്ന് വ്യക്തതയില്ല.

| ക്രമ നം. | ലഭ്യമായ തിയതി | ലഭ്യമായ തുക |
|---|---|---|
| 1 | 21.04.2022 | 4,000 |
| 2 | 18.05.2022 | 90 |
| 3 | 16.06.2022 | 15,000 |
| 4 | 16.07.2022 | 2,500 |
| ആകെ | | 21,590 |

(ബി). ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്ന ചുവടെ ചേർത്തിരിക്കുന്ന തുകകൾ സ്ഥാപനത്തിലെ ODR രജിസ്റ്ററിൽ വരവായി ചേർത്ത് ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം. | തിയതി | വരവായി ലഭിച്ച തുക |
|---|---|---|
| 1 | 29.04.2023 | 713 |
| 2 | 08.05.2023 | 150 |
| 3 | 21.07.2023 | 180 |
| ആകെ | | 1043 |

മേൽ അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-34/17.10.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച്, രേഖകൾ തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കുക.

1-15 ഒക്കൽ സ്റ്റേറ്റ് സീഡ് ഫാം നവീകരണം-(നം.167/23)-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ഒക്കൽ സീഡ് ഫാമിലെ സീനിയർഅഗ്രികൾച്ചർ ഓഫീസർ നിർവഹണം നടത്തിയ ഒക്കൽ സ്റ്റേറ്റ് സീഡ് ഫാം നവീകരണം-(നം.167/23) എന്ന പ്രൊജക്റ്റ് പ്രകാരം ₹48190 ചെലവഴിച്ച് ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ

വാങ്ങിയിട്ടുണ്ട് (ചെക്ക് നം.629181/18.10.2022). എന്നാൽ വാങ്ങൽ നടപടി സി.പി.സി.ആർ.എസ് പോർട്ടൽ വഴി നടത്തണമെന്ന് സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും, അപ്രകാരമല്ല വാങ്ങൽ നടത്തിയിരിക്കുന്നത്. (കെ.എം.ടെക്നോളജീസ്,കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു). കൂടാതെ സോളാർ പാനൽ ₹98000/- (ചെക്ക് നം.6740632/24.02.2023) ചെലവഴിച്ച് സ്മം ഏജൻസീസിൽ നിന്നും വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. തന്നെയുമല്ല പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയിട്ടുമില്ല. മേൽ അപാകങ്ങൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് ഓഡിറ്റ് അന്വേഷണം(നം.38/18.10.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുകയായ ₹1,46,190/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഒക്കൽ സംസ്ഥാന വിത്തുൽപാദനകേന്ദ്രം- പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ പൂർണ്ണമല്ല

2022-23-ൽ ഒക്കൽ സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ നടപ്പിലാക്കിയ ചില പ്രോജക്ടുകളുടെ ചെലവുവിവരങ്ങൾ പൂർണ്ണമായും ഫയലിൽ നിന്നും ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ /ഫണ്ടിനം | റിമാർക്സ് |
|---|---|---|
| ഒക്കൽ സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിൽ കാർബൺ ന്യൂട്രൽ കൃഷി എസ്.0517/23 | 4,00,000 തനത് ഫണ്ട് | 1)സുലേഖ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റ് പ്രകാരം ₹1,83,050 ചെലവുണ്ട്. എന്നാൽ ഫയലിൽ ₹2,18,105/-രൂപയുടെ ചെലവുവിവരങ്ങൾ ആണ് ചേർത്തിട്ടുള്ളത്.<br>2)ചെക്ക് നം. 2633341/29.03.2023-പ്രകാരം ജില്ലാ പഞ്ചായത്ത് സ്ഥാപനത്തിന് കൈമാറിയ ചെലവുതുകയായ ₹35,055/-ൽ, ₹2,455/-ന്റെ ചെലവുവിവരങ്ങൾ ബാങ്ക് പാസ്ബുക്കിൽ നിന്നും ലഭ്യമായില്ല. ചെക്ക് നമ്പർ 6740632/24.02.2023 പ്രകാരം ജില്ലാ പഞ്ചായത്ത് സ്ഥാപനത്തിന് നൽകിയ ₹58,550-/ൽ, ₹7,500/-ന്റെ ചെലവുവിവരവും ബാങ്ക് പാസ്ബുക്കിൽ നിന്നും ലഭ്യമായില്ല.<br>3)പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. |

| | | |
|---|---|---|
| മാതൃക അടുക്കളത്തോട്ടം എസ്.0166/23 | 1,00,000 തനത് ഫണ്ട് | 1)സുലേഖ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവില്ല. എന്നാൽ ബാങ്ക് ബുക്കിൽ ചെക്ക് നമ്പർ 6740673/15.03.2023 പ്രകാരം ഈയിനത്തിൽ ₹92,500 ചെലവുണ്ട്.<br>2)കിച്ചൻ ഗാർഡൻ സെറ്റിംഗിനായി KAICO യിൽ നിന്നും ₹92,500( NO.E-445/22-23/03.03.2023) ബിൽ ലഭിച്ചിട്ടുണ്ടെങ്കിലും KAICO യ്ക്ക് തുക നൽകിയതിന്റെ വിവരങ്ങൾ ബാങ്ക് പാസ്ബുക്കിൽ ഇല്ല.<br>3)പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. |
| ഒക്കൽ ഫാമിൽ അലങ്കാര സസ്യങ്ങളുടെ നഴ്സറി പദ്ധതി എസ്.0510/23 | 3,00,000 തനത് ഫണ്ട് | 1)സുലേഖ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റ് പ്രകാരം ₹2,74,585 ചെലവുണ്ട്. എന്നാൽ ഫയൽ പ്രകാരം ₹3,00,000 ചെലവ് വിവരങ്ങളാണുള്ളത്.<br>2)പ്രൊജക്ടിന്റെ നടത്തിപ്പിനായി ₹18,210/- (ചെക്ക് നമ്പർ 6740632/24.02.2023) ജില്ലാ പഞ്ചായത്ത്, സ്ഥാപനത്തിന് നൽകിയതിൽ ₹16,800/- ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ഇല്ല. ₹1,44,520 ന് ചെടികളുടെ ഡിസ്പ്ലേ സ്റ്റാന്റ് KAICOയിൽ നിന്നും വാങ്ങിയതായും തുക ചെലവഴിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും , സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും KAICOയിലേക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>3)പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. |

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(38/18.10.2023) മറുപടി ലഭ്യമാക്കിയില്ല. സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവു തുകയും ഫയൽ പ്രകാരമുള്ള ചെലവു തുകയും വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും, ഓഡിറ്റ് അന്വേഷണം പ്രകാരം ശ്രദ്ധയിൽപെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-17 വൈറ്റില നാളികേര നഴ്സറി -കൃഷിഭവനകളിൽ നിന്ന് തുക ലഭ്യമായില്ല.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വൈറ്റില നാളികേര നഴ്സറിയിൽ നടത്തിയ പരിശോധനയിൽ, നഴ്സറിയിൽ നിന്ന് ഓഡിറ്റ് വർഷം വിപണനം നടത്തിയ ഉത്പന്നങ്ങൾക്ക് കൃഷിഭവനകളിൽ നിന്നും തുക ലഭ്യമായതായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തി. ചില കൃഷിഭവനകളിൽ നിന്നും ഭാഗികമായി മാത്രമാണ് തുക ലഭ്യമാക്കിയിട്ടുള്ളത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇൻവോയ്സ് നം. | ഇനം | ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കൃഷി ഭവൻ, കോട്ടുവള്ളി | CN38/22-23 | WCTനാളികേര വിത്ത് | 52,800 | 0 | 52,800 |
| 2 | കൃഷി ഭവൻ, ചേന്ദമംഗലം | CN39/22-23 | „ | 43,200 | 0 | 43,200 |
| 3 | കൃഷി ഭവൻ, വടക്കേക്കര | CN40/22-23 | „ | 48,000 | 0 | 48,000 |
| 4 | കൃഷി ഭവൻ, ചിറ്റാറ്റുകര | CN41/22-23 | „ | 43,200 | 0 | 43,200 |
| 5 | കൃഷി ഭവൻ, ഏഴിക്കര | CN42/22-23 | „ | 33,600 | 0 | 33,600 |
| 6 | കൃഷി ഭവൻ, വടക്കൻ പറവൂർ | CN43/22-23 | „ | 69,600 | 0 | 69,600 |

| | | | | | | |
|---|---|---|---|---|---|---|
| 7 | കൃഷി ഭവൻ, കടുങ്ങല്ലൂർ | CN44/22-23 | WCT,ഹൈബ്രിഡ്,ഡ്വാർഫ്, നാളികേര വിത്ത് | 1,24,750 | 0 | 1,24,750 |
| 8 | കൃഷി ഭവൻ, കരുമാല്ലൂർ | CN45/22-23 | ,, | 1,20,000 | 0 | 1,20,000 |
| 9 | കൃഷി ഭവൻ, ആലങ്ങാട് | CN46/22-23 | ,, | 1,24,750 | 0 | 1,24,750 |
| 10 | കൃഷി ഭവൻ, വരാപ്പുഴ | CN47/22-23 | ,, | 76,000 | 0 | 76,000 |
| 11 | കൃഷി ഭവൻ, ഏലൂർ | CN48/22-23 | ,, | 1,47,250 | 10,000 | 1,37,250 |
| 12 | കൃഷി ഭവൻ, ചെല്ലാനം | CN50/22-23 | ,, | 79,750 | 0 | 79,750 |
| 13 | കൃഷി ഭവൻ, ചെല്ലാനം | CN51/22-23 | ,, | 60,750 | 0 | 60,750 |
| 14 | കൃഷി ഭവൻ, കുമ്പളം | CN52/22-23 | ,, | 85,000 | 64,125 | 20,875 |
| 15 | കൃഷി ഭവൻ, മരട് | CN53/22-23 | ,, | 1,56,750 | 39,187 | 1,17,563 |
| 16 | കൃഷി ഭവൻ, തൃപ്പൂണിത്തുറ | CN54/22-23 | WCTനാളികേര വിത്ത് | 49,800 | 0 | 49,800 |
| 17 | കൃഷി ഭവൻ, കൊച്ചി | CN55/22-23 | WCT,ഹൈബ്രിഡ്,ഡ്വാർഫ്, നാളികേര വിത്ത് | 2,24,800 | 0 | 2,24,800 |
| 18 | കൃഷി ഭവൻ, തിരുവാങ്കുളം | CN56/22-23 | ,, | 1,01,750 | 0 | 1,01,750 |
| 19 | കൃഷി ഭവൻ, പള്ളിപ്പുറം | CN57/22-23 | WCTനാളികേര വിത്ത് | 55,200 | 0 | 55,200 |
| 20 | കൃഷി ഭവൻ, കുഴുപ്പിള്ളി | CN58/22-23 | ,, | 31,200 | 0 | 31,200 |
| 21 | കൃഷി ഭവൻ, എടവനക്കാട് | CN59/22-23 | ,, | 36,000 | 0 | 36,000 |
| 22 | കൃഷി ഭവൻ, നായരമ്പലം | CN60/22-23 | ,, | 38,400 | 0 | 38,400 |
| 23 | കൃഷി ഭവൻ, ഞാറയ്ക്കൽ | CN61/22-23 | ,, | 38,400 | 0 | 38,400 |
| 24 | കൃഷി ഭവൻ, മുളന്തുരുത്തി | CN62/22-23 | WCT,ഹൈബ്രിഡ് നാളികേര വിത്ത് | 1,07,300 | 0 | 1,07,300 |

| | | | | | | |
|---|---|---|---|---|---|---|
| 25 | കൃഷി ഭവൻ, ഉദയംപേരൂർ | CN63/22-23 | ,, | 1,31,550 | 0 | 1,31,550 |
| 26 | കൃഷിഭവൻ, എടയ്ക്കാട്ട് വയൽ | CN64/22-23 | ഹൈബ്രിഡ് നാളികേര വിത്ത് | 22,500 | 0 | 22,500 |
| 27 | കൃഷി ഭവൻ, ആമ്പല്ലൂർ | CN65/22-23 | ,, | 22,500 | 0 | 22,500 |
| 28 | കൃഷി ഭവൻ, മണീട് | CN66/22-23 | ,, | 15,000 | 0 | 15,000 |
| 29 | കൃഷി ഭവൻ, ചോറ്റാനിക്കര | CN67/22-23 | ,, | 20,000 | 0 | 20,000 |
| 30 | കൃഷി ഭവൻ, എളങ്കുന്നപ്പുഴ | CN70/22-23 | പച്ചക്കറി വിത്തുകൾ | 12,500 | 0 | 12,500 |
| 31 | കൃഷി ഭവൻ, മരട് | CN71/22-23 | ,, | 21,250 | 0 | 21,250 |
| 32 | കൃഷി ഭവൻ, കൊച്ചി | CN72/22-23 | ,, | 30,000 | 0 | 30,000 |
| 33 | കൃഷി ഭവൻ, തൃപ്പൂണിത്തുറ | CN73/22-23 | ,, | 20,750 | 0 | 20,750 |
| 34 | കൃഷി ഭവൻ, കുമ്പളം | CN74/22-23 | ,, | 20,750 | 0 | 20,750 |
| 35 | കൃഷി ഭവൻ, കുമ്പളങ്ങി | CN75/22-23 | ,, | 20,750 | 0 | 20,750 |
| 36 | കൃഷി ഭവൻ, ചെല്ലാനം | CN76/22-23 | ,, | 20,750 | 0 | 20,750 |
| 37 | കൃഷി ഭവൻ, തിരുവാങ്കുളം | CN77/22-23 | ,, | 20,750 | 0 | 20,750 |
| 38 | കൃഷി ഭവൻ, ആലുവ | CN81/22-23 | WCTനാളികേര വിത്ത് | 62,400 | 0 | 62,400 |
| 39 | കൃഷി ഭവൻ, ആലുവ | CN82/22-23 | ,, | 45,500 | 22,750 | 22,750 |
| 40 | കൃഷി ഭവൻ, ആലുവ | CN83/22-23 | ഡ്വാർഫ് നാളികേര വിത്ത് | 15,600 | 7,800 | 7,800 |
| 41 | കൃഷി ഭവൻ, മരട് | CN85/22-23 | പോട്ട് മിക്ചർ സഹിതം | 4,33,500 | 1,08,375 | 3,25,125 |
| 42 | കൃഷി ഭവൻ, കളമശ്ശേരി | CN86/22-23 | ട്രൈക്കോ കേക്ക് | 2,000 | 1,000 | 1,000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 28,86,300 | 2,53,237 | 26,33,063 |

മേൽ തുക ലഭ്യമാകാത്തതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02, തി- 29.07.2023) മേൽ സ്ഥാപനങ്ങൾക്ക്, തുക ഒടുക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. മേൽ സ്ഥാപനങ്ങളിൽ നിന്ന് തുക ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-18 നേര്യമംഗലം കൃഷിത്തോട്ടം -കൃഷിഭവനുകളിൽ നിന്ന് തുക ലഭ്യമായില്ല.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നേര്യമംഗലം കൃഷിത്തോട്ടത്തിലെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും വിത്തുകൾ വാങ്ങിയതിന്റെ തുക ലഭ്യമാക്കിയിട്ടില്ല എന്ന് കാണുന്നു. തുക ലഭ്യമാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 4ആയി ചേർത്തിട്ടുണ്ട്.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകണമെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.53, തി-16.11.2023)മറുപടി ഹാജരാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തുക ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 സംയോജിത വിള പരിപാലനം/സമഗ്ര വികസനം- രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ എസ് 0462/23- | സംയോജിത വിള പരിപാലനം & സമഗ്ര വികസനം |
| അടങ്കൽ തുക | 20,00,000/-(തനത് ഫണ്ട്) |
| ചെലവ് തുക | 6,44,875/- |

നേര്യമംഗലം ഫാമിൽ 22-23 വർഷത്തെ സംയോജിത വിള പരിപാലനം, സമഗ്ര വികസനം എന്ന പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 20 ലക്ഷം രൂപാ വകയിരുത്തിയിരുന്നു. 16 ലക്ഷം രൂപാ വിള പരിപാലനം, 2 ലക്ഷം വീതം ലാൻഡ് സ്കേപ്പിങ്ങ്, ജലസേചന പദ്ധതികൾ എന്നിവയ്ക്കായാണ് വകയിരുത്തിയിരുന്നത്. പദ്ധതി അടങ്കലിന്റെ 32ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രൊജക്ട് പൂർത്തീകരണം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾക്കായി ഓഡിറ്റ് എൻക്വയറി നമ്പർ 45/01.11.2023 നൽകിയിരുന്നു.

1).അലോട്ട്മെന്റ് നമ്പർ 241/17.09.2022 -₹90,145/- പ്രകാരമുള്ള തുക ഉപയോഗിച്ച് VVM നഴ്സറി ഗാർഡനിൽ നിന്നും (സ്ഥാപനത്തിന്റെ ബിൽനമ്പർ 51/14.09.2022 ) 6050 എണ്ണം മാവിന്റെ റൂട്ട് സ്റ്റോക്ക് വാങ്ങിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് എത്ര ഗ്രാഫ്റ്റുകൾ ഉൽപാദിപ്പിച്ചു, ഇവ വിൽപനക്ക് സജ്ജമായിട്ടുണ്ടോ, എത്രയെണ്ണം

വിൽപ്പന നടത്തി എന്ന വിവരം വിൽപന വില ഉൾപ്പെടെ അറിയിക്കേണ്ടതാണ്.

2) അലോട്ട്മെന്റ് നമ്പർ 476/14.11.2022 -₹44,015/- പ്രകാരമുള്ള തുക ഉപയോഗിച്ച് സെന്റ് ജെയിംസ് നഴ്സറി &ലാൻഡ്സ്കേപ്പിങ്ങ് വൈറ്റില-യിൽ നിന്നും (സ്ഥാപനത്തിന്റെബിൽ നമ്പർ 10173 ,10174,10175 /11.11.2022 *പ്രകാരം* 44,015- രൂപ) വിവിധയിനം ചെടികൾ വാങ്ങിയിട്ടുണ്ട്. ഇവ മാതൃ സസ്യങ്ങളായി വാങ്ങിയതാണോ? ഇവ പ്രജനനം നടത്തി എത്രയെണ്ണം വിൽപ്പനക്കായി തയ്യാറാക്കി? (വിൽപ്പനയുടെ വിവരങ്ങൾ വില ഉൾപ്പെടെ.)

(3)ബിൽ നമ്പർ 10330/20.03.2023 പ്രകാരം 21,250/- രൂപക്ക് തുജാ, സൈപ്രസ് ഇനത്തിൽ പെട്ട മരങ്ങൾ ക്രിസ്തുമസ് കാലത്ത് ഫാമിൽ നിന്നും 'ലൈവ് ട്രീ 'നൽകുന്നതിനായി വാങ്ങിയിട്ടുണ്ട്. ഇവയുടെ പ്രജനനം നടത്തി ക്രിസ്തുമസ് ട്രീ കൾ ഉൽപാദിപ്പിച്ചിട്ടുള്ളതിന്റെ വിവരങ്ങളും ഈ ക്രിസ്തുമസ് കാലത്ത് വിപണനത്തിനായി എത്ര മരങ്ങൾ സജ്ജമായിട്ടുണ്ട് എന്ന തുടങ്ങിയ വിവരങ്ങളും ഹാജരാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച കാര്യങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഉത്പാദിപ്പിച്ച ചെടികളുടെ വിൽപനവിവരം അറിയിച്ചിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ മുതലായ രേഖകൾ ലഭ്യമാക്കിയില്ല. ആയവ ഹാജരാക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം സംയോജിത വിള പരിപാലനത്തിലൂടെ ഫാമിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വളം/കീടനാശിനി വാങ്ങൽ മാത്രമാണ് നടന്നിട്ടുള്ളത്.
സംയോജിത വിളപരിപാലനത്തിലൂടെ ഫാമിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നടപടികളും സ്വീകരിക്കാത്തതിനും, വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നമ്പർ 1,2,3 എന്നിവ പ്രകാരമുള്ള അപാകങ്ങൾക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ബിൽ എന്നിവ ഹാജരാക്കിയില്ല.

2022-23 വർഷത്തെ ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കിയ രേഖകളോടൊപ്പം താഴെ ചേർത്ത ഗ്രാമ പഞ്ചായത്തുകളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ബില്ല്എന്നിവ ഹാജരാക്കിയില്ല.

1. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്ത ഗ്രാമ പഞ്ചായത്തുകൾ

A. ഏഴിക്കര ഗ്രാമ പഞ്ചായത്ത് - (പൊക്കാളി സംരക്ഷണം, പ്രൊ.നം 471/23)

B. വരാപ്പുഴ, പള്ളിപ്പുറം എന്നീ ഗ്രാമ പഞ്ചായത്തുകൾ - (പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ, പ്രൊ.നം 472/23)

C. മലയാറ്റൂർ - നീലീശ്വരം, ആവോലി, പല്ലാരിമംഗലം, എന്നീ ഗ്രാമ പഞ്ചായത്തുകൾ - (വിത്തും കൈക്കോട്ടും തരിശ് നെൽകൃഷി, പ്രൊ.നം 451/23)

2. ബിൽ ഹാജരാക്കാത്ത ഗ്രാമ പഞ്ചായത്തുകൾ

A. വരാപ്പുഴ, കോട്ടുവള്ളി എന്നീ ഗ്രാമ പഞ്ചായത്തുകൾ - (പൊക്കാളി സംരക്ഷണം, പ്രൊ.നം 471/23)

B. വരാപ്പുഴ ഗ്രാമ പഞ്ചായത്ത് - (പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ, പ്രൊ.നം 472/23)

C. പുത്തൻ വേലിക്കര, തിരുവാണിയൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ - (പൊൻ കതിർ നെൽകൃഷി

പ്രോത്സാഹനം, പ്രൊ.നം 450/23)

മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/31.10.23) ഭാഗികമായ മറുപടി ഹാജരാക്കിയിട്ടുണ്ട്. മേൽ പരാമർശിത രേഖകൾ ഹാജരാക്കേണ്ടതാണ്.

1-21 കൃത്യമായ തുടർ പ്രവർത്തനങ്ങളുടെ അഭാവം - 10,73,655 രൂപയുടെ വിത്ത് തേങ്ങകൾ നശിച്ച് പോയി.

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ സമഗ്ര കാർഷിക വികസന പാക്കേജ്-കേരഗ്രാമം-തെങ്ങ് കൃഷി (പ്രൊജക്ട് നം. 142/22), സമഗ്ര കാർഷിക വികസന പാക്കേജ്-കേരഗ്രാമം-തെങ്ങ് കൃഷി (വനിത) (പ്രൊജക്ട് നം. 1448/22) എന്നീ പ്രൊജക്ടുകൾ പ്രകാരം ലഭ്യമാക്കിയ വിത്ത് തേങ്ങകളുടെ വിതരണം 2022-23 വർഷമാണ് നടന്നത്. ആകെ ലഭ്യമാക്കിയ 60,000 വിത്ത് തേങ്ങകളിൽ നേര്യമംഗലം കൃഷിത്തോട്ടത്തിലെ രജിസ്റ്റർ പ്രകാരം മുളച്ചത് 48,320 വിത്ത് തേങ്ങകളാണ്. 3,815 വിത്ത് തേങ്ങകൾ മുളച്ചെങ്കിലും ഉണങ്ങിപ്പോയതായും 8,364 വിത്ത് തേങ്ങകൾ മോശമായത് കൊണ്ട് ഉപയോഗശൂന്യമായതായും (Culled) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 36,141 വിത്ത് തേങ്ങകളാണ് യഥാർത്ഥത്തിൽ വിൽക്കാൻ തയ്യാറായി ലഭ്യമായത്. അതായത് വാങ്ങിയ 60,000 വിത്ത് തേങ്ങകളിൽ 23,859 വിത്ത് തേങ്ങകൾ വിൽപ്പനയ്ക്ക് മുൻപേ വിവിധ ഘട്ടങ്ങളിൽ നശിച്ച് പോയതായി കാണാവുന്നതാണ്. 60.24 % മാത്രമാണ് വിൽപ്പനയ്ക്ക് ലഭിച്ചത്.

കഴിഞ്ഞ ഓഡിറ്റ് വർഷമാണ് മേൽ പ്രൊജക്ടിന്റെ വാങ്ങൽ നടന്നിട്ടുള്ളത്. മുൻ വർഷത്തെ ഓഡിറ്റ് സമയത്ത് പ്രസ്തുത പദ്ധതികളുടെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, നൽകുന്ന വിത്ത് തേങ്ങകൾക്ക് ഉയർന്ന അങ്കുരശേഷി ഉണ്ടാകണം എന്ന ടെണ്ടർ നിബന്ധന തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ലായിരുന്നു എന്നത് എൻക്വയറിയിൽ (നം.8/19.11.2022) ചൂണ്ടിക്കാണിച്ചപ്പോൾ അങ്കുരശേഷിയുള്ള വിത്ത് മാത്രം സപ്ളൈ ചെയ്യുവാനാണ് വിത്ത് തേങ്ങ നൽകിയ R.G ഫാമിന് നിർദ്ദേശം നൽകിയതെന്നും അങ്ങനെ ലഭ്യമാക്കിയ തേങ്ങകളിൽ നിന്ന് പ്രാവീണ്യം ഉള്ള നേര്യമംഗലം ഫാമിലെ ജീവനക്കാരെ ഉപയോഗിച്ച് വീണ്ടും തിരിഞ്ഞ് അങ്കുരശേഷിയുള്ള വിത്ത് തേങ്ങ മാത്രമാണെടുത്തതെന്നും കൃഷി ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകിയിരുന്നു. അങ്ങനെയാണെങ്കിൽ ലഭ്യമായ 60,000 വിത്ത് തേങ്ങകളും രണ്ട് ഘട്ടങ്ങളിലെ പരിശോധനയ്ക്ക് ശേഷം ലഭിച്ചതായത് കൊണ്ട് കാര്യമായ നഷ്ടങ്ങളില്ലാതെ ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയേണ്ടതാണ്. എന്നാൽ 40 ശതമാനത്തോളം നശിച്ച് പോയതായതായിട്ടാണ് കാണുന്നത്.

പ്രൊജക്ടുകൾ പ്രകാരം 60,000 വിത്ത് തേങ്ങ വാങ്ങുന്നതിനായി മുൻവർഷത്തിൽ 27,00,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. അതിൽ 10,73,655 രൂപയുടെ വിത്ത് തേങ്ങകളാണ് (23,859 * 45) വിവിധ ഘട്ടങ്ങളിലായി നശിച്ച് പോയത്. വിത്ത് തേങ്ങയുടെ അങ്കുരശേഷിയെ സംബന്ധിച്ച് കൃത്യമായി കണക്കാക്കുവാൻ സാദ്ധ്യമല്ലെങ്കിലും വിത്ത് തേങ്ങ സംഭരിക്കപ്പെടുന്ന കൃഷിത്തോട്ടത്തിലെ സൗകര്യങ്ങൾ പ്രധാനമാണ്. വിത്ത് തേങ്ങകൾക്ക് 90 ശതമാനം വരെ അങ്കുരശേഷി ലഭിക്കാമെന്നിരിക്കെ 60 ശതമാനം എന്നത് വളരെ കുറവാണ്. തേങ്ങ ലഭ്യമാക്കിയ സ്ഥാപനത്തിന്റെയോ ആയത് സൂക്ഷിച്ച സ്ഥാപനത്തിന്റെയോ അടിസ്ഥാന സൗകര്യങ്ങളിൽ വന്ന അപാകതയോ ഗുണമേന്മയില്ലാത്ത വിത്ത് തേങ്ങ ലഭ്യമാക്കിയതിനാലോ ആണ് ഇങ്ങനെ സംഭവിച്ചതെന്ന് പ്രഥമദൃഷ്ട്യാ കരുതാവുന്നതാണ്. മാത്രമല്ല അങ്കുരശേഷിയുള്ള വിത്തുതേങ്ങ മാത്രമാണ് തെരഞ്ഞെടുത്തതെന്ന മുൻ വർഷത്തെ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടി കൃത്യമായിരുന്നില്ല എന്നതും വ്യക്തമാണ്.

മേൽ പ്രൊജക്ടുകൾ പ്രകാരം ഉല്പാദന മേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ മുഖേന സർക്കാർ ചെലവഴിച്ച പദ്ധതിപ്പണത്തിന്റെ ഗുണം ജനങ്ങളിലേക്കെത്താതെ പോയതിന്റെ കാര്യകാരണങ്ങൾ മനസ്സിലാക്കി തുടർ വർഷങ്ങളിൽ ഇത്തരം പ്രൊജക്ടുകൾ കൂടുതൽ കാര്യക്ഷമതയോടെ, പരമാവധി ഉത്പാദനക്ഷമത ഉറപ്പാക്കുന്ന രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

1-22 കൃഷി ഭവനകൾ ടാർജറ്റിനനസരിച്ചുള്ള മണ്ണ് പരിശോധന നടത്തുന്നില്ല.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മരട്, മണ്ണ് പരിശോധന കേന്ദ്രത്തിൽ നടത്തിയ പരിശോധനയിൽ പല കൃഷിഭവനകളും കൃഷി വകുപ്പ് നിശ്ചയിച്ച ടാർജറ്റിനനസരിച്ചുള്ള മണ്ണ് സാമ്പിളുകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ടാർജറ്റ് | ലഭ്യമാക്കിയ മണ്ണ് സാമ്പിളുകളുടെ എണ്ണം |
|---|---|---|---|
| 1 | കൃഷി ഭവൻ, മഞ്ഞപ്ര | 100 | 10 |
| 2 | കൃഷി ഭവൻ, മലയാറ്റൂർ നീലീശ്വരം | 100 | 13 |
| 3 | കൃഷി ഭവൻ, തുറവൂർ | 100 | 35 |
| 4 | കൃഷി ഭവൻ, കറുകുറ്റി | 100 | 0 |
| 5 | കൃഷി ഭവൻ, അങ്കമാലി | 100 | 11 |
| 6 | കൃഷി ഭവൻ, മുളവുകാട് | 100 | 10 |
| 7 | കൃഷി ഭവൻ, ചൂർണ്ണിക്കര | 100 | 30 |
| 8 | കൃഷി ഭവൻ, എടത്തല | 100 | 41 |
| 9 | കൃഷി ഭവൻ, കീഴ്മാട് | 100 | 40 |
| 10 | കൃഷി ഭവൻ, കോതമംഗലം | 100 | 10 |
| 11 | കൃഷി ഭവൻ, വാരപ്പെട്ടി | 100 | 10 |
| 12 | കൃഷി ഭവൻ, പല്ലാരിമംഗലം | 100 | 10 |
| 13 | കൃഷി ഭവൻ, പോത്താനിക്കാട് | 100 | 10 |
| 14 | കൃഷി ഭവൻ, വാളകം | 100 | 27 |
| 15 | കൃഷി ഭവൻ, | 100 | 10 |

| | | | |
|---|---|---|---|
| | പായിപ്ര | | |
| 16 | കൃഷി ഭവൻ, ആവോലി | 100 | 4 |
| 17 | കൃഷി ഭവൻ, മൂവ്വാറ്റുപുഴ | 100 | 29 |
| 18 | കൃഷി ഭവൻ, എടയ്ക്കാട്ട് വയൽ | 100 | 19 |
| 19 | കൃഷി ഭവൻ, ആമ്പല്ലൂർ | 100 | 18 |
| 20 | കൃഷി ഭവൻ, മുളന്തുരുത്തി | 100 | 33 |
| 21 | കൃഷി ഭവൻ, ചോറ്റാനിക്കര | 100 | 25 |
| 22 | കൃഷി ഭവൻ, മണീട് | 100 | 25 |
| 23 | കൃഷി ഭവൻ, കുഴുപ്പിള്ളി | 100 | 25 |
| 24 | കൃഷി ഭവൻ, നായരമ്പലം | 100 | 20 |
| 25 | കൃഷിഭവൻ, പാറക്കടവ് | 100 | 32 |
| 26 | കൃഷി ഭവൻ, ഏഴിക്കര | 100 | 11 |
| 27 | കൃഷി ഭവൻ, വേങ്ങൂർ | 100 | 43 |
| 28 | കൃഷി ഭവൻ, അശമന്നൂർ | 100 | 36 |
| 29 | കൃഷി ഭവൻ, കുന്നത്ത് നാട് | 100 | 26 |
| 30 | കൃഷി ഭവൻ, കൊച്ചി | 100 | 12 |
| 31 | കൃഷി ഭവൻ, മരട് | 100 | 10 |
| 32 | കൃഷി ഭവൻ, തൃപ്പൂണിത്തുറ | 100 | 10 |

മേൽ അപാകതയ്ക്കുള്ള മറുപടി ബന്ധപ്പെട്ട കൃഷിഭവനകളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/31.07.2023) നാളിത് വരെ മറുപടി നൽകിയില്ല.

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ – 1-17 ൽ സമാന അപാകത ചൂണ്ടിക്കാണിച്ചിരുന്നു. ആയതിന് മറുപടിയായി തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ല എന്ന് കൃഷിഭവനുകളിൽ നിന്ന് മറുപടി ലഭിച്ചിരുന്നു. എന്നാൽ മേൽ അപാകത ഇപ്പോഴും തുടരുന്നു എന്നത് ജില്ലാ പഞ്ചായത്ത് ഭരണസമിതി ഗൗരവമായി കാണേണ്ടതാണ്. കാർഷിക മേഖല നേരിടുന്ന വെല്ലുവെളികൾക്ക് പരിഹാരം കാണേണ്ടതും ആയതിന് കൂടുതൽ ജനങ്ങളെ കാർഷികമേഖലയിലേക്ക് കൊണ്ടു വരേണ്ടതും ആയതിന് കൃഷി ലാഭകരമാക്കുന്നവിധത്തിൽ ആയതിന് മണ്ണിന്റെ ഫലഭൂയിഷ്ഠതയ്ക്കനുസരിച്ച് കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത കൃത്യമായി മനസ്സിലാക്കേണ്ടതും ആയതിനനുസരിച്ച് പ്രവർത്തിക്കേണ്ടതും കൃഷിഭവനുകളാണ്. പട്ടികയിൽ സൂചിപ്പിച്ച കൃഷി ഭവനുകളിൽ നിന്നും, മണ്ണുപരിശോധന കൃത്യമായി നടത്താതിരുന്നതിനുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-23 രാജഹംസം-സൈഡ്‌വീലോട് കൂടിയ സ്കൂട്ടർ വാഹനം നൽകൽ(എസ്.0518/23)-പ്രോജക്ട് സംബന്ധിച്ച രേഖകൾ പൂർണ്ണമല്ല

ജില്ലാ പഞ്ചായത്തിൽ മുൻവർഷങ്ങളിൽ നടപ്പിലാക്കിയിരുന്ന രാജഹംസം-ഭിന്നശേഷിക്കാർക്ക് സൈഡ്‌വീലോട് കൂടിയ സ്കൂട്ടർ വാഹനം നൽകൽ 2022-23 -ലും നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നടത്തിപ്പിനായി തൻവർഷം ₹1,23,48,000 ചെലവഴിച്ചിട്ടുണ്ട്. (ബിൽനമ്പർ-2492/25.03.2023-39,20,000, 2509/25.03.2023-39,20,000, 2515/25.03.2023-45,08,000) പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

ജില്ലയിലെ വിവിധപഞ്ചായത്തുകളിലെ ഭിന്നശേഷിക്കാരായവർക്ക് ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സുഗമമായ സഞ്ചാരത്തിനുമാണ് മുച്ചക്ര വാഹനം നൽകുന്നത് എന്നാണ് പ്രോജക്ടിന്റെ ലക്ഷ്യത്തിൽ ചേർത്തിരിക്കുന്നത്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ സൈഡ്‌വീൽ സ്കൂട്ടർ ലഭിച്ചിട്ടുള്ളവർക്ക് ഈ വാഹനം നൽകുകയില്ല എന്നും, ഗുണഭോക്താക്കൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് /ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളായ 126 പേരിൽ പലരും എടുത്തിരിക്കുന്ന ലേണേഴ്സ് ലൈസൻസ് 2023 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ കാലാവധി തീരുന്നവയാണ്. ആയതിനാൽ തന്നെ ഇപ്രകാരം ലേണേഴ്സ് ലൈസൻസ് എടുത്തവർ സാധുവായ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് തെളിയിക്കുന്നതിനായി ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് ഫയലിൽ ചേർക്കേണ്ടതായിരുന്നുവെങ്കിലും ആയത് ചേർത്തിട്ടില്ല. നിലവിൽ ഗുണഭോക്താക്കളായവർ, ഇതേ പദ്ധതിയുടെ മുൻവർഷങ്ങളിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതിന്റെ രേഖകളും ഫയലിൽ ഇല്ല. തന്നെയുമല്ല ഗുണഭോക്താക്കളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങളും (ആർ.സി.ബുക്ക് )ഫയലിൽ ഇല്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (49/10.11.2023) ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സൈഡ്‌വീൽ സ്കൂട്ടർ ലഭിച്ചിട്ടില്ല എന്നത് ഓഫീസ് രേഖകൾ പ്രകാരം പരിശോധിച്ചെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് നൽകിയ വാഹനങ്ങളുടെ ആർ.സി.ബുക്കിന്റെ പകർപ്പും, ഗുണഭോക്താക്കളുടെ ലൈസൻസിന്റെ പകർപ്പും സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുകയായ ₹1,23,48,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ടെണ്ടർ വിലയിലും കൂടിയ വിലയിൽ സാധനങ്ങൾ ലഭ്യമാക്കി. 8,302രൂപയുടെ ചെലവ് നഷ്ടം

ആലുവ ജില്ലാ ആശുപത്രി സൂപ്രണ്ട് നടപ്പിലാക്കിയ ആലുവ ജില്ലാ ആശുപത്രി റിയേജന്റ്സ് വാങ്ങൽ. (പ്രൊ.നം. - എസ്0423/23) എന്ന പ്രൊജക്ട് പ്രകാരം Ms/എലൈറ്റ് ഹെൽത്ത് കെയർ, കോട്ടയം എന്ന

സ്ഥാപനത്തിന്റെ രണ്ട് ഇൻവോയ്സുകൾ മുഖേന ലഭ്യമാക്കിയ മരുന്നുകൾക്ക്, ആശുപത്രി സൂപ്രണ്ടിന്റെ തന്നെ ഉത്തരവ് നം.ബി1-5219/20/സു.ജി.ആ/14.12.21 നടപടി ക്രമം പ്രകാരം അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ തുക നൽകിയത് വഴി, ₹8,302 -ന്റെ ചെലവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഖ – 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-25 ടെക്നിക്കൽ സ്കൂളുകൾ

ജില്ലാ പഞ്ചായത്തിനു കൈമാറിക്കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹൈസ്കൂൾ ക്ലാസ്സുകൾ മുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി വരുന്ന ടെക്നിക്കൽ സ്കൂളുകളിലെ നിലവിലെ ഭൗതിക സാഹചര്യങ്ങളെ കുറിച്ചുള്ള സ്ഥിതി വിവരങ്ങൾ സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

### ഗവ.ടെക്നിക്കൽ ഹൈസ്കൂൾ , മുളന്തുരുത്തി

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ തുരുത്തിക്കര ദേശത്താണ് ഈ ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും, സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് ബുക്ക് ഷെൽഫുകൾ ഇല്ല. അതുപോലെ ബെഞ്ചുകളും ഡെസ്കുകളും, സ്റ്റീൽ അലമാര, പബ്ലിക്ക് അഡ്രസ്സൽ സിസ്റ്റം എന്നിവയും സ്കൂളിന് ആവശ്യമാണ്. സ്ഥാപനത്തിന്റെ വൈദ്യുതി ചെലവ് കുറക്കുന്നതിനും, സ്ഥാപനം ഊർജസ്വയം പര്യാപ്തത കൈവരിക്കുന്നതിനും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതും പ്രയോജനകരമായിരിക്കും.

### ഗവ.ടെക്നിക്കൽ ഹൈസ്കൂൾ , ഇലഞ്ഞി

ഇലഞ്ഞിഗ്രാമപഞ്ചായത്തിൽ 1983 -ൽ ആരംഭിച്ച സ്കൂൾ, വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പ്യൂട്ടർ ലാബിൽ മതിയായ ഡെസ്ക്ടോപ്പുകളും പ്രിന്ററുകളും ഇല്ല. അതുപോലെ സ്കൂളിന് ഒരു പബ്ലിക്ക് അഡ്രസ്സൽ സിസ്റ്റം ആവശ്യമാണ്. കുട്ടികളുടെ പഠനത്തിന് സഹായകരമാകുന്ന സ്മാർട്ട് ക്ലാസ്സ്റൂം പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും ഗുണകരമായിരിക്കും.

### ഗവ.ടെക്നിക്കൽ ഹൈസ്കൂൾ , ആയവന

ആയവന ഗ്രാമപഞ്ചായത്തിൽ 1985 -ൽ ആരംഭിച്ച സ്കൂൾ, വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്കൂളിന്റെ വർക്ക് ഷോപ്പ് സ്കൂളിൽ നിന്നും ഏകദേശം രണ്ട് കിലോ മീറ്റർ അകലെയുള്ള ഏനാനെല്ലൂർ സർവീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള കെട്ടിടത്തിലെ രണ്ടാം നിലയിലാണ് പ്രവർത്തിക്കുന്നത്. ബസ് സൗകര്യം കുറവുള്ള പ്രദേശമായത് കൊണ്ട് വിദ്യാർത്ഥികൾ പലപ്പോഴും നടന്നാണ് വർക്ക് ഷോപ്പിൽ എത്തുന്നത്. ഇത് പഠന സമയത്തെയും ബാധിക്കുന്നുണ്ട്.

മേൽ വിദ്യാലങ്ങളിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-26 സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് വാങ്ങൽ - ഗുണമേന്മ സംബന്ധിച്ച് വ്യക്തതയില്ല.

ആലുവ ജില്ലാ ആശുപത്രി കീമോതെറാപ്പി യൂണിറ്റ് സജ്ജീകരിക്കലും മരുന്ന് വാങ്ങലും (പ്രൊ.നം. - 438/23) എന്ന പദ്ധതി പ്രകാരം സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് എന്ന ഉപകരണത്തിനായി Biolynx പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റേതായ ക്വട്ടേഷൻ സ്റ്റേറ്റ്മെന്റിൽ ജി.എസ്.ടി അടക്കം 14,10,000 രൂപയാണ് കാണുന്നത്. ഇതേ തുടർന്ന് ബയോ കെമിസ്ട്രി ബയോ സേഫ്റ്റി കാബിനറ്റ് ലഭ്യമാക്കി അത് ഇന്റർ നാഷണൽ സ്റ്റാൻഡേർഡിലുള്ള സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് ആയി അപ് ഗ്രേഡ് ചെയ്യാൻ ഇതിനായുള്ള ആശുപത്രി പർച്ചേസ് കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് ഇതേ Biolynx പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ ബയോ കെമിസ്ട്രി ബയോ സേഫ്റ്റി കാബിനറ്റ് ലഭ്യമാക്കി അത് ഇന്റർ നാഷണൽ സ്റ്റാൻഡേർഡിലുള്ള സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് ആയി അപ് ഗ്രേഡ് ചെയ്തു. ആയതിനായി 8,66,710 രൂപയാണ് ജി.എസ്.ടി അടക്കം ചെലവായത്.

ബിൽ റഫറൻസ് നം. - 22110152010701372774/16.03.2023 – 4,06,510 രൂപ

ബിൽ റഫറൻസ് നം. - 22110152010701401347/18.03.2023 – 4,60,200 രൂപ

പ്രത്യക്ഷത്തിൽ 5,43,290 രൂപ ലാഭമുണ്ടായതായി കാണാം. എങ്കിലും ചില വിഷയങ്ങളിൽ കൂടി വ്യക്തത ഉണ്ടാകേണ്ടതുണ്ട്.

14,10,000 രൂപ എന്ന നിരക്ക് വളരെ കൂടുതലാണെന്നാണ് Gem Portal പോലുള്ള സർക്കാർ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. Gem Portal ൽ നിന്ന് സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ എന്നതിന് മറുപടി നൽകിയില്ല. 8,66,710 രൂപയ്ക്ക് Upgrade ചെയ്ത അന്താരാഷ്ട്ര നിലവാരമുള്ള സൈറ്റോ ടോക്സിക് ബയോ സേഫ്റ്റി കാബിനറ്റ് നൽകാൻ സാധിക്കുന്ന ഒരു സ്ഥാപനം 14,10,000 എന്ന വളരെ ഉയർന്ന റേറ്റ് ക്വാട്ട് ചെയ്തു എന്നത് യുക്തി സഹമല്ല. 14,10,000 എന്നത് യുക്തി സഹമായ നിരക്കാണെങ്കിൽ നൽകിയ ഉപകരണത്തിന്റെ നിലവാരത്തിൽ കാര്യമായ കുറവുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

ബയോ സേഫ്റ്റി കാബിനറ്റ് പോലുള്ള ഉപകരണങ്ങളുടെ കാര്യത്തിൽ അത് ഉപയോഗിക്കുന്ന ആശുപത്രി ജീവനക്കാരുടെ ആരോഗ്യസുരക്ഷ കണക്കിലെടുക്കുമ്പോൾ ചെലവിനേക്കാൾ ഗുണമേൻമയ്ക്ക് പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. ബയോ സേഫ്റ്റി കാബിനറ്റുകളുടെ ഇന്റർനാഷണൽ സ്റ്റോൻഡേർഡായ NSF/ANSI 49, EN 12469 എന്നിവ Upgrade ചെയ്യപ്പെട്ട ബയോ സേഫ്റ്റി കാബിനറ്റിന് ഉണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. Shanghai Lishen Scientific Equipment Co.Ltd എന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കേറ്റ് ആണ് ഫയലിൽ കാണുന്നത്. ആയത് പ്രകാരം HF Safe-1200 എന്ന മോഡൽ കാബിനറ്റിന് EN 12469 പ്രകാരമുള്ള അംഗീകാരം ഉള്ളതായി കാണുന്നു. മേൽ സ്ഥാപനത്തിന്റെ ഇറക്കുമതി ചെയ്ത കാബിനറ്റ് ആണോ അപ്ഗ്രേഡ് ചെയ്ത കാബിനറ്റ് എന്നത് വ്യക്തമല്ല. Biolynx പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനും EN 12469 പ്രകാരമുള്ള അംഗീകാരം ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ആയതിൽ Biosafe 1200 CY എന്ന മോഡലിനാണ് മേൽ അംഗീകാരം ഉള്ളത്. ആശുപത്രിയിൽ ലഭ്യമാക്കിയത് HF Safe 1200 LC എന്നമോഡലാണ്. ആയതുകൊണ്ട് മേൽ ഹാജരാക്കിയ ഉപകരണത്തിന്റെ നിലവാരം, നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല.

മേൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ഉപകരണത്തിന്റെ HEPA Filter Efficiency, ULPA Filter Efficiency എന്നിവയും മറ്റ് സുരക്ഷ മാനദണ്ഡങ്ങളും സ്റ്റാൻഡേർഡ് പ്രകാരമുള്ള നിലയിൽ തന്നെയാണെന്ന് മാനുഫാക്ചറർക്ക് പുറമെ മറ്റൊരു അംഗീകൃത സ്ഥാപനത്തിന്റെ അംഗീകാരം കൂടി വേണ്ടതാണെന്ന് ഓഡിറ്റ് കരുതുന്നു. ആയതിനാൽ ഉപയോഗിക്കുന്ന ജീവനക്കാരുടെ സുരക്ഷയെ കണക്കിലെടുത്ത്, അത്തരത്തിലുള്ള അംഗീകൃത സ്ഥാപനത്തിന്റെ പരിശോധനയ്ക്ക് ശേഷം മാത്രമാണ് മേൽ ഉപകരണം പ്രവർത്തിപ്പിക്കേണ്ടതെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.19, തി-16.09.2023) നൽകിയിരുന്നു. ആയതിന് ഭാഗികമായ മറുപടിയാണ് ലഭ്യമാക്കയത്.

## 1-27 വാർഡ് നിർമ്മാണം പൂർത്തിയാകുന്നതിനുമുമ്പ് ജെറിയാട്രിക് വാർഡിലേക്ക് ഉപകരണങ്ങൾ വാങ്ങി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 1530/23 | |
| അടങ്കൽ | 1,00,000 | |
| ചെലവ് | 9,98,983 | |
| ബിൽ നമ്പർ/തുക | 2431/24.03.2023 | 4,87,339 |
| | 2578/25.03.2023 | 3,48,143 |
| | 2657/25.03.2023 | 18,885 |
| | 2756/27.03.2023 | 1,44,616 |

(എ)ഉപകരണങ്ങളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല

ആലുവ ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് പ്രവർത്തനം ആരംഭിക്കുന്നതിനായി ₹9,98,983/-ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്കിന്റെ ഭൗതികപരിശോധനാവേളയിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം ഉപകരണങ്ങളുടെ എണ്ണത്തിൽ വ്യത്യാസം കണ്ടു.

| ഉപകരണത്തിന്റെ പേര് | വാങ്ങിയത് (എണ്ണം) | സ്റ്റോക്കിൽ ഉണ്ടായിരുന്നത് (എണ്ണം) | റിമാർക്സ് |
|---|---|---|---|
| എ.സി | 6 | 5 | എ.സി. ഒരെണ്ണം ഓപ്പറേഷൻ തിയറ്ററിലേക്ക് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| വാട്ടർ പ്യൂരിഫയർ | 4 | 3 | വാട്ടർ പ്യൂരിഫയർ ഒരെണ്ണം ഓപ്പറേഷൻ തിയറ്ററിലേക്ക് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സ്ട്രക്ചർ ട്രോളി വിത്ത് ഓക്സിജൻ സിലിണ്ടർ | 3 | 1 | - |
| വീൽ ചെയർ | 3 | 1 | 2 വീൽചെയർ ഒ.പി.യിലേക്ക് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| കമ്പ്യൂട്ടർ ടേബിൾ | 4 | 0 | - |
| കമ്പ്യൂട്ടർ ചെയർ | 4 | 0 | - |

ജെറിയാട്രിക് വാർഡിലേക്കായി വാങ്ങിയ ഉപകരണങ്ങളിൽ ഭൗതിക പരിശോധനാ വേളയിൽ 4കമ്പ്യൂട്ടർ ചെയർ, 4കമ്പ്യൂട്ടർ ടേബിൾ, 2സ്ട്രക്ചർ ട്രോളി വിത്ത് ഓക്സിജൻ സിലിണ്ടർ എന്നിവ കാണുവാൻ സാധിച്ചില്ല.ആയത് സൂക്ഷിച്ചിരിക്കുന്നത് എവിടെയാണെന്ന്,ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.അല്ലാത്ത പക്ഷം ആയതിനായി ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തന്നെയുമല്ല ജെറിയാട്രിക് വാർഡിനായി വാങ്ങിയ ഉപകരണങ്ങൾ മറ്റുള്ള വാർഡുകളിലേക്ക് കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

(ബി) ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കിയിട്ടില്ല

ജെറിയാട്രിക് വാർഡ് ലിഫ്റ്റ് നിർമ്മാണം പൂർത്തിയാക്കി, വാർഡ് പ്രവർത്തനക്ഷമമാകുന്നതിനു മുമ്പ് ഉപകരണങ്ങൾ വാങ്ങിയതിനാൽ ആയവ നിലവിൽ പൊടി പിടിച്ചു കിടക്കുകയാണ്. വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിന് മുമ്പ് ഉപകരണങ്ങൾ വാങ്ങുവാനിടയായതിന്

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/25.09.2023) മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിന് മുമ്പ് പ്രസ്തുത സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങി വയ്ക്കുന്നത് മൂലം ഗ്യാരന്റിയുള്ള പല ഉപകരണങ്ങളുടേയും ഗ്യാരന്റി പിരിയഡ് അവസാനിക്കുന്നതിന് മുമ്പ് ആയവ ഉപയോഗിക്കുവാൻ സാധിക്കാതെ വരുകയോ ഗ്യാരന്റി കാലാവധി പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെയോ വരും. ഗ്യാരന്റി കാലയളവിനുള്ളിൽ തന്നെ പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് നോക്കിയാൽ മാത്രമേ ആയവ പ്രവർത്തനക്ഷമമാണോ എന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. ഗ്യാരന്റി കാലയളവിനുള്ളിൽ ഉപയോഗിക്കാത്ത ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ, ആയത് പരിഹരിക്കുന്നതിനായി തുക പ്രത്യേകം ചെലവഴിക്കേണ്ടിവരികയും ചെയ്യും. ആയതിനാൽ തന്നെ വാർഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് മുമ്പ് ഉപകരണങ്ങൾ വാങ്ങിയത് പൊതുപണത്തിന്റെ ദുർവ്യയം തന്നെയാണ്. ജെറിയാട്രിക് വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 പ്രൊജക്ടിന് ഗ്രാമ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല

ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കാരുണ്യ സ്പർശം ഡയാലിസിസ് ചികിത്സ (പ്രൊ. നം. - 436/23) എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 1,000 രൂപ നിരക്കിൽ ഒരു മാസം 4 തവണ വീതം വർഷത്തിൽ പരമാവധി 48 തവണ ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം നൽകുന്നതാണ്. ധനസഹായം ആശുപത്രികൾക്കാണ് നേരിട്ട് നൽകുന്നത്. ചെലവിന്റെ 75 ശതമാനം ജില്ലാ പഞ്ചായത്തും 25 ശതമാനം ഗ്രാമ പഞ്ചായത്തുമാണ് വഹിക്കേണ്ടത്.

പരിശോധനയിൽ ജില്ലയിലെ 82 ഗ്രാമ പഞ്ചായത്തുകളിൽ 6 ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് ഗ്രാമ പഞ്ചായത്ത് വിഹിതം മുഴുവനായും നൽകിയത്. 29 ഗ്രാമ പഞ്ചായത്തുകൾ ഭാഗികമായും 47 ഗ്രാമ പഞ്ചായത്തുകൾ പൂർണ്ണമായും ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടില്ല എന്ന് കണ്ടെത്തി. 76 ഗ്രാമ പഞ്ചായത്തുകളിൽ നിന്നായി 39,70,363 രൂപയാണ് ഇങ്ങനെ ആശുപത്രികൾക്ക് നൽകാനുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50/20.10.2023) തുക, അടുത്ത വർഷത്തെ പ്രൊജക്ടിൽ ഉൾപ്പെടുത്തി നൽകുന്നതാണെന്ന് മറുപടി നലകിയിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷനും ഗ്രാമ പഞ്ചായത്ത് വിഹിതത്തിന്റെ അലോട്ട്മെന്റ് ഉത്തരവും അടക്കം അതാത് ഗ്രാമ പഞ്ചായത്തുകളുടെ സബ് ട്രഷറികളിലാണ് ബില്ലുകൾ സമർപ്പിക്കേണ്ടതെന്നാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.12.2022 ലെ ഡി.പി 13/885/22 നം. കത്തിൽ കാണുന്നത്. ആയതിനാൽ മേൽ അപാകതയ്ക്ക് നിർവഹണ ഉദ്യോഗസ്ഥനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും ഉത്തരവാദികളാണ്. ആശുപത്രികൾക്ക് കൃത്യസമയത്ത് തുക നൽകാതിരുന്നാൽ പാവപ്പെട്ട ജനവിഭാഗത്തിന് വളരെ ഉപകാര പ്രദമായ മേൽ പദ്ധതിയുടെ തുടർച്ചയെ ബാധിക്കുമെന്നതിനാൽ ഗ്രാമ പഞ്ചായത്ത് വിഹിതം എത്രയും വേഗം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 മരുന്നുകളുടെ സ്റ്റോക്ക് കൃത്യമാക്കുക

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്,ജില്ലാ ആയുർവേദ ആശുപത്രി |
| പ്രോജക്ടിന്റെ പേരും നമ്പരും | സിദ്ധ -മരുന്നു വാങ്ങൽ, എസ്0448/23 |
| അടങ്കൽ | 2,00,000(മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) |

| | |
|---|---|
| ചെലവ് വിവരം | ബിൽ നമ്പർ. 339/11.10.2022-₹2,00,000 |

പ്രോജക്ട് പ്രകാരം മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് പരിശോധന നടത്തിയതിൽ താഴെ സൂചിപ്പിക്കുന്ന മരുന്നുകളുടെ സ്റ്റോക്കിൽ വ്യത്യാസം ശ്രദ്ധയിൽപെട്ടു.

| മരുന്നിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എണ്ണം | ഭൗതികപരിശോധനയിൽ കണ്ട എണ്ണം | കുറവ് |
|---|---|---|---|
| നിലവേമ്പ് കുടിനീർ | 23 | ഇല്ല | 23 |
| ശ്വാസകുഠോരി | 26 | 11 | 15* |
| ശംഖുപർപ്പം | 30 | 26 | 4* |
| പിത്തജ്വരകുടിനീർ | 12 | 3 | 9 |

*സ്റ്റോക്ക് പരിശോധന നടത്തിയപ്പോൾ ശ്വാസകുഠോരിയുടെ എണ്ണത്തിൽ കുറവ് വന്ന 15 എണ്ണത്തിനു പകരം 19 എണ്ണവും, ശംഖുപർപ്പം കുറവു വന്ന 4 എണ്ണത്തിനു പകരം 6 എണ്ണവുമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പിന്നീട് ഹാജരാക്കിയത്. നിലവേമ്പ് കുടിനീർ 23 എണ്ണവും പിന്നീട് ഹാജരാക്കിയിരുന്നു. ഒരേ മരുന്നുകൾ തന്നെ ഡിപ്പാർട്ട്മെന്റ് ഫണ്ടും, ജില്ലാ പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് വാങ്ങുമെന്നതിനാൽ ഏകീകൃതമായ ഒരു സ്റ്റോക്ക് രജിസ്റ്റർ ഉണ്ടെങ്കിൽ മാത്രമേ സ്റ്റോക്കിന്റെ കൃത്യത നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. മേൽ സൂചിപ്പിച്ച അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/27.09.2023) മറുപടി 20.12.2023 -നാണ് ഹാജരാക്കിയത്. 2022-23 വർഷത്തെ ഏകീകൃത സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള മരുന്നുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 ജില്ലാ ഹോമിയോ ആശുപത്രി- അടിസ്ഥാന സൗകര്യവികസനം അപൂർണ്ണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 435/23 |
| അടങ്കൽ തുക | 7,00,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് വിവരം | അലോട്ട്മെന്റ് നമ്പർ 2466/23.03.2023- 6,85,377/- |

ജില്ലാ ഹോമിയോ ആശുപത്രി ഐപി വാർഡിൽ സജ്ജീകരണങ്ങൾ ഒരുക്കൽ എന്ന പദ്ധതി പ്രകാരം തുക വകയിരുത്തിയിരുന്നത് ഇപ്രകാരമാണ്.

കർട്ടൻ/ബ്ലൈൻഡ്സ് /ഇന്റർകോം സർവ്വിലൻസ് /ഫയർ ഫൈറ്റിംഗ് -₹3,00,000-

നഴ്സിങ്ങ് ഉപകരണങ്ങൾ-₹ 1,00,000/-

എയർ കണ്ടീഷണർ -₹80,000/-

അടുക്കള ഉപകരണങ്ങൾ -₹20,000/-

മെഡിസിൻ റാക്ക്-₹ 1,50,000/-

ഇന്റീരിയർ ഡിസൈൻ -₹50,000/-

ഫയൽ പരിശോധനയിൽ ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 4(2) തിയതി 16.01.23 പ്രകാരം പദ്ധതി നിർവ്വഹണം KADCO യെ ഏൽപ്പിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പദ്ധതിയുടെ ഒരു പ്രധാന ഭാഗമാവേണ്ടിയിരുന്ന ഇന്റർകോം സർവ്വിലൻസ്, ഫയർ ഫൈറ്റിംഗ്, നഴ്സിങ്ങ് ഉപകരണങ്ങൾ വാങ്ങൽ എന്നിവ നടന്നിട്ടില്ല. KADCO പ്രധാനമായും ഇന്റീരിയർ, ഫർണിഷിംഗ് ജോലികളാണ് നിർവ്വഹിച്ചിട്ടുള്ളത്.

അഗ്നി രക്ഷാ സുരക്ഷാ, നഴ്സിങ്ങ് ഉപകരണങ്ങൾ വാങ്ങൽ സംബന്ധിച്ച് എന്തെങ്കിലും പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാനാവശ്യപ്പെട്ട് 18ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന് ആശുപത്രി സൂപ്രണ്ട് നൽകിയ മറുപടി പ്രകാരം (നം 138/2023/ഇഎച്ച് ,തിയതി 10.10.2023) ഫണ്ടിന്റെ അപര്യാപ്തത മൂലം മേൽ ഉപകരണങ്ങൾ ഈ പദ്ധതിയിൽ നിന്നും വാങ്ങാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ വകുപ്പ് തല ഫണ്ട് ഉപയോഗിച്ച് ഐ.പി.യിലേക്കാവശ്യമായ ഫയർ എക്സ്റ്റിൻഗ്വിഷറുകൾ സ്ഥാപിക്കുകയും, ഒഴിച്ച് കൂടാനാവാത്ത നഴ്സിംഗ് ഉപകരണങ്ങൾ എച്ച്. എം .സി .ഫണ്ടിൽ നിന്നും വാങ്ങിയതായും അറിയിച്ചു.

ഹോമിയോ ആശുപത്രി ഇൻ പേഷ്യന്റ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നതിനാൽ മെച്ചപ്പെട്ട രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കി നൽകേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-31 ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് മുൻപ് ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1564/23 |
| അടങ്കൽ തുക | 2,00,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് വിവരം | അലോട്ട്മെന്റ് നമ്പർ<br>1750/07.03.2023- 31,600/-<br>2316/20.03.2023- 1,68,400/- |

ജില്ലാ ഹോമിയോ ആശുപത്രിയിൽ നടപ്പാക്കിയ ജനനി ഫെർട്ടിലിറ്റി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2022-23 ൽ 2 ലക്ഷം രൂപാ ചെലവ് ചെയ്തിട്ടുണ്ട്.

പിട്ടാപ്പിള്ളിൽ ഏജൻസിയുടെ ഇൻവോയിസ് നമ്പർ EKM-F5S1 3214/02.03.2023 പ്രകാരം 31,600/- രൂപാ വിലയുള്ള ടെലിവിഷനും, കലൂരിലുള്ള എയർകൂൾ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ₹1,09,579-ക്ക് മൂന്ന് എയർ കണ്ടീഷണറുകൾ (ബിൽ നമ്പർ 964/17.03.23- 70,600/-, 965/17.03.23- 32,510/-, 974/20.03.23- 3,000/- 633/20.03.23- 3,469/-(ഇൻസ്റ്റലേഷൻ ചാർജ്ജ്) എന്നിവയുമാണ് വാങ്ങിയിട്ടുള്ളത്. ഇപ്രകാരം ആകെ 1,41,179/- രൂപാ ചെലവായിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് നടത്തിയ സ്ഥല പരിശോധനയിൽ വാങ്ങിയ ഉപകരണങ്ങൾ അതേ പോലെ സൂക്ഷിച്ച് വച്ചിരിക്കുന്നതായി കണ്ടു. ജനനി ഫെർട്ടിലിറ്റി സെന്ററിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിക്കാത്തതിനാൽ ഇവ ഉപയോഗിക്കാനായിട്ടില്ല എന്ന് അന്വേഷണത്തിന് മറുപടി ലഭിച്ചു.

ഈ ഉപകരണങ്ങൾക്ക് ഒരു വർഷത്തെ വാറന്റിയാണ് കമ്പനികൾ നൽകിയിട്ടുള്ളത്. വാങ്ങി 6 മാസം കഴിഞ്ഞിട്ടും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാത്തതിനാൽ വാറന്റി നഷ്ടമാവുന്ന അവസ്ഥയാണ്. സ്റ്റോക്ക് പഴയതാവുന്നതിനും ഇടവരുന്നു. ഇലക്ട്രിഫിക്കേഷൻ നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഉപകരണങ്ങൾ മുൻകൂട്ടി വാങ്ങാനിടയായ സാഹചര്യവും, ജനനി വാർഡിലെ ഇലക്ട്രിഫിക്കേഷൻ ജോലികളുടെ പുരോഗതി സംബന്ധിച്ച വിവരവും വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 17 /08.09.2023 -മുഖേന

ആവശ്യപ്പെട്ടു.

ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ടിന്റെ 10.01.23 ലെ 138/2023 ഇഎച്ച് നമ്പർ മറുപടി പ്രകാരം ജില്ലാ ഹോമിയോ ആശുപത്രി കവാടം, ചുറ്റുമതിൽ, ഡ്രൈനേജ് നിർമ്മാണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് ജനനി ഫെർട്ടിലിറ്റി സെന്റർ നിർമ്മിച്ചതെന്നും, ഇതിന്റെ ഭാഗമായി വൈദ്യുതീകരണവും നടക്കും എന്ന ധാരണയിലാണ് തുക നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി മാർച്ച് മാസം അവസാനത്തോടെ ഉപകരണങ്ങൾ വാങ്ങിയതെന്നും അറിയിച്ചു. ഈ ഉപകരണങ്ങൾ വാങ്ങിയതിനു ശേഷവും വൈദ്യുതീകരണം നടക്കാത്തതിനാൽ അന്വേഷണം നടത്തിയപ്പോൾ പുതിയ പദ്ധതിയായി ജനനി വന്ധ്യതാ ക്ലിനിക് വൈദ്യുതീകരണം (എസ് ഒ 585/24) ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പുരോഗതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയറോട് നടത്തിയ അന്വേഷണത്തിൽ 04/10/2023 വരെ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു.

ഫണ്ട് നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി മാത്രം വിലപിടിപ്പുള്ള ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി അംഗീകരിക്കാവുന്നതല്ല. നാളിതു വരെ ജനനി ഫെർട്ടിലിറ്റി സെന്ററിന്റെ വൈദ്യുതീകരണം സംബന്ധിച്ച് തീരുമാനമായിട്ടില്ല എന്നത് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു. മേൽ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കി രേഖാമൂലം അറിയിക്കുന്നത് വരെ ഈയിനത്തിൽ ചെലവ് ചെയ്ത ₹1,41,179/- തടസ്സത്തിൽ വക്കുന്നു.

## 1-32 ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കലൂർ |
| പ്രോജക്ടിന്റെ പേരും നമ്പരും | പാലിയേറ്റീവ് കെയർ (ഹോമിയോപ്പതി)(16/2023) |
| അടങ്കൽ | ₹20,00,000/-(പൊതുവിഭാഗം(സാധാരണവിഹിതം)) |

പ്രോജക്ടിനായി 2022-23 വർഷം ₹20,00,000/- ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹13,57,182/- രൂപ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-നാണ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക | ലഭ്യമാക്കിയ ഉപകരണങ്ങളുടെ വില(₹) | ലഭ്യമാക്കുവാൻ ബാക്കിയുള്ള ഉപകരണങ്ങളുടെ വില(₹) |
|---|---|---|---|
| 442/09.11.2022 | 7,20,125 | 5,93,073 | 1,27,052 |
| 1312/21.02.2023 | 4,36,873 | 48,143 | 3,88,730 |
| 1844/13.03.2023 | 2,00,184 | 85,582 | 1,14,602 |
| ആകെ | 13,57,182 | 7,26,798 | 6,30,384 |

നാളിതുവരെ ₹7,26,798/- രൂപയുള്ള മെഡിക്കൽ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായത്. ബാക്കിയുള്ള ₹6,30,384 വിലയുള്ള ഉപകരണങ്ങൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം വ്യക്തമാക്കേണ്ടതും ഉപകരണങ്ങൾ ലഭ്യമാകുന്ന മുറക്ക്, ആയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന്റെ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-33 കവർ & കെയർ - പ്രൊജക്ടിന്റെ ചെലവ് രേഖകൾ അപൂർണ്ണം

പട്ടിക വർഗ്ഗ സ്ത്രീകളുടെ സാമ്പത്തിക ഭദ്രത, ശാക്തീകരണം, അതുവഴി ആദിവാസി ഊരുകളുടെ ആരോഗ്യ പരിരക്ഷ, ബോധവൽക്കരണം, പ്രതിരോധമരുന്ന് വിതരണം തുടങ്ങിയ ലക്ഷ്യങ്ങളോടെ ജില്ലാ മെഡിക്കൽ

ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് കവർ& കെയർ-പട്ടിക വർഗ്ഗ വിഭാഗത്തിന് പേപ്പർ കവർ നിർമ്മാണം, ഹോമിയോപ്പതി ആരോഗ്യ പരിരക്ഷയും. (അടങ്കൽ 10,00,000/-(തനത് ഫണ്ട്)

ചെലവ് -₹1,76,700/- (ചെക്ക് നമ്പർ-6740677/18.03.2023-1,00,000,6740693/28.03.2023-76,700)

അതിദുർഘടമേഖലയിൽ താമസിക്കുന്ന ആദിവാസികൾക്ക് പെട്ടന്ന് ഉണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുവാൻ ആവശ്യമായ മരുന്നുകൾ അടങ്ങിയ മെഡിസിൻ കിറ്റ് വിതരണം ചെയ്യുക, പേപ്പർ കവർ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തെരഞ്ഞെടുക്കപ്പെട്ട ആദിവാസി ഊരുകളിൽ എത്തിച്ച് കവർ നിർമ്മാണം നടത്തുകയും, തയ്യാറായ കവറുകൾ ശേഖരിച്ച് വിതരണത്തിന് എത്തിക്കുന്നതുമായിരുന്ന പദ്ധതി. ഹോമിയോ/ആയുർവ്വേദ മരുന്നുകൾ പേപ്പർ കവറിലാണ്നൽകുന്നത് എന്നതിനാൽ ആദിവാസി ഊരുകളിൽ നിർമ്മിച്ച പേപ്പർ കവർ ഉപയോഗപ്പെടുത്താനാകും എന്ന് പദ്ധതി ലക്ഷ്യമിട്ടിരുന്നു.

ഏക വർഷ പദ്ധതിയായി തനത്ഫണ്ട് വകയിരുത്തി രൂപീകരിച്ച പദ്ധതിയുടെ ഫയൽ പരിശോധനയിൽ ആകെ നടന്നിട്ടുള്ളത് ഒരു പേപ്പർ ക്രീസീങ്ങ് മെഷീൻ വാങ്ങുക മാത്രമാണ്. മൂന്നു പേപ്പർ കവർ യൂണിറ്റുകൾ സ്ഥാപിക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ആദ്യ യൂണിറ്റ് എളംബ്ലാശ്ശേരിയിൽ സ്ഥാപിച്ച്, 30 പേർക്ക് ട്രയിനിംഗ് നൽകി, അതിൽ നിന്നും 20 പേരുടെ ലിസ്റ്റ് തയ്യാറാക്കി 10 പേരെ തെരഞ്ഞടുത്ത് ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ 30.11.2022 ൽ തീരുമാനിച്ചിരുന്നു. എന്നാൽ 19.01.2023 ൽ എ1-298/2022/ ഡിഎംഒ തിയതി 19.01.2023 നമ്പർ കത്ത് പ്രകാരം പേപ്പർ കവർ നിർമ്മാണ യൂണിറ്റ് സംബന്ധമായി വേണ്ടത്ര സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാലും, മെഷീനറി, അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം, ട്രെയിനിംഗ് മാർക്കറ്റിംഗ് എന്നിവയിലുള്ള പരിചയമില്ലായ്മയും കാരണം പ്രോജക്ട് നടത്തുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ഈ പ്രോജക്റ്റ് റദ്ദ് ചെയ്ത് നൽകുവാൻ ഡി.എം. ഒ. അപേക്ഷിച്ചിട്ടുണ്ട്.

23.01.2023 ൽ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയപ്പോൾ ആദ്യയൂണിറ്റ് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഊരുകളിൽ മാസത്തിലൊരിക്കൽ മെഡിക്കൽ ക്യമ്പ് നടത്തി പ്രതിരോധമരുന്ന് വിതരണം ചെയ്യുവാനും തീരുമാനിച്ചിരുന്നു. കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ സാധാരണ യോഗം 5(1) നമ്പർ തീരുമാന പ്രകാരം അഞ്ചുകുടി എംജിഎൽസി കെട്ടിടം കവർ&കെയർ പദ്ധതിക്ക് വിട്ടുനൽകുവാനും തീരുമാനിച്ചിരുന്നു.

പ്രൊജക്ടിന്റെ നടത്തിപ്പിലെ താഴെ പറയുന്ന അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം നം.54/18.11.2023- പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു

1)2022-23 വർഷത്തിൽ 10 ലക്ഷം രൂപാ തനത് ഫണ്ട് വകയിരുത്തിയ പദ്ധതിയിൽ ഒരു മെഡിക്കൽ ക്യാമ്പ് പോലും നടത്തിയിട്ടില്ല

2)മെഷീൻ വാങ്ങുന്നതിനായി ക്ഷണിച്ച ക്വട്ടേഷനിൽ എറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബയോവേ പാക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് കോട്ടയം എന്ന സ്ഥാപനത്തിന് 24 ഇഞ്ച് പേപ്പർ ബാഗ് മെഷീൻ ബാഗ് മാസ്റ്റർ നാനോ വാങ്ങാൻ 76,700/- രൂപക്ക് വർക്ക് ഓർഡർ നൽകി. (മെഷീൻ വില 65,000/- + 18% GST = 76,700/-). ഇതേ സ്ഥാപനം 01.11.2022 ൽ നൽകിയ ക്വട്ടേഷനിൽ 24 ഇഞ്ച് പേപ്പർ ബാഗ് മെഷീൻ ബാഗ് മാസ്റ്റർ നാനോയുടെ വില രേഖപ്പെടുത്തിയിരിക്കുന്നത് 54,000/- രൂപയാണ്. GST ഉൾപ്പെടെ വില 63,720/- രൂപാ. ബയോവേ പാക്ക്സ് എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ വില 54,000/- രൂപാ മാത്രമാണ്. ഇപ്രകാരം വിലവ്യത്യാസം വന്നതിന് കാരണം അന്വേഷിച്ചിട്ടില്ല. 12,980/- രൂപാ അധികം നൽകേണ്ടി വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)പേപ്പർ കവർ നിർമ്മാണത്തിനായി ഒരു പേപ്പർ ക്രീസിങ്ങ് മെഷീൻ മാത്രമാണ് (പേപ്പർ നിശ്ചിത അളവിൽ മടക്കുന്നതിനുള്ളത്) വാങ്ങിയിട്ടുള്ളത്. കവർ നിർമ്മിക്കുവാൻ മറ്റ് തരത്തിലുള്ള ഉപകരണങ്ങൾ (ഉദാ - പേപ്പർ മുറിക്കുന്ന മെഷീൻ), അസംസ്കൃത വസ്തുക്കൾ (പേപ്പർ, പശ, ചരട്) എന്നിവയൊന്നുമില്ലാതെ പദ്ധതി എങ്ങിനെ നടപ്പാക്കും എന്നതിന് വിശദീകരണം നൽകേണ്ടതാണ്. 2023 മാർച്ചിൽ ലഭിച്ച പേപ്പർ

ക്രീസിങ്ങ് മെഷീൻ സ്റ്റോക്കിലെടുത്ത വിവരം, ആരെയാണ് പ്രവർത്തിപ്പിക്കാനായി ചുമതലപ്പെടുത്തിയത്, എവിടെ സ്ഥാപിച്ചു തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

4)ആരോഗ്യപരിപാലനത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥൻ അതിന് മുൻഗണന നൽകാതെ സാമൂഹിക ഉന്നമനം ലക്ഷ്യമിട്ട് പദ്ധതി എറ്റെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി കൊണ്ട് ഗുണകരമായ മാറ്റം ലഭ്യമാകണമെങ്കിൽ ഉൽപ്പന്നത്തിന്റെ വിപണനം അഥവാ ഉപയോഗത്തിന് മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ, എന്ന് അറിയിക്കേണ്ടതാണ്.

5) ആകെ 76,700/ രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി തുകയുടെ ചെലവ് വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

മേൽഅപാകതകളിന്മേലുള്ള മറുപടി -19.12.2023-ന് ലഭ്യമാക്കിയിരുന്നു. മറുപടിയിൽ പ്രൊജക്റ്റ് 16.12.2023- ഉദ്ഘാടനം ചെയ്തതായി അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രൊജക്ടിന്റെ അടങ്കൽ ₹2,50,000 -ആക്കി പുതുക്കി നിശ്ചയിച്ചിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പേപ്പർ നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തിയതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, ആയതിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പേപ്പർ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെ വിവരങ്ങൾ, കവർ നിർമ്മാണം നടത്തിയതിന്റെ വിവരങ്ങൾ, വിപണനം നടത്തിയതിന്റെ വിവരങ്ങൾ എന്നിവയുടെ രേഖകൾ സഹിതം ഹാജരാക്കിയിട്ടില്ല. കൂടാതെ വില സംബന്ധിച്ച് കമ്പനി അറിയിച്ച വിവരങ്ങളുടെ രേഖകളും ഹാജരാക്കിയിട്ടില്ല. കൂടാതെ 1,00,000 രൂപയ്ക്ക് ഹോംകോയിൽ നിന്ന് മരുന്നു വാങ്ങിയതായി അറിയിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ 1,76,700/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 സ്റ്റൈപ്പന്റ് നൽകി പരിശീലനം നൽകിയ ഉദ്യോഗാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയില്ല. 1,26,083 രൂപ തിരികെ ഈടാക്കണം.

കൈത്തറിയ്ക്കൊരു കൈത്താങ്ങ് - ഐരാപുരം ഖാദി നെയ്ത്ത് കേന്ദ്രം വിപുലീകരണം (പ്രൊ.നം.- 248/23) എന്ന പ്രോജക്ട് (നിർവഹണ ഉദ്യോഗസ്ഥൻ-പ്രോജക്ട് ഓഫീസർ, ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ്) ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 2,000 രൂപ വീതം 10 മാസ കാലയളവിൽ സ്റ്റൈപ്പെൻഡ് നൽകി നെയ്ത്ത് കേന്ദ്രങ്ങളിൽ പരിശീലനം നൽകുകയും ആയതിന് ശേഷം പ്രസ്തുത തൊഴിലാളികൾക്ക് സ്ഥാപനത്തിൽ തൊഴിൽ നൽകുകയും ചെയ്യുന്ന രീതിയിലായിരുന്നു വിഭാവനം ചെയ്തിരുന്നത്. പരിശീലനത്തിന് ശേഷം 3 വർഷക്കാലം സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കണം എന്നുള്ള എഗ്രിമെന്റ് അംഗീകരിച്ചാണ് എല്ലാ ഉദ്യോഗാർത്ഥികളും പരിശീലനമാരംഭിച്ചത്. എന്നാൽ പരിശീലനം പൂർത്തീകരിച്ച പല ഉദ്യോഗാർത്ഥികളും സ്ഥാപനത്തിൽ തുടർന്ന് ജോലിയിൽ പ്രവേശിച്ചതായി കാണുന്നില്ല. സ്റ്റൈപ്പെൻഡ് ഇനത്തിൽ നൽകിയ 1,26,083 ഉദ്യോഗാർത്ഥികളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖ-3-1 ൽ ചേർത്തിട്ടുണ്ട്.

## 1-35 ഉപകരണങ്ങൾ ലഭ്യമായതിന്റെയോ ഉപയോഗപ്രദമാണെന്നതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.10,00,000 രൂപ തടസ്സപ്പെടുത്തുന്നു.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കുള്ള ഫിസിയോ തെറാപ്പി സൗകര്യമൊരുക്കൽ (പ്രൊ.നം - 507/23) എന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 20 ബഡ്സ് സ്കൂളുകൾക്ക് 10,00,000 രൂപ ചെലവ് ചെയ്ത് നൂതന തെറാപ്പി ഉപകരണം (Nibodh – Mini) വാങ്ങി നൽകിയതായി കാണുന്നു. ആയതിനായി 10,00,000 രൂപ (ഇൻവോയ്സ് നം. – PR/130/22-23/22.03.23, )ഉപകരണം നൽകിയ കെൽട്രോണിന് നൽകിയിട്ടുണ്ട്.

മേൽ പ്രൊജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). പദ്ധതിക്കായി തെരഞ്ഞെടുത്ത ബഡ്സ് സ്ഥാപനങ്ങൾക്ക് ബഡ്സ് ജില്ലാ ഉപദേശക സമിതിയുടെ അംഗീകാരം വേണമെന്ന് പ്രൊജക്ട് റിപ്പോർട്ടിൽ കാണുന്നു. ഇത്തരത്തിൽ അംഗീകാരം നൽകിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

(ബി). പല്ലാരിമംഗലം, വാളകം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകളുടെ അപേക്ഷയും മറ്റ് രേഖകളും ഹാജരാക്കിയില്ല.

(സി). ചെലവ് തുകയുടെ സാംഖ്യ ബിൽ ഹാജരാക്കിയില്ല.

(ഡി). നിർവഹണത്തിന് ശേഷം, പദ്ധതി ജില്ലാ ഉപദേശക സമിതി വിലയിരുത്തണം എന്ന പ്രൊജക്ട് റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലായതിന്റെ രേഖകൾ ഹാജരാക്കിയില്ല.

(ഇ). Nibodh – Mini എന്ന ഉപകരണം ലഭ്യമാക്കിയിരുന്നോ എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. ലഭ്യമായിരുന്നെങ്കിൽ ഓരോ ബഡ്സ് സ്കൂളിനും പ്രസ്തുത ഉപകരണം നൽകിയതിന്റെ വിതരണ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന ബഡ്സ് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രങ്ങളും ഹാജരാക്കേണ്ടതാണ്.

(എഫ്). ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് തെറാപ്പിസ്റ്റുകൾക്ക് ട്രെയിനിംഗ് നൽകണമെന്ന് പ്രൊജക്ട് റിപ്പോർട്ടിൽ കാണുന്നു. തെറാപ്പിസ്റ്റുകൾക്ക് ട്രെയിനിംഗ് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഉപകരണങ്ങൾ ലഭ്യമായോ എന്നും ആയത് ഉപയോഗപ്രദമാണോ എന്നും വ്യക്തമാകാത്ത സാഹചര്യത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച 10,00,000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**1-36 ലഭ്യമാക്കിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല.2,76,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എനി ടൈം മിൽക്ക് (പ്രൊ നം - 544/23) എന്ന പദ്ധതിയുടെ ഭാഗമായി മൂന്ന് കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം നൽകി. ബ്രെയിൻ ട്രസ്റ്റ് അസോസിയേറ്റ്സ് എളങ്കുന്നപ്പുഴ, ക്ഷീരമിത്ര എ.ടി.എം യൂണിറ്റ് കോട്ടപ്പടി, ഗോ മിൽക്ക് എ.ടി.എം കാഞ്ഞൂർ എന്നീ യൂണിറ്റുകൾക്ക് 3,75,000 രൂപ സബിസിഡി നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം - 1599/04.03.2023 – 7,50,000 (എളങ്കുന്നപ്പുഴ – 3,75,000 രൂപ, കാഞ്ഞൂർ - 3,75,000 രൂപ)

2. ബിൽ നം - 1622/04.03.2023 – 3,75,000 (കോട്ടപ്പടി – 3,75,000)

മേൽ തുകയ്ക്ക് ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ഫാം ടെക്, ചേന്ദമംഗലം എന്ന സ്ഥാപനം ഓരോ യൂണിറ്റിനും നൽകിയതായി ഫയലിൽ ചേർത്തിട്ടുണ്ട്.

1. 200 Ltr Milk ATM Top Model – 1 Nos – 2,67,000 രൂപ

2. Geyser For Hot Water – 1 Nos – 6,750 രൂപ

3. Pras GR li AE GS 300 LPH Cream Separator – 1 Nos – 57,500 രൂപ

4. Coral 30 Ltr Madhani (Curd Perculator) – 1 Nos – 3,000 രൂപ

5. Manual Sip Up Packing Machine – 1 Nos – 26,000 രൂപ

6. Manual Batch Coding Stamp – 1 Nos – 5,750 രൂപ

7. ATM Card – 1 Nos – 9,000 രൂപ

ഈ കാര്യാലയത്തിൽ നിന്നും മേൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ നിന്ന് ക്രമ നം. 1,2 എന്നീ ഉപകരണങ്ങൾ മാത്രമാണ് ഓരോ സ്ഥാപനവും ഉപയോഗിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ക്രമ നം. 3,4,5,6 എന്നീ ഉപകരണങ്ങൾ ഏത് രീതിയിൽ പ്രവർത്തിപ്പിക്കണമെന്നതിനെക്കുറിച്ച് പരിശീലനം നൽകിയിട്ടില്ല എന്ന് യൂണിറ്റംഗങ്ങൾ വ്യക്തമാക്കി. ക്രമ നം. 7 ലെ ATM Card എന്ന ഉപകരണത്തിന്

ഇപ്പോൾ പ്രസക്തിയുണ്ടോ എന്ന് സംശയമാണ്. യു.പി.ഐ പോലുള്ള ആധുനിക സങ്കേതിക വിദ്യകൾ കൈവശമുള്ളതിനാൽ ഒരു മാസത്തേക്കുള്ള തുക മുൻകൂർ നൽകി കാർഡ് ഉപയോഗിച്ച് പാൽ ലഭ്യമാക്കുന്നതിന് ആവശ്യക്കാരില്ല എന്ന് കാണുന്നു. എങ്കിലും ആയത് പ്രവർത്തന ക്ഷമമാണെന്ന് പരിശോധനയിൽ വ്യക്തമായി. നിലവിൽ ഉപയോഗിക്കാതിരിക്കുന്ന ക്രമ നം. 3,4,5,6 എന്നിവയിലെ ഉപകരണങ്ങൾ കൃത്യമായ പരിശീലനം നൽകി ഉപയോഗയോഗ്യമാക്കി തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ആയതിന് ചെലവായ 2,76,750 രൂപയുടെ {(57,500+3,000+26,000+5,750) *3} ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-37 തുക നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്തനക്ഷമമായില്ല - 27,64,124 രൂപ തടസ്സപ്പെടുത്തുന്നു.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വർക്ക് ഫ്രം നെയ്ബർ ഹുഡ് - അനുബന്ധ സൗകര്യങ്ങൾ (പ്രൊ നം - 477/23) എന്ന പദ്ധതിയുടെ ഭാഗമായി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് രണ്ട് ഇൻവോയ്സുകളിലായി 27,64,124 രൂപ നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം - 2752/27.03.2023 – 27,64,124

A. ഇൻവോയ്സ് നം : CRO/WC/22-23/063/24-3-23 – 8,26,620

B. ഇൻവോയ്സ് നം : CRO/WC/22-23/062/24-3-23 – 19,37,504

(എ). തിരുമാറാടി ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടത്തിലാണ് മേൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 11.12.2023 ൽ മേൽ സ്ഥാപനത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ രണ്ട് ഇൻവോയ്സുകളിലെയും ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ സ്ഥാപിച്ചതായി കാണുന്നില്ല.

1. Supply & Installation Of WiFi Modem ADSL – 1 Nos – 5,285 രൂപ (ഇൻവോയ്സ് A)

2. Supply & Installation Of Wall Mount Fan – 1 Nos – 4,669.76 രൂപ (ഇൻവോയ്സിൽ 8 എണ്ണം കാണുന്നുണ്ട്. പ്രാദേശിക പരിശോധനയിൽ 7 എണ്ണം മാത്രമാണ് കാണപ്പെട്ടത്.) (ഇൻവോയ്സ് A)

3. Supplying Processor Intel Corei-3 RAM – 1 Nos 49,000 രൂപ (ഇൻവോയ്സ് A)

4. Providing Light Board 10Ft*3 Feet Board – 1 Nos – 26,534.26 രൂപ ( ഇൻവോയ്സ് B)

5. Providing Opening Ceremony Plaque Size -60 CmL*45cm H – 1 Nos – 5,006.46 രൂപ (ഇൻവോയ്സ് B)

6. Hard Wood Name Board Size:36”*8” – 4 Nos – (4*16,994.9) 67,979 രൂപ (ഇൻവോയ്സ് B)

7. Supplying Floor Carpet – (33.110*646.68) – 21,411.57 രൂപ (ഇൻവോയ്സ് B)

(Rate + 18% GST + 1 %CWWF)

(ബി). പദ്ധതി ഏത് രീതിയിലാണ് നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഹാജരാക്കിയ ഫയലുകളിൽ ഇല്ലായിരുന്നു. നിലവിൽ ഉപകരണങ്ങളെല്ലാം പൊടിപിടിച്ച് ഉപയോഗിയ്ക്കാത്ത അവസ്ഥയിലാണ്. ലഭ്യമാക്കിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഏത് സ്ഥാപനത്തിനായിരിക്കും മേൽ പദ്ധതിയുടെ നടത്തിപ്പിന്റെ നിയന്ത്രണം എന്നത് വ്യക്തമല്ല. മേൽ അപാകതയെല്ലാം വ്യക്തമായ, തെളിവ് സഹിതമുള്ള മറുപടി ഹാജരാക്കുകയും സ്ഥാപനം പ്രവർത്തനയോഗ്യമാകുകയും ചെയ്യുന്നത് വരെ 27,64,124 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 പദ്ധതി പ്രവർത്തനം നിലച്ചു.25,72,322 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ നിർവഹണ

ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മാലിന്യ നിർമ്മാർജ്ജനം - ജൈവവള നിർമ്മാണ യൂണിറ്റ് (പ്രൊ നം - 764/23, 1491/23) എന്ന പദ്ധതികളുടെ ഭാഗമായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, മുണ്ടൂർ എന്ന സ്ഥാപനത്തിന് മേൽ രണ്ട് പദ്ധതികളിലുമായി മൂന്ന് ബില്ലുകളിലായി 25,72,322 രൂപ നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം - 1985/15.03.2023– 22,10,326

2. ബിൽ നം - 2996/29.03.2023 – 61,996

3. ബിൽ നം - 2745/27.03.2023 – 3,00,000

(എ). 2023 നവംബർ - 7 മുതൽ മേൽ സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണെന്ന് കാണുന്നു. മേൽ യൂണിറ്റിലെ വളം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ വിൽപ്പന നടത്തി വരുമാനം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രൊജക്ട് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നത്. 9,340 Kg, 1,000 Kg എന്നിങ്ങനെ യഥാക്രമം നേര്യമംഗലം, ഒക്കൽ എന്നീ കൃഷി ഫാമുകൾക്ക് നൽകിയിട്ടുണ്ട്. 910 Kg റിട്ടെയിൽ വിൽപ്പനയും അടക്കം ആകെ 11,250 Kg മാത്രമാണ് ഇതുവരെ വിൽപ്പന നടത്തിയത് എന്ന് സ്ഥാപനത്തിലെ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഇനിയും 5,000 Kg ജൈവവളം സ്റ്റോക്കിൽ കാണുന്നുണ്ട്. ഉത്പാദിപ്പിച്ച ജൈവവളം വിൽക്കാൻ സാധിക്കാത്തതിനാൽ സ്റ്റോക്ക് ചെയ്യാനുള്ള സ്ഥലപരിമിതി കാരണമാണ് ഉത്പാദനം നിർത്തിവച്ചത്. 1,25,355 Kg പച്ചക്കറി മാലിന്യം ഇതിനോടകം ജൈവവളമാക്കിക്കഴിഞ്ഞതായി യൂണിറ്റിലെ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. 3,000 Kg പച്ചക്കറി മാലിന്യം സംസ്കരിക്കുന്നതിനായി സ്റ്റോക്കിൽ ഉണ്ട്. സ്ഥാപനത്തിലെ 4 ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും വളം നിർമ്മാണത്തിന് അത്യാവശ്യം വേണ്ട ഇനോക്കുലം വാങ്ങുന്നതിനും വളം വൽപ്പന വഴി ലഭിക്കുന്ന വരുമാനമാണ് ആശ്രയം. മേൽ വിവരം സൂചിപ്പിച്ചുകൊണ്ട് രണ്ട് കത്ത് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. ആയതിന്മേൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമല്ല.

(ബി). ജൈവവളത്തിന്റെ നിർമ്മാണ വേളയിൽ പച്ചക്കറി മാലിന്യത്തിന്റെ സംസ്കരണ ഘട്ടത്തിൽ മലിനജലം വൻതോതിൽ ഉണ്ടാകുന്നുവെന്നതും ആയത് മൂലം യൂണിറ്റ് പ്രവർത്തനം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും യൂണിറ്റ് അധികൃതർ വ്യക്തമാക്കി. കുടുംബശ്രീ മിഷൻ കോർഡിനേറ്ററും ഐ.ആർ.ടി.സി.പ്രൊജക്ട് ഇംപ്ലിമെന്റേഷൻ സെക്രട്ടറിയും തമ്മിലുള്ള 25.02.2022 ലെ എഗ്രിമെന്റ് ക്ളോസ് - 11 പ്രകാരം, വളം നിർമ്മാണം മൂലം ദുർഗന്ധമോ പരിസരവാസികൾക്ക് ശല്യമോ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ ഏർപ്പെടുത്താൻ കുടുംബശ്രീക്ക് ഐ.ആർ.ടി.സിയുടെ സഹകരണം ഉണ്ടാകേണ്ടതാണ് എന്ന് ചേർത്തിട്ടുണ്ട്. കൂടാതെ ക്ളോസ് - 8 ൽ യൂണിറ്റിനാവശ്യമായ പരിശീലന പിന്തുണ സഹായവും ചുരുങ്ങിയത് 6 മാസത്തേയ്ക്ക് പ്രശ്ന പരിഹാര സംവിധാനവും തുടരേണ്ടതാണ് എന്നും ചേർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ അപാകത പരിഹരിച്ച് തരേണ്ടത് ഐ.ആർ.ടി.സിയുടെ ഉത്തരവാദിത്തമാണ്. ആയതിനായി തുടർ നടപടികൾ സ്വീകരിക്കുക. അല്ലാത്ത പക്ഷം എഗ്രിമെന്റിന്റെ ലംഘനമായി കാണേണ്ടിവരും.

(സി). ഫൈനൽ ബില്ലിനൊടൊപ്പം എം-ബുക്കും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ് എന്ന എഗ്രിമെന്റിലെ ക്ളോസ് - 6 ലെ നിബന്ധന പാലിച്ചിട്ടില്ല.

4. ബിൽ നം. 1985/15.03.2023 ൽ നിന്നും IT, GST TDS, KBOCWWF എന്നിവയും ബിൽ നം. 2745/27.03.2023ൽ നിന്നും IT, GST TDS എന്നിവയും കുറവ് ചെയ്തതായി കാണുന്നില്ല. എന്നാൽ ബിൽ നം. 2996/29.03.2023 ൽ നിന്നും IT, GST TDS, KBOCWWF എന്നീ ഇനങ്ങൾ കുറവ് ചെയ്തതായി കാണുന്നു.

മേൽ അപാകതയെല്ലാം വ്യക്തമായ, തെളിവ് സഹിതമുള്ള മറുപടി ഹാജരാക്കുകയും സ്ഥാപനം പ്രവർത്തനയോഗ്യമാകുകയും ചെയ്യുന്നത് വരെ 25,72,322 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-39 പദ്ധതി പൂർത്തീകരണം സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയില്ല. 10,00,000 രൂപ തടസ്സപ്പെടുത്തുന്നു

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വ്യാപന പദ്ധതിയുടെ (പ്രൊ നം - 474/23) ഭാഗമായി ₹10,00,000/- (ബിൽ നം - 1600/04.03.2023 – ₹10,00,000) പച്ചക്കറിത്തൈകൾ ജില്ലയിലെ വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

8 സ്ഥാപനങ്ങളിൽ നിന്ന് വിത്ത് വാങ്ങി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകിയിരിക്കുന്നു. ഇതിൽ ജൈവിക പ്ളാന്റ് നഴ്സറി, കവളങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും ₹3,53,655/-ന് വിത്ത് വാങ്ങിയതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ,സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓരോ കുടുംബശ്രീ ഗ്രൂപ്പുകളുടെ ഒരു അപേക്ഷ ഫോറവും, തൈകൾ കൈപ്പറ്റി പച്ചക്കറി കൃഷി ചെയ്യുന്നതാണ് എന്ന വിവിധ ഗ്രാമ പഞ്ചായത്തുകളുടെ സി.ഡി.എസ് ചെയർപേർസന്റെ സാക്ഷ്യ പത്രവും മാത്രമാണ് ഓഡിറ്റിന് പരിശോധനയ്ക്കായി നൽകിയത്. ചില അപേക്ഷ ഫോറങ്ങളിൽ ലഭ്യമായ തൈകളുടെ എണ്ണം ചേർത്തിട്ടുണ്ട്. പദ്ധതി തുടങ്ങുന്നതിന് മുൻപ് നൽകുന്നതാണ് അപേക്ഷ ഫോറം. ആയതിൽ ലഭ്യമായ തൈകളുടെ വിവരം ചേർക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല. ചില അപേക്ഷ ഫോറങ്ങളിൽ മേൽ വിവരം ചേർത്തിട്ടില്ല. ഹാജരാക്കിയ ബില്ലുകളിൽ വഴുതന, വെണ്ട, തക്കാളി, പച്ചമുളക്, പയർ, വെള്ളരി എന്നീ ഇനങ്ങളാണ് ലഭ്യമാക്കി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതായി കാണുന്നത്. എന്നാൽ ഗ്രൂപ്പുകൾ ഹാജരാക്കിയ വിവിധ അപേക്ഷ ഫോറങ്ങളിൽ കപ്പ, വാഴ, ചേന, ചേമ്പ്, നെല്ല്, മഞ്ഞൾ. കാച്ചിൽ, ഇഞ്ചി, ചീര, കപ്പങ്ങ എന്നിങ്ങനെ പല വിളകളും കാണുന്നു. തൈകൾ നൽകിയതിന് വിതരണ രജിസ്റ്ററോ, ആയത് കൈപ്പറ്റിയതിന് കൈപ്പറ്റ് രേഖയോ ഹാജരാക്കിയിട്ടില്ല. പച്ചക്കറികൃഷി ചെയ്തതായി ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിന്റെ ഒരു റിപ്പോർട്ടോ ഒരു ഫോട്ടോ പോലുമോ ഹാജരാക്കിയില്ല. പദ്ധതി വിജയകരമായി പൂർത്തീകരിച്ചു എന്ന് രേഖാമൂലം തെളിയിക്കുന്നത് വരെ പദ്ധതിയ്ക്ക് ചെലവായ ₹10,00,000 തടസ്സപ്പെടുത്തുന്നു. ഹാജരാക്കാതിരുന്ന 3,53,655 രൂപയുടെ ടാക്സ് ഇൻവോയ്സും ഹാജരാക്കേണ്ടതാണ്.

### 1-40 ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ ഡോക്യുമെന്റേഷൻ-(0671/23)-അപാകങ്ങൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 50,00,00 |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവഴിച്ച തുക | ₹70,000(ചെക്ക് നമ്പർ 6740619/20.02.2023) |

ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികളെ കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനും സർക്കാരിലേക്കും അവാർഡ് നിർണ്ണയത്തിനും അയച്ച കൊടുക്കുന്നതിനും, വിവിധ സംസ്ഥാനങ്ങളിൽ നിന്നും, രാജ്യത്തിനു പുറത്തുനിന്നും ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളെകുറിച്ച് പഠിക്കുവാൻ എത്തുന്നവർക്ക് പ്രദർശിപ്പിക്കുന്നതിനുമായിട്ടാണ് ജില്ലാ പഞ്ചായത്ത്, പദ്ധതികളുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള ഈ പ്രോജക്ട് ഏറ്റെടുത്തത്. ആയതിലേക്ക് ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുകയും, ജില്ലാ പഞ്ചായത്ത് 2021-22 വർഷം നടപ്പിലാക്കിയ പദ്ധതികളെകുറിച്ച് ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി മീഡിയ അക്കാഡമിയെ ഏല്പിക്കുകയും ചെയ്തു (ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 22.11.2022-ലെ 1.5 തീരുമാനം) എന്ന ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ മീഡിയ അക്കാഡമിയുമായി കരാർ ചമച്ചതിന്റെ വിവരങ്ങൾ ഇല്ല. ഡോക്യുമെന്ററിക്കായി ആകെ 90 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ തയ്യാറാക്കണമെന്നും, ആയത് എഡിറ്റ് ചെയ്ത് 30 മിനിറ്റ്, 15-20 മിനിറ്റ് എന്നിങ്ങനെ രണ്ടു പ്രകാരത്തിൽ കൂടി ലഭ്യമാക്കണമെന്നും പ്രോജക്ട് നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് ക്ഷണിച്ച താൽപ്പര്യപത്രത്തിലെ നിബന്ധനകളിൽ നിഷ്കർഷിച്ചിരുന്നു. ഡോക്യുമെന്ററി

തയ്യാറാക്കുന്നതിനായി ₹70,000 ചെലവഴിച്ചിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ 07.02.2023 ലെ ഉത്തരവ് നമ്പർ ഡി.പി6-148/22) ഡോക്യുമെന്ററിയുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇപ്രകാരമൊരു പ്രോജക്ട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളെകുറിച്ച് രാജ്യത്തിനകത്തും പുറത്തുമുള്ള ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനാകയാൽ തന്നെ, ആയത് ജില്ലാ പഞ്ചായത്തിന്റെ വെബ്സൈറ്റിലും, സർക്കാർ വെബ്സൈറ്റുകളിലും, സാമൂഹ്യമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കേണ്ടത് ആവശ്യമായിരുന്നു. അപ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും ഇവിടെ ചെയ്തിട്ടില്ല. കൂടാതെ പ്രോജക്ട് മോണിട്ടറിംഗ് നടത്തിയതിന്റെ റിപ്പോർട്ടും ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.10/10.08.2023) മറുപടി ലഭ്യമാക്കുകയോ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹70,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-41 ഓപ്പൺ ജിം -ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ ഓപ്പൺ ജിം എന്ന പ്രോജക്ടിന്റെ നടത്തിപ്പിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,51,00,000 |
| ഫണ്ട് | വികസന ഫണ്ട്(പൊതുവിഭാഗം) |
| ചെലവഴിച്ച തുക | ₹1,49,80,000/- (ബിൽ നമ്പർ- 2749/27.03.2023) |
| ഇൻവോയ്സ് നമ്പർ (സിഡ്കോ)/തുക | EKM/22-23/502 24.3.2023-1,49,80,000/- |

പദ്ധതി നടത്തിപ്പിനായി ഓപ്പൺ ടെണ്ടർ ക്ഷണിക്കുന്നതിനു പകരം സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽനിന്ന് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. (30.12.2022-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 8(3) പ്രകാരം) ഏറ്റവും കുറഞ്ഞ തുകയായ ₹1,40,06,132 ക്വോട്ട് ചെയ്തിരിക്കുന്നത് ആർട്കോ (മലപ്പുറം) ആണ്. തൊട്ടു മുകളിലുള്ള തുകയായ ₹1,68,33,040 ക്വോട്ട് ചെയ്തിരിക്കുന്നത് സിഡ്കോ-യാണ്. (എന്നാൽ ജില്ലാ പഞ്ചായത്ത് നെഗോസ്യേഷൻ നടത്തിയതിനെ തുടർന്ന് ഈ തുക സിഡ്കോ മാനേജരുടെ കത്ത് നമ്പർ Sidco/sse/ekm/2022-23/0233 പ്രകാരം ₹1,49,80,000രൂപയായി കുറച്ചിട്ടുണ്ട്.) ആർട്കോ (മലപ്പുറം)ക്ക് ഉപകരണങ്ങൾ അതിന്റെ ശരിയായ രൂപത്തിൽ കൊണ്ടുവരുവാൻ സാധിച്ചില്ല. മെഷീനുകളുടെ ടെക്നിക്കൽ ഇവാല്യുവേഷൻ 01.03.2023-ൽ നടത്തിയതിൽ, കെ.എസ്.ഐ.ഇ.യും സിഡ്കോയും കൊണ്ടുവന്ന ഉപകരണങ്ങൾ എല്ലാ സ്പെസിഫിക്കേഷൻസും പൂർത്തീകരിക്കുന്നതാണെങ്കിലും, ഗുണനിലവാരമുള്ള ഉപകരണങ്ങൾ കൊണ്ടു വന്നത് സിഡ്കോ ആണെന്നും, ആയതിനാൽ സിഡ്കോക്ക് ടെണ്ടർ ഉറപ്പിച്ചുനൽകുന്നതാണ് ഉചിതമെന്നും ടെക്നിക്കൽ കമ്മിറ്റി അഭിപ്രായപ്പെട്ടു. 02.03.2023- ലെ കമ്മിറ്റി തീരുമാനപ്രകാരം സിഡ്കോ-ക്ക് ടെണ്ടർ ഉറപ്പിച്ചു നൽകി

പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചില അപാകങ്ങൾ ശ്രദ്ധയിൽപെട്ടു. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

1). പദ്ധതി നടത്തിപ്പിനായി ഓപ്പൺ ടെണ്ടർ ക്ഷണിക്കുന്നതിനു പകരം സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽനിന്ന് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. സർക്കാർ അക്രഡിറ്റഡ് ഏജൻസികളായ ആർട്കോ ലിമിറ്റഡ്, കെ.എസ്.ഐ.ഇ.ലിമിറ്റഡ്, സിഡ്കോ, കെൽട്രോൺ, കാഡ്കോ, എഫ്.ഐ.റ്റി.ആലുവ, ഇൻകെൽ, കെൽ, സിൽക്ക് എന്നീ സ്ഥാപനങ്ങൾക്ക്

ടെണ്ടർനോട്ടീസ് (04.02.2023 ലെ ടെണ്ടർ നോട്ടീസ് നമ്പർഡി.പി.13-1808/22) അയച്ചു നൽകിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെയൊന്നും തന്നെ ജിമ്മിനുവേണ്ടിയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായി സർക്കാർ തീരുമാനിച്ചിട്ടുള്ളതല്ല.

സിഡ്കോക്ക് ടെണ്ടർ വ്യവസ്ഥകളിൽ ഇളവു കൊടുത്തിരിക്കുന്നത് സ്ഥാപനം സ്വയം നിർമ്മിച്ച സാമഗ്രികൾക്ക് മാത്രമാണ്. (ജി.ഒ.(ആർ.ടി.) 26/2015 /എസ്.പി.ഡി. 02.12.2016*പ്രകാരം).* ഇപ്രകാരം സിഡ്കോ നിർമ്മിക്കുന്ന മര, സ്റ്റീൽ, ഹോസ്പിറ്റൽ ഫർണിച്ചറുകൾക്ക് മാത്രമാണ് നിലവിൽ ടെണ്ടറിൽ പങ്കെടുക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിരിക്കുന്നത്. (ജി.ഒ.(ആർ.ടി.)32/2021/എസ്.പി.ഡി./22.11.2021). ആയതിനാൽ തന്നെ സിഡ്കോ ഓപ്പൺ ടെണ്ടറിൽ പങ്കെടുത്താൽ മാത്രമേ സിഡ്കോയിൽ നിന്നും ഓപ്പൺ ജിമ്മിനുള്ള ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ.

2) ജി.ഐ.ഫെൻസിങ്ങും, ഇന്റർലോക്ക് പ്ലാറ്റ്ഫോമും ഉൾപ്പെടെയുള്ള അനുബന്ധസൗകര്യങ്ങൾ ഓപ്പൺ ജിമ്മിനോടൊപ്പം സജ്ജമാക്കണമെന്നും പദ്ധതിമാർഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഓപ്പൺ ജിം സ്ഥാപിച്ച ചില സ്ഥലങ്ങളിൽ ഓഡിറ്റ് ഭൗതികപരിശോധന നടത്തിയതിൽ ഇപ്രകാരമുള്ള സൗകര്യങ്ങൾ എല്ലായിടത്തും ഏർപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു. പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ ഉപകരണങ്ങളൊന്നും തന്നെ കാണുവാൻ പോലും സാധിച്ചില്ല. പകരം കുറച്ച് സ്റ്റാൻഡുകൾ മാത്രമാണ് കണ്ടത്. ഇത്തരത്തിലെ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>പാമ്പാക്കുട ഗ്രാമപഞ്ചായത്ത്</u>



വരാപ്പുഴ ഗ്രാമപഞ്ചായത്ത്



| ഓപ്പൺ ജിം സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾ | റിമാർക്സ് |
|---|---|
| എടക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, പാർപ്പാംകോട് | ഇൻഡോർ സ്റ്റേഡിയത്തിൽ സ്ഥാപിച്ചിരിക്കുന്നു. നല്ല രീതിയിൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്.ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. |
| തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്- | വഴിയരികിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കൃത്യമായി ഉറപ്പിച്ചിട്ടില്ല. ജി.ഐ.ഫെൻസിങ്ങും , ഇന്റർലോക്ക് പ്ലാറ്റ്ഫോമുംഉൾപ്പെടെയുള്ള |

| | |
|---|---|
| | അനുബന്ധസൗകര്യങ്ങൾ സജ്ജമാക്കിയിട്ടില്ല. |
| പാമ്പാക്കുട ഗ്രാമപഞ്ചായത്ത് -ഗവ.എച്ച്.എസ്.എസ്. പാമ്പാക്കുട | ഓഡിറ്റ് പരിശോധനാ വേളയിൽ ഉപകരണങ്ങളൊന്നും തന്നെ കണ്ടില്ല. പകരം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഏഴ് സ്റ്റാൻഡുകൾ മാത്രമാണ് കണ്ടത്. |
| നായരമ്പലം ഗ്രാമപഞ്ചായത്ത് ഓഫീസ് യാർഡ് | നല്ല രീതിയിൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. |
| കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് | നല്ല രീതിയിൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. |
| കൈതാരം സ്കൂൾ, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | നല്ല രീതിയിൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. ഓപ്പൺ ജിമ്മിനു ചുറ്റും ജി.ഐ.ഫെൻസിങ്ങ് ഇല്ല. |
| ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | നല്ല രീതിയിൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. |
| വരാപ്പുഴ ഗ്രാമപഞ്ചായത്ത് | നല്ല രീതിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഓപ്പൺ ജിമ്മിനു ചുറ്റും ജി.ഐ.ഫെൻസിങ്ങ് ഇല്ല. ജലാശയത്തോടു ചേർന്ന് കിടക്കുന്നതാകയാൽ തന്നെ സംരക്ഷണവേലി ഇല്ലാത്തതിനാൽ അപകടസാധ്യത ഉള്ളതായി കാണുന്നു. |
| ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്-ഗവ. വി.എച്ച്.എസ്.എസ്.ഗ്രൗണ്ട് | ഉപകരണങ്ങൾ മണ്ണിൽ ഉറപ്പിച്ചുനിർത്തിയിരിക്കുന്നു. ഓപ്പൺ ജിമ്മിനു ചുറ്റും ജി.ഐ.ഫെൻസിങ്ങ് ഇല്ല. ഉപകരണങ്ങളുടെ പുറമേയുള്ള പ്ലാസ്റ്റിക് കവർ പൂർണ്ണമായും നീക്കം ചെയ്തിട്ടുപോലുമില്ല. |
| ആലങ്ങാട് ഗ്രാമപഞ്ചായത്ത് | നല്ല രീതിയിൽ ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. ഓപ്പൺ ജിമ്മിനു ചുറ്റും ജി.ഐ.ഫെൻസിങ്ങ് ഉണ്ട്. |

3). ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ഓപ്പൺ ജിമ്മിന്റെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമൊരു മോണിട്ടറിംഗ് നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

4). ജില്ലാ പഞ്ചായത്ത്, ഓപ്പൺ ജിം സ്ഥാപിക്കുവാനുദ്ദേശിച്ച 28 സ്ഥലങ്ങളിൽ അവ സ്ഥാപിച്ചിട്ടുണ്ടെന്ന വിവരം, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും അറിയിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ

ഇല്ല. ഓപ്പൺ ജിം സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രദേശത്തായതിനാൽ തന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും ആയവ ലഭ്യമാക്കേണ്ടതായിരുന്നു. ഈ കാരണങ്ങളാൽ തന്നെ കമ്മിറ്റി തീരുമാന പ്രകാരമുള്ള 28 സ്ഥലങ്ങളിലും ഓപ്പൺ ജിം സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5). 02.03.2023- ലെ കമ്മിറ്റി തീരുമാനപ്രകാരം സിഡ്കോ-ക്ക് ടെണ്ടർ ഉറപ്പിച്ചു നൽകിയത് ചില നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നു. ആയതിൽ പ്രധാനമായും 2023 മാർച്ച് 31-ന് മുമ്പ് ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യണം എന്നതായിരുന്നു. സപ്ലൈ ഓർഡർ പ്രകാരം 2023 മാർച്ച് 23 -ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. അപ്രകാരം ചെയ്തിട്ടില്ല. ആയത് സ്ഥാപിക്കുന്നതിന് മതിയായ കാരണങ്ങളില്ലാതെ വീഴ്ച വരുത്തിയാൽ താമസിക്കുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ ടെണ്ടർ തുകയിൽ നിന്നും കുറവു ചെയ്യുവാൻ ജില്ലാ പഞ്ചായത്തിനു അധികാരമുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. (കരാർ നമ്പർ 06/2023/DPEKM/07.03.2023-clause 3,9). എന്നാൽ സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ വീഴ്ച വരുത്തിയ സ്ഥാപനത്തിന് എതിരെ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ഫയലിൽ ഇല്ല. സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും കൈമാറിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/21.10.2023) ലഭ്യമാക്കിയ മറുപടിയിൽ ഓപ്പൺ ജിം പ്രവർത്തനക്ഷമമാക്കാത്തയിടങ്ങളിലെ ജോലികൾ അടിന്തിരമായി പൂർത്തിയാക്കി, ആയതിന്റെ പരിപാലനം സംബന്ധിച്ച കാര്യങ്ങൾ ക്രമപ്പെടുത്തി, ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സൂചിപ്പിച്ചിരുന്നുവെങ്കിലും ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഓപ്പൺ ജിം, നിർദ്ദേശിക്കപ്പെട്ട 28 സ്ഥലങ്ങളിലും സ്ഥാപിക്കുവാൻ കഴിയാതിരുന്നതിന് നിർവഹണഏജൻസിക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ഹാജരാക്കിയിട്ടില്ല.

പലയിടങ്ങളിലും ഓപ്പൺ ജിം സ്ഥാപിച്ചിരിക്കുന്നത് സ്കൂളുകളോടു ചേർന്നുള്ള ഗ്രൗണ്ടുകളിലാണ്. ഓപ്പൺ ജിം പോലുള്ളവ ഇപ്രകാരം സ്ഥാപിക്കുന്നത് സ്കൂളുകൾക്ക് സുരക്ഷാപ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

ഓപ്പൺ ജിം നിർദ്ദേശിക്കപ്പെട്ട 28 സ്ഥലങ്ങളിലും സ്ഥാപിച്ചതിന്റെ വ്യക്തമായ രേഖകളും, ആയതിന്റെ പരിപാലനം സംബന്ധിച്ച കാര്യങ്ങൾ ക്രമപ്പെടുത്തിയതിന്റെ രേഖകളും, മറ്റ് അപാകങ്ങൾക്ക് രേഖകൾ സഹിതമുള്ള മറുപടിയും ഹാജരാക്കുന്നതുവരെ ചെലവു തുകയായ ₹1,49,80,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-42 ഭിന്നശേഷിസൗഹൃദജില്ല-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരങ്ങൾ ഇല്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2022-23 വർഷം ജില്ലാ പഞ്ചായത്തിൽ നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി വികസനഫണ്ട്(ജനറൽ)-ൽ നിന്നും ₹15,00,000/-(ബിൽ നമ്പർ-1605/06.03.2023) എസ്.എസ്.കെ-യുടെ എസ്.എൻ.എ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കിടപ്പിലായ കുട്ടികൾക്ക് വിദ്യാലയാനുഭവം നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യമായി ചേർത്തിരിക്കുന്നത്. പ്രോജക്ട് നടപ്പിലാക്കിയതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പ്രോജക്ട് ലക്ഷ്യം കൈവരിച്ച

എന്ന് തെളിയിക്കുന്ന രേഖകൾ എന്നീ വിവരങ്ങൾ ഒന്നും തന്നെ പ്രൊജക്ട് ഫയലിനൊടൊപ്പം ഹാജരാക്കിയില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങളിന്മേലുള്ള വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.51/13.11.2023) ന് മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായി ഹാജരാക്കാത്തതിനാൽ ചെലവുതുകയായ ₹15,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 ചിത്രശാല-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

ജില്ലാ പഞ്ചായത്തിലെ ഗ്രാമീണനിവാസികളായ വനിതകളിൽ, ചിത്രകലയിൽ പ്രാവീണ്യമുള്ളവരുടെ ഒരു ചിത്രകലാപ്രദർശനം നടത്തുന്നതിനായി വിഭാവനം ചെയ്തതാണ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23-ൽ നടപ്പിലാക്കിയ ഈ പ്രോജക്ട്. (അടങ്കൽ -₹2,00,000(തനത് ഫണ്ട്)പ്രോജക്ട് നം.എസ്.ഠ649/23). ആയതിനായി ഫോർട്ട് കൊച്ചിയിലുള്ള പള്ളത്ത് രാമൻ ഹാളിൽ 10.1.2023 മുതൽ 16.01.2023 വരെയുള്ള കാലയളവിൽ പ്രസ്തുത ചിത്രകാരികൾക്കായി ഒരു ചിത്രകലാപ്രദർശനം സംഘടിപ്പിക്കുകയും ചെയ്തു. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1). ചിത്രകലാപ്രദർശനത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. ആയതിനാൽ ഈ പ്രോജക്ട് എത്രയാളുകൾക്ക് പ്രയോജനം ചെയ്തു എന്ന് മനസ്സിലാക്കുവാൻ സാധിച്ചില്ല.

2). ഈയിനത്തിൽ തൻവർഷം ₹84,435/- ചെലവഴിക്കുവാൻ 17.01.2023 ലെ ഡി.പി.16/1778/2022 നമ്പർ നടപടിക്രമങ്ങൾ പ്രകാരം സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ ₹91,900/-രൂപയും കൂടി വിവിധ ഇനങ്ങളിലെ ചെലവായി അനുവദിക്കുന്നതായി 4.2.2023 ലെ ഡി.പി.16/1778/2022 നമ്പർ നടപടിക്രമങ്ങളിൽ സൂചിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രേഖകൾ (ട്രഷറി ബിൽ/സ്റ്റേറ്റ്മെന്റ്) ഫയലിൽ ഇല്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ₹84,435/-(ചെക്ക് നമ്പർ-6279978/23.1.2023 ) മാത്രമാണ് ചെലവായി ചേർത്തിരിക്കുന്നത്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം 91,900/- രൂപ (ചെക്ക് നമ്പർ-6740637/28.02.2023) കൂടി പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ഇത് സ്ഥാപനത്തിന്റെ ചെലവുരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3). തന്നെയുമല്ല ഈ ചിത്രകലാപ്രദർശനത്തിൽ ഉൾപ്പെട്ട ചിത്രങ്ങളുടെ വില്പന സംബന്ധിച്ച വിവരങ്ങളോ, ഇതു മൂലം ചിത്രകാരികൾക്ക് അവരുടെ കലാനൈപുണി വെളിപ്പെടുത്തുവാനുള്ള പുതിയ അവസരങ്ങൾ ലഭിച്ചോ എന്നിങ്ങനെയുള്ള വിവരങ്ങളോ ഉൾപ്പെടുത്തിയ പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.

പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/25.09.2023) മറുപടി ലഭ്യമാക്കിയതിൽ 5 പേർക്ക് മാത്രമാണ്പിന്നീട് എന്തെങ്കിലും അവസരം ലഭിച്ചതായി ചേർത്തിട്ടുള്ളത്. പ്രദർശനം നടന്ന കാലയളവിൽ ചിത്രങ്ങളൊന്നും തന്നെ വില്പന നടന്നിട്ടില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് മൂലം പ്രസ്തുത കലാകാരികൾക്ക് ലഭിച്ച അവസരങ്ങളെ കുറിച്ചൊന്നും തന്നെ മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ തന്നെ പ്രോജക്ട് ഉദ്ദേശ്യലക്ഷ്യം കൈവരിച്ചോ എന്നതിനെ കുറിച്ചുള്ള മോണിട്ടറിംഗ് കൃത്യമായി നടന്നിട്ടില്ല എന്നത് വ്യക്തമാണ്. കലാമേഖലയിൽ പ്രോത്സാഹനം നൽകുന്നതിനായി കേരളോൽസവം പോലുള്ള പരിപാടികൾ ഉണ്ടെന്നിരിക്കെ, കൃത്യമായി മോണിട്ടറിംഗ് നടത്തുവാൻ സാധിക്കാത്ത ഇതു പോലുള്ള പ്രോജക്ടുകൾക്കായി പദ്ധതിപ്പണം വിനിയോഗിക്കുന്നത് പാഴ്ച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

ആയതുപോലെ തന്നെ മറുപടിയിൽ പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ സുലേഖ സോഫ്റ്റ്വെയറിൽ പൂർണ്ണമായും ചേർക്കുവാൻ സാധിക്കാതിരുന്നതിനെ കുറിച്ച് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി റിവിഷനു മുമ്പാണ് തുക ചെലവഴിക്കേണ്ടി വന്നത് എന്നതിനാലാണ് ചെലവ് വിവരങ്ങൾ പൂർണ്ണമായി ചേർക്കുവാൻ സാധിക്കാതിരുന്നത് എന്നാണ് ചേർത്തിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകങ്ങൾക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പ്രോജക്ടിനായി തനത്

ഫണ്ടിൽ നിന്നും ചെലവഴിച്ച ₹1,76,335/-(84,435 +91,900) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-44 നൈപുണ്യവികസനം-(1344/23)വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം-സബ്സിഡി മാർഗരേഖക്ക് വിരുദ്ധം

ജില്ലയിലെ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയും വയോജനങ്ങൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങളുടെ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനായിരുന്നു പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. 2022-23 വർഷം ജില്ലാ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ നടത്തിപ്പിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,30,000 |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവഴിച്ച തുക/ | ₹59,520 |
| ചെക്ക്നമ്പർ | (1).6279945/23.12.2022-29,580<br>(2).6279957/06.01.2023-9,925<br>3).6279979/27.01.2023-2,000<br>4).6740626/23.02.2023-8,745<br>5).6740693/28.03.3023-9,270 |

പദ്ധതി മാർഗരേഖയിൽ (സ.ഉ.(കൈ)115/2022/LSGD/28.05.2022) നൈപുണ്യവികസനത്തിനുള്ള പരിശീലനത്തിന് സബ്സിഡി അനുവദിച്ചിരിക്കുന്നത്, തൊഴിലധിഷ്ഠിതമായ പരിശീലനങ്ങൾക്ക് മാത്രമാണ്. മാർഗരേഖയിലെ ഖണ്ഡിക 8.5.(ii)-ൽ സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടികൾ മാത്രമായി പ്രോജക്ട് ഏറ്റെടുക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിരിക്കെ ഇതുപോലൊരു കമ്പ്യൂട്ടർ പരിശീലനപരിപാടികൾ മാത്രമായി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയത് മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഒരു പരിശീലന പരിപാടിയായതിനാൽ തന്നെ ഈ പദ്ധതിയെ നൂതന പദ്ധതിയായി കണക്കാക്കുവാനും സാധിക്കുകയില്ല. സുലേഖ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റ് പ്രകാരം 30,760/- രൂപ ചെലവ് വന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ₹59,520 ചെലവാക്കിയിട്ടുണ്ട്.പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ശ്രദ്ധയിൽപെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.05/03.08.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായ വയോജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ഈ പ്രോജക്ട് കൊണ്ടുണ്ടായ നേട്ടങ്ങളൊന്നും തന്നെ സൂചിപ്പിച്ചിട്ടില്ല.തന്നെയുമല്ല പ്രൊജക്ട് സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്.ആയതിനാൽ ചെലവ് തുകയായ ₹59,520 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-45 ഹിറ്റാച്ചി വാങ്ങൽ -സംയുക്തം- പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

2022-23 വർഷം ജില്ലാ പഞ്ചായത്തിൽ നടപ്പിലാക്കിയ ഹിറ്റാച്ചി വാങ്ങൽ(സംയുക്തം) എന്ന പ്രോജക്ടിന്റെ (നം.1343/23) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 10,00,000 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

ജില്ലാ പഞ്ചായത്തും പറവൂർ ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടത്തിയ പ്രോജക്ട് പ്രകാരം ബ്ലോക്ക്

പഞ്ചായത്തിന് ഹിറ്റാച്ചി വാങ്ങുന്നതിനായി ₹10,00,000 പറവൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയതായി പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഡി.പി.4-709/23/24.3.2023 നടപടിക്രമങ്ങൾ പ്രകാരം). ഹിറ്റാച്ചി വാങ്ങിയതിന്റെ വിവരങ്ങൾ ഹാജരാക്കിയെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ, ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ഇല്ല.

മേൽ സൂചിപ്പിച്ച അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (7/03.08.2023) മറുപടി 26.12.2023-ൽ ആണ് ലഭ്യമാക്കിയത്.ആയതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഹിറ്റാച്ചി ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-46 സംയുക്തപദ്ധതികൾ-രേഖകൾ അപൂർണ്ണം

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2022-23-ൽ വിവിധ സംയുക്ത പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ ചെലവിന്റെ മുഖ്യപങ്കാളിത്തം വഹിക്കുന്ന സ്ഥാപനത്തിന്റെ കൈവശമായിരിക്കണം പ്രോജക്ടിന്റെ ഫയലുകൾ സൂക്ഷിക്കേണ്ടത്. സംയുക്ത പദ്ധതി നടപ്പിലാക്കുമ്പോൾ ഏതു പഞ്ചായത്തുമായി ചേർന്നാണോ പദ്ധതി നടപ്പിലാക്കുന്നത് പ്രസ്തുത സ്ഥാപനവുമായി ചേർന്ന് ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ടായിരുന്നു. ആയവയൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. സംയുക്ത പദ്ധകതികളിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത്, വേല ഏറ്റെടുത്ത കരാറുകാരനുമായി ചമച്ച കരാറിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്തുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. തുക കൈപ്പറ്റിയ സ്ഥാപനത്തിൽ നിന്നുള്ള ധനവിനിയോഗസാക്ഷ്യപത്രം, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയും ഇല്ല. പ്രസ്തുത അപാകങ്ങൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.47/07.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-47 ആദിത്യ-പട്ടികജാതി കോളനികളിൽ സൗരോർജ മിനിമാസ്റ്റ് സ്ഥാപിക്കൽ-(നം.1644/23)മോണിട്ടറിംഗ് നടത്തിയിട്ടില്ല

2022-23 വർഷം ജില്ലാ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹50,00,000 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | ചെലവുവിവരങ്ങൾ ലഭ്യമാക്കിയത് ₹17,85,713-രൂപയുടേത് മാത്രമാണ്. |

പ്രോജക്ടിന്റെ ഭാഗമായി 42 കോളനികളിൽ സൗരോർജ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. കെൽ മുഖേനയാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. 42 കോളനികളിൽ ആയത് സ്ഥാപിക്കുന്നതിനായി 50,00,000/-രൂപയാണ് ഇൻവോയ്സ് നമ്പർ 554/22.03.2023 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ പ്രോജക്ട് ചെലവായി ചേർത്തിരിക്കുന്നത് 50,00,000/- രൂപയാണ്. എന്നാൽ ചെലവുവിവരങ്ങൾ ഹാജരാക്കിയിരിക്കുന്നത് ₹17,85,713-രൂപയുടേത് മാത്രമാണ്. ചെലവുവിവരങ്ങൾ പൂർണ്ണമായും ഹാജരാക്കേണ്ടതാണ്. തന്നെയുമല്ല

പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (12/26.08.2023). ആയതിനാൽ ചെലവുവിവരങ്ങൾ പൂർണ്ണമായും ഓഡിറ്റിന് ലഭ്യമാക്കേണ്ടതും പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-48 അംഗൻവാടികളുടെ പ്രവൃത്തിപൂർത്തീകരണം-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന അംഗൻവാടി നിർമ്മാണത്തിനുള്ള പ്രോജക്ട് പ്രകാരമുള്ള തുകകൾ വികസന ഫണ്ട് (ജനറൽ)-ൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് ഡയറക്ടറുടെ പേരിലേക്ക് നൽകിയിട്ടുള്ളതായി ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവ് വിവരങ്ങൾ, പണി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേരും നമ്പരും | തുക (സുലേഖ സോഫ്റ്റ്‌വെയർ-സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|
| അംഗൻവാടി നിർമ്മാണം-(പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് ) (എസ്1297/23) | 8,00,000 |
| അംഗൻവാടി നിർമ്മാണം-വാർഡ് 1(കറുകറ്റി ഗ്രാമപഞ്ചായത്ത് )(എസ്. 1579/23) | 3,00,000 |
| അംഗൻവാടി നം.65 നിർമ്മാണം((എസ്. 1576/23)(ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് ) | 5,00,000 |
| അംഗൻവാടി നം.19 ന്റെ നിർമ്മാണം(കടമക്കുടി ഗ്രാമപഞ്ചായത്ത് വാർഡ് 4)(എസ്. 1581/23) | 4,49,919 |
| എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ് 23 ലെ അംഗൻവാടി നിർമ്മാണം(എസ്. 1576/23) | 2,40,000 |
| അംഗൻവാടി നിർമ്മാണം(എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് )(എസ്. 1587/23) | 6,00,000 |

മേൽ സൂചിപ്പിച്ച അപാകങ്ങൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും

മറുപടി ലഭ്യമാക്കിയില്ല.(നം47/7.11.2023). മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അംഗൻവാടികളുടെ നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-49 മികവ് പദ്ധതി -ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 738/2022 |
| അടങ്കൽ | 65,00,000/- |
| ചെലവ്(അലോട്ട്മെന്റ് നമ്പർ) വികസനഫണ്ട്(എസ്.സി.പി.) | 867/11.01.2023-97,875<br>868/11.01.2023-2,15,500<br>850/11.01.2023-2,28,375<br>981/20.01.2023-8,12,500<br>980/20.01.2023-4,37,500<br>979/20.01.2023-18,750<br>978/20.01.2023-82,500<br>977/20.01.2023-1,72,500<br>1358/20.02.2023-3,45,000<br>1388/20.02.2023-4,56,750<br>1386/20.02.2023-1,95,750<br>1387/20.02.2023-8,75,000<br>-/03.03.2023-1,65,000<br>1565/27.02.2023-18,750<br>2019/15.03.2023-4,31,000<br>2038/15.03.2023-37,500<br>2299/20.03.2023-1,72,500<br>2280/20.03.2023-1,62,500<br>2334/21.03.2023-8,25,000<br>2646/25.03.2023-11,550<br>2658/25.03.2023-18,200 |

പദ്ധതി പട്ടികജാതി വിഭാഗത്തിൽ പെട്ട യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകുവാൻ ലക്ഷ്യമിട്ടുള്ളതാണ്. 14ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ. 6.5.2(സി)-പ്രാദേശിക സാമ്പത്തിക വികസനം- നൈപുണ്യ വികസനം (1) Trade In Specific Skill Training പ്രകാരം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. 205 ഗുണഭോക്താക്കൾക്ക് വിവിധ ട്രേഡുകളിലായി പരിശീലനം നൽകിയതിന് 22-23 വർഷം 65,00,000/- രൂപാ ചെലവ് ചെയ്തിട്ടുണ്ട്. നാല് സ്ഥാപനങ്ങളെയാണ് പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തത്. പദ്ധതിപരിശോധനയിൽ ചില വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (39/20.10.2023) നൽകി.

മറുപടി പ്രകാരം നാല് സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കെടുക്കുന്നതിനായി താത്പര്യപത്രം നൽകിയിട്ടുണ്ട്. നിരക്ക് കേന്ദ്ര നൈപുണ്യ വികസന സംരഭകത്വ മന്ത്രാലയത്തിന്റെ കോമൺ കോസ്റ്റ് നോംസ് അനുസരിച്ച നിരക്കുകളാണെന്ന് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, മേൽ നോംസ് പ്രകാരമുള്ള ട്രെയിനിംഗ് സമയം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് എസ് സി പ്രമോട്ടർമാർ മുഖേനയും, പത്രപരസ്യം മുഖേനയുള്ള വ്യാപക പ്രചാരണം വഴിയുമാണ് പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

350പേർക്ക് പരിശീലനം നൽകാവുന്ന കോഴ്സുകളാണെങ്കിലും, ആകെ 205 വിദ്യാർത്ഥികൾ മാത്രമാണ് പരിശീലനം പൂർത്തീകരിച്ചത് എന്ന് പട്ടികജാതി വികസന ഓഫീസറുടെ 21.11.2023 ലെ ജി5-2006/21 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ 205 വിദ്യാർത്ഥികളുടെ ഫീസിനത്തിൽ 65,00,000/- ലക്ഷം രൂപാ 22-23 ൽ വിവിധ ബില്ലുകൾ പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 15,31,950/-രൂപാ നൽകുവാനുള്ളത് സ്പിൽ ഓവർ പദ്ധതിയാക്കും എന്ന് അറിയിച്ചു. കോമൺ കോസ്റ്റ് നോം അനുസരിച്ച് ട്രെയിനിംഗ് നടക്കുന്ന മണിക്കൂറുകൾക്കാണ് ഫീസ് അനുവദിക്കുന്നതെന്നതിനാൽ മേൽ പറഞ്ഞ 205 വിദ്യാർത്ഥികളിൽ നിശ്ചിത സമയം ട്രെയിനിംഗ് ലഭിച്ചവരുടെ ഫീസ് നൽകുവാനുള്ള തുക മാത്രമേ, സ്പിൽ ഓവറായി വകയിരുത്തിയിട്ടുള്ളൂ എന്ന് ഉറപ്പാക്കേണ്ടതാണ്.

ജില്ലയുടെ കിഴക്കൻ മേഖലയിൽ ഉള്ളവർക്ക് ഈ പദ്ധതിയിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന ഓഡിറ്റ് നിരീക്ഷണത്തിന് നടപ്പ് വർഷം ഇത് പരിഹരിക്കുന്നതിന് വകുപ്പിന്റെ എസ് സി പ്രമോട്ടർ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ എന്നിവർ മുഖേന കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. വൻ തുക മുതൽമുടക്കി നടത്തുന്ന ഇത്തരം പദ്ധതികൾ ജില്ലയിൽ എല്ലാവർക്കും ഉപകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ പദ്ധതി പ്രകാരം എത്ര പേർക്ക് ജോലി ലഭിച്ചു എന്നത് രേഖാമൂലം ഹാജരാക്കുവാനും അലോട്ട്മെന്റ് നമ്പർ 2658/25.03.2023- 18,200/- രൂപയുടെ ചെലവ് വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കുവാനും ഓഡിറ്റ് എൻക്വയറി 39/20.10.2023 മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം 18,200/- രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കുകയോ, ജോലി ലഭിച്ചവരുടെ വിവരങ്ങൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അലോട്ട്മെന്റ് നമ്പർ 2646/25.03.2023-11,550 പ്രകാരമുള്ള ചെലവിന്റെ അനുബന്ധരേഖകൾ മാത്രമാണ് കൃത്യമായി ഹാജരാക്കിയിട്ടുള്ളത് .

പഞ്ചായത്ത് സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ജോലി ലഭിച്ചവരുടെ പട്ടിക, 18200/-രൂപയുടെ ചെലവു രേഖകൾ എന്നിവ ഹാജരാക്കുന്നതു വരെയും, പൂർണ്ണമായും ട്രെയിനിംഗിൽ പങ്കെടുത്തവരുടെ കണക്കെടുത്തു മാത്രമാണ് സ്പിൽ ഓവർ തുക വകയിരുത്തിരുത്തി ഫീസ് നൽകുന്നത് എന്നും രേഖാമൂലം അറിയിക്കുന്നതു വരെയും,( അലോട്ട്മെന്റ് നമ്പർ 2646/25.03.2023-11,550 പ്രകാരമുള്ള ചെലവ് ഒഴികെ)ചെലവ് തുക 64,88,450/- രൂപ തടസ്സത്തിൽ വക്കുന്നു.

1-50 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-എല്ലാ ഗുണഭോക്താക്കളും പണി പൂർത്തിയാക്കിയിട്ടില്ല

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിക്കുന്ന പ്രൊജക്ട് (നിർവഹണോദ്യോഗസ്ഥൻ - ജില്ലാ പട്ടികജാതി വികസനഓഫീസർ) പ്രകാരം 19,60,366/- രൂപാ 2022-23 സാമ്പത്തിക വർഷം ചെലവാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 19,10,366/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഉള്ളത്. 50,000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല. ലഭ്യമാക്കിയ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് അഡ്രസ്സ് | തുക ബിൽ | അലോട്ട്മെന്റ് നമ്പർ / തിയതി |
|---|---|---|
| രവി എം സി | 50000 | 208/15.09.2022 |
| രാജപ്പൻ | 50000 | |
| ശിവദാസ് പി റ്റി | 50000 | |

| | | |
|---|---|---|
| സജി കുമരൻ | 50000 | |
| സുരേഷ് കെ കെ | 50000 | |
| ബിജു കുമാർ എ സി | 50000 | 318/30.09.2022 |
| ബിന്ദു പ്രജീവ് | 50000 | 281/27.09.2022 |
| സുകു റ്റി എ | 50000 | 384/14.10.2022 |
| യമുന രാജേഷ് | 50000 | |
| സുകുമാരൻ കെ കെ | 48893 | 599/09.12.2022 |
| സോമൻ കെ ജി | 50000 | |
| എ പി സലി | 50000 | 1064/27.01.2023 |
| അശോകൻ കെ കെ | 50000 | 1057/25.01.2023 |
| ഗോപി കെ കെ | 50000 | 897/12.01.2023 |
| ഷാജി എം കെ | 50000 | അവസാന ഗഡു,വാലേ്വഷൻ ഉണ്ട് 1018/24.01.2023 |
| അനീഷ് കുമാർ പി കെ | 50000 | 1018/24.01.2023 |
| സോജി എ കെ | 50000 | 1884/10.03.2023 |
| തങ്കച്ചൻ ഇ കെ | 50000 | 1884/10.03.2023 |
| രവി | 50000 | 2041/15.03.2023 |
| സതീശൻ | 50000 | 2041/15.03.2023 |
| വേലായുധൻ എം കെ | 50000 | 898/12.01.2023 |
| മിനിമോൾ റ്റി സി | 50000 | 1091/31.01.2023 |
| എ പി സലി | 33780 | 1090/31.01.2023 |
| നെടുമല വള്ളോൻ ഷാജി | 50000 | 899/12.01.2023 |
| രാജൻ ഇ എസ് | 9688 | 1752/07.03.2023 |
| രമണി കുഞ്ഞൻ പിള്ള | 50000 | 1775/08.03.2023 |
| മോഹനൻ കെ സി | 50000 | 1`775/08.03.2023 |
| ഉഷ മഹാദേവൻ | 50000 | 1776/08.03.2023 |
| കെ ഇ സുകു | 50000 | 1709/04.03.2023 |
| സുപ്രൻ വി എ | 35500 | 1612/01.03.2023 |
| സുധാകരൻ പി എ | 50000 | 1582/28.02.2023 |
| സീതാ കൃഷ്ണൻകുട്ടി | 50000 | 1558/27.02.2023 |

| | | |
|---|---|---|
| അംബികാ രാജൻ | 50000 | 2435/22.03.2023 |
| രാജേഷ് വി എസ് | 50000 | 2435/22.03.2023 |
| ദീപൻ പി കെ | 50000 | 2672/25.03.2023 |
| ഗോപാലകൃഷ്ണൻ ടി എം | 50000 | 1581/28.02.2023 |
| ഷാജു വി എ | 32505 | 3022/28.03.2023 |
| രവി എം സി | 50000 | 3023/28.03.2023 |
| ഷൈൻ മുരളീധരൻ | 50000 | 2543/24.03.2023 |
| ശിവദാസ് പിറ്റി | 50000 | 2929/27.03.2023 |
| | 1910366 | |

ആകെ 328 ഗുണഭോക്താക്കളായിരുന്ന പദ്ധതിയിൽ ഉണ്ടായിരുന്നതെന്നും, അതിൽ 29പർ നിലവിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 31 ന് മറുപടിയായി പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. ( ജി38292/21 തിയതി 09.10.2023). പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് /ഗുണഭോക്താവിന്റ ഗ്രാമപഞ്ചായത്ത് |
|---|
| ഓമന എം പി, രാമമംഗലം |
| ഷാജി സി അർ ,കവളങ്ങാട് |
| ഉഷ ആർ ,കാഞ്ഞൂർ |
| വേലായുധൻ എം. കെ, കറുകുറ്റി |
| പ്രയേഷ് എ .എ, മലയാറ്റൂർ നീലീശ്വരം |
| ഷൈല പരമേശ്വരൻ ,തുറവൂർ |
| ഉഷമണി ,വെങ്ങോല |
| ലത എൻ കെ, എടത്തല |
| രാജൻ കെ .എ, മഴവന്നൂർ |
| വേലായുധൻ കെ .എ ,രായമംഗലം |
| ശശികല, കുവപ്പടി |
| ശശി റ്റി .പി.,കുവപ്പടി |

| |
|---|
| ദിവ്യദാസ് ,മഞ്ഞളൂർ |
| ഉണ്ണി എ.കെ., ഉദയംപേരൂർ |
| കുഞ്ഞുമോൻ വി.കെ., എടക്കാട്ടുവയൽ |
| അംബികാ വിജയൻ ,ചോറ്റാനിക്കര |
| കെ.സി. രാജു ,ചോറ്റാനിക്കര |
| കുഞ്ഞുമോൻ ,മുളന്തുരുത്തി |
| സതി ശശിധരൻ ,ഉദയംപേരൂർ |
| പുരുഷോത്തമൻ, പള്ളിപ്പുറം |
| ഹരിശങ്കർ വി .വി., പള്ളിപ്പുറം |
| ലാലു റ്റി .യു .,കടമക്കുടി |
| സുനിൽദത്ത് സി. കെ .,മുളവുകാട് |
| രാജേഷ് വി. കെ., കുമ്പളങ്ങി |
| രാഘവൻ റ്റി .റ്റി., കുമ്പളങ്ങി |
| സുനിൽ എ.റ്റി., കുമ്പളങ്ങി |
| അനിൽകുമാർ കെ. എം., ഏഴിക്കര |
| രാജേഷ് വി .എ., ചേന്ദമംഗലം |
| പ്രദീപ് വി .പി., ചേന്ദമംഗലം |

പണി പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കൾക്ക് എത്ര ഗഡുക്കൾ നൽകിയിട്ടുണ്ട് (ആകെ തുക) ഈ തുക തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.കൂടാതെ പ്രൊജക്ടിന്റെ ആകെ ചെലവായ ₹1960366 -യിൽ ലഭ്യമാക്കുവാൻ ബാക്കിയുള്ള ₹50,000-ന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-51 വിജയഭേരി -എസ്. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | വിജയഭേരി -എസ്. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എസ് 1398/ 23 |
| അടങ്കൽ | 3,47,14,768 |
| ചെലവ് | 3,28,37,189 |

സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ എന്നിവ നടത്തുന്ന എല്ലാ കോഴ്സകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാഡമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പ്രകാരം 62 പഞ്ചായത്തുകൾക്കായി ₹3,28,37,189 നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചില അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട്

ഓഡിറ്റ് എൻക്വയറി (നമ്പർ 26/29.09.2023) നൽകിയതിന് മറുപടി ലഭ്യമായത് 20.12.2023-ൽ മാത്രമാണ്.എന്നാൽ ആയതിൽ ഓഡിറ്റ് അന്വേഷണത്തിൽ ആരാഞ്ഞിരുന്ന താഴെ സൂചിപ്പിക്കുന്ന വിഷയങ്ങളിന്മേലുള്ള വ്യക്തമായ( രേഖകൾ സഹിതമുള്ള ) വിശദീകരണം ഉൾപ്പെട്ടിരുന്നില്ല.

1. ഓരോ പഞ്ചായത്തിലും എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന് അറിയിക്കേണ്ടതാണ്.

2. പഞ്ചായത്തുകളുമായി ചേർന്ന് നടപ്പാക്കിയ പദ്ധതിയിൽ അപേക്ഷകരെ തെരഞ്ഞെടുത്ത രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷകളുടെ പരിശോധന നടത്തിയത് ആര് എന്നീ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3. താഴെ പറയുന്ന പത്രികയിൽ ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കാത്ത പഞ്ചായത്തുകളുടെ വിനിയോഗ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1 | ഐക്കര നാട് | 13,18,500 |
| 2 | ആമ്പല്ലൂർ | 3,96,000 |
| 3 | ആരക്കുഴ | 2,85,000 |
| 4 | ആവോലി | 1,75,000 |
| 5 | ആയവന | 2,75,000 |
| 6 | ചേന്ദമംഗലം | 3,15,000 |
| 7 | ചൂർണ്ണിക്കര | 2,50,835 |
| 8 | ചോറ്റാനിക്കര | 5,94,000 |
| 9 | എടക്കാട്ടുവയൽ | 3,42,000 |
| 10 | എടത്തല | 4,30,000 |
| 11 | എളംകുന്നപ്പുഴ | 5,00,000 |
| 12 | ഇലഞ്ഞി | 2,52,000 |
| 13 | എഴിക്കര | 11,02,500 |
| 14 | കടമക്കുടി | 36,000 |
| 15 | കാലടി | 7,75,000 |
| 16 | കല്ലൂർക്കാട് | 2,20,000 |
| 17 | കാഞ്ഞൂർ | 6,39,000 |
| 18 | കറുകുറ്റി | 4,65,000 |
| 19 | കരുമാല്ലൂർ | 10,35,000 |
| 20 | കവളങ്ങാട് | 7,30,000 |
| 21 | കീഴ്മാട് | 5,53,500 |
| 22 | കുവപ്പടി | 9,31,500 |
| 23 | കോട്ടപ്പടി | 2,34,000 |
| 24 | കോട്ടുവള്ളി | 9,00,000 |
| 25 | കുമ്പളം | 11,35,000 |
| 26 | കുഴുപ്പിള്ളി | 5,08,500 |
| 27 | മണീട് | 11,50,000 |
| 28 | മഞ്ഞളൂർ | 3,00,000 |
| 29 | മഞ്ഞപ്ര | 4,54,500 |

| | | |
|---|---|---|
| 30 | മാറാടി | 2,07,000 |
| 31 | മഴുവന്നൂർ | 10,87,000 |
| 32 | മുളന്തുരുത്തി | 4,50,000 |
| 33 | മുടക്കുഴ | 9,81,000 |
| 34 | നെടുമ്പാശ്ശേരി | 1,48,500 |
| 35 | നെല്ലിക്കുഴി | 1,44,000 |
| 36 | ഞാറക്കൽ | 2,40,000 |
| 37 | ഒക്കൽ | 1,00,000 |
| 38 | പൈങ്ങോട്ടൂർ | 5,40,000 |
| 39 | പായിപ്ര | 6,10,000 |
| 40 | പല്ലാരിമംഗലം | 1,84,500 |
| 41 | പാറക്കടവ് | 1,75,000 |
| 42 | പുത്തൻവേലിക്കര | 2,94,000 |
| 43 | രാമമംഗലം | 10,10,000 |
| 44 | രായമംഗലം | 8,15,000 |
| 45 | ശ്രീമൂലനഗരം | 12,28,500 |
| 46 | തിരുവാണിയൂർ | 3,82,500 |
| 47 | തുറവൂർ | 4,65,620 |
| 48 | ഉദയംപേരൂർ | 3,00,000 |
| 49 | വടക്കേക്കര | 2,34,000 |
| 50 | വടവുകോട് പുത്തൻകുരിശ് | 7,98,684 |
| 51 | വാളകം | 1,84,500 |
| 52 | വാരപ്പെട്ടി | 3,06,000 |
| 53 | വാഴക്കുളം | 6,90,000 |
| 54 | വേങ്ങൂർ | 2,88,000 |

ക്രമനമ്പർ 1,2എന്നിവ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും ,ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-52 കിരണം പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

ജില്ലയിലെ പട്ടിക ജാതി വിഭാഗത്തിൽ പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ രണ്ട് വർഷത്തെ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയായ കിരണം പ്രകാരം 9,86,568/- രൂപാ ചെലവാക്കിയിട്ടുണ്ട്.

| അലോട്ട്മെന്റ് നമ്പർ | തുക |
|---|---|
| 1290/15.02.2023 | 4,39,497 |
| 1679/04.03.2023 | 5,26,071/- |
| 2014/14.03.2023 | 21,000/- |

ജില്ലയിലെ 82 ഗ്രാമ പഞ്ചായത്തുകളിൽ ഒന്ന് വീതവും, ബ്ലോക്ക് പഞ്ചായത്തുകളിൽ 2 വീതവും, ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ 4 പേർക്കും അടക്കം ബി.ടെക്/ഡിപ്ലോമ

യോഗ്യതയുള്ള 114 പേർക്ക് പരിശീലനം നൽകാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പും, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ബി എസ് സി/ജനറൽ നഴ്സിംഗ്, മറ്റ് പാരാമെഡിക്കൽ യോഗ്യതകളുള്ള 345 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകാൻ സാധിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസറും അറിയിച്ചിരുന്നു.

1.ഇപ്രകാരം 2022-23 വർഷം അകെ തെരഞ്ഞെടുത്തത് 72 പേരെയാണ്. ഈ പദ്ധതിക്കായി പരിശീലനാർത്ഥികളെ തെരഞ്ഞടുക്കുവാൻ അടിസ്ഥാനമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നമ്പർ24/29.09.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല.

2. എൽ.എസ്.ജി.ഡി.എൻജിനീയറിംഗ് വിഭാഗത്തിലേക്ക് നിയോഗിക്കുന്നതിനായി 29.11.2022-ലും ആരോഗ്യ വകുപ്പിലെ പരിശീലനാർത്ഥികൾക്കായി 27/01/2023- നം കൂടിക്കാഴ്ച നടത്തിയിരുന്നു. ഈ കൂടിക്കാഴ്ചയിൽ ഹാജരായവരുടെ ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെട്ടവരുടെ റാങ്ക് ലിസ്റ്റ് എന്നിവ ഹാജരാക്കുവാനും നിർദ്ദേശിച്ചിരുന്നു.

തെരഞ്ഞടുക്കപ്പെട്ടവരുടെ അപേക്ഷകൾ (നിർദ്ദേശിക്കപ്പെട്ട രേഖകൾ സഹിതം), ജോയിനിംഗ് റിപ്പോർട്ട്, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ അറ്റൻഡൻസ് റിപ്പോർട്ട് (ക്രോഡീകരിച്ചത്) എന്നിവയൊന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ₹9,86,568/- തടസ്സത്തിൽ വക്കുന്നു.

1-53 പെണ്ണെഴുത്ത്- പദ്ധതിയുടെ വിലയിരുത്തൽ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/22-23-(പെണ്ണെഴുത്ത്) |
| പ്രോജക്ട് അടങ്കൽ | 1,35,413 (തനത് ഫണ്ട്) |
| ചെലവ് തുക | 1,26,849 (അലോട്ട്മെന്റ് നമ്പർ 172/25.08.2022) |

ജില്ലയിലെ അറിയപ്പെടാത്തവരും എന്നാൽ പ്രതിഭാശാലികളുമായ സ്ത്രീകളുടെ രചനകൾ പ്രകാശിപ്പിക്കുന്നതിന് അവസരമൊരുക്കാൻ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയാണ് പിങ്ക് പെൻ. നൂറ് കവിതകൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന പുസ്തകം സർക്കാർ ഉത്തരവ് ലഭ്യമാക്കി, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്കൂൾ ലൈബ്രറികൾ, വായനയശാലകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവക്ക് വിതരണം ചെയ്യുവാനും, അങ്ങനെ പദ്ധതി വിജയകരമാക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്.

പിങ്ക് പെൻ കവിതാ സമാഹാരത്തിന്റെ പ്രിന്റിംഗ് ചാർജ്ജ്, പിങ്ക് പെൻ കൂട്ടായ്മ സംഘടിപ്പിച്ചതിന്റെ ചെലവുകൾ എന്നിവക്കായി 22-23 ൽ 1,26,849/- രൂപാ ചെലവായി. ഇൻവോയ്സ് നമ്പർ 6911/30.03.2023 പ്രകാരം 2,000 കോപ്പി പിങ്ക് പെൻ കവിതാ സമാഹാരം കേരളാ ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി അച്ചടിച്ച് നൽകിയതിന് 88,794/- രൂപാ നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പ്രിന്റ് ചെയ്ത 2,000 പ്രതികൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം, നാളിതുവരെ എത്ര പ്രതികൾ ആർക്കൊക്കെ വിതരണം ചെയ്തു, പദ്ധതി കൊണ്ട് ഗുണഭോക്താക്കൾക്ക് ലഭിച്ച പ്രയോജനം നിർവ്വഹണ ഉദ്യോഗസ്ഥ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നമ്പർ -42/21.10.2023)മുഖേന ആവശ്യപ്പെട്ടിരുന്നു.,എന്നാൽ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ട കാര്യങ്ങൾക്കുള്ള വിശദീകരണം 20.12.2023-ൽ ലഭ്യമാക്കിയ മറുപടിയിൽ ഇല്ല.

പ്രോജക്ടിന്റെ ലക്ഷ്യമായി പറഞ്ഞിരുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കി പുസ്തക വിതരണം പൂർത്തിയാക്കി എന്നതിനു രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കണ്ടില്ല എന്നു വിലയിരുത്തുന്നു. നൂതനമായ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവ സമൂഹത്തിന് എങ്ങിനെ ഗുണകരമായി എന്നതു സംബന്ധിച്ച ഒരു പഠനം കൂടി ഉൾപ്പെടുത്താവുന്നതാണ്.

## 1-54 കുട്ടികളുടെ വെബ്പോർട്ടൽ- പദ്ധതി ലക്ഷ്യം നേടിയില്ല

വനിതാ ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കുട്ടികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതിയാണ് ' കുട്ടികളുടെ വെബ് പോർട്ടൽ'.

ഈ പദ്ധതി ആദ്യമായി നടപ്പാക്കുന്നത് എറണാകുളം ജില്ലയിലാണ്. ജില്ലയിലെ 0 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ വിവരങ്ങൾ താഴേതട്ടിൽ നിന്നും ശേഖരിക്കുകയും, അവ ക്രോഡികരിച്ച് ഡിജിറ്റലായി സൂക്ഷിക്കുകയും ചെയ്യുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേന ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് കുട്ടികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിക്കുവാൻ ഈ ഡാറ്റ ഉപയോഗപ്പെടുത്തുക ആണ് ലക്ഷ്യം.

ഈ പദ്ധതിക്കായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം 2,71,723/-രൂപാ ചെലവായിട്ടുണ്ട്.

| അലോട്ട്മെന്റ് നമ്പർ/ തിയതി | തുക | ചെലവ് വിവരം |
|---|---|---|
| 309/27.09.2022 | 1,25,000.00 | വെബ് പ്രോഗ്രാമറുടെ ശമ്പളം |
| 402/19.10.2022 | 25,000.00 | “ |
| 597/09.12.2022 | 25,000.00 | “ |
| 463/08.11.2022 | 25,000.00 | “ |
| 1037/24.01.2023 | 9,223.00 | “ |
| 1226/09.02.2023 | 25,000.00 | “ |
| 1859/09.03.2023 | 12,500.00 | “ |
| 961/17.01.2023 | 25,000.00 | “ |
| | 271723/- | |

സാംഖ്യാ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് വന്നിട്ടുള്ളത് 2,95,917/- രൂപയാണ്. 24,194/- രൂപയുടെ ചെലവ് വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ₹2,71,723/-വെബ് പ്രോഗ്രാമറുടെ ശമ്പള ഇനത്തിലാണ് തുക ചെലവ് വന്നിട്ടുള്ളത്.,പ്രൊജക്ട് സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന ചോദ്യാവലികൾ ഓഡിറ്റ് അന്വേഷണം (40/20.10.2023) മുഖേന ഉന്നയിച്ചിരുന്നു,

1. വെബ് പോർട്ടൽ പ്രവർത്തന ക്ഷമമായിട്ടുണ്ടോ? നാളിതു വരെ എത്ര പഞ്ചായത്തുകൾ കാലികമായി ഡാറ്റാ അപ് ലോഡ് ചെയ്യുന്നുണ്ട്?
2. എതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്? വിവിധ വകുപ്പുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ. കുട്ടികളുടെ വ്യക്തിപരമായ വിവരങ്ങൾ (രക്ത ഗ്രൂപ്പ്, പ്രത്യേക അസുഖങ്ങൾ തുടങ്ങിയവ) ശേഖരിക്കുന്നുണ്ടോ?
3. ശേഖരിച്ച വിവരങ്ങൾ എതെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിൽ പ്രയോജനപ്പെട്ടിട്ടുണ്ടോ?
4. വെബ് പോർട്ടലിന്റെ സെക്യൂരിറ്റി ഓഡിറ്റ് നടന്നിട്ടുണ്ടോ? കുട്ടികളുടെ വിവരങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലാ എന്ന് ഉറപ്പു വരുത്തുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?
5. NIC യുമായി എത്ര കാലത്തേക്കാണ് കരാറിൽ എർപ്പെട്ടിട്ടുള്ളത്? സോഫ്റ്റ് വെയർ പൂർണ്ണമായും ഡെവലപ് ചെയ്തിട്ടുണ്ടോ?

എന്നാൽ മേൽ കാര്യങ്ങളിന്മേൽ വിശദീകരണം ലഭ്യമായില്ല. കുട്ടികളുടെ വെബ്പോർട്ടൽ എന്ന പദ്ധതി എത്ര കാലത്തേക്കും, എന്ത് ഉദ്ദേശ ലക്ഷ്യത്തിലുമാണ് വിഭാവനം ചെയ്തത് എന്നും പ്രോജക്ട് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിരിക്കുന്ന മേൽ സൂചിപ്പിച്ച കാര്യങ്ങളിന്മേലും വസ്തുനിഷ്ഠമായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

1-55 സ്റ്റാർട്ട് അപ്പുകൾക്ക് സഹായം - പദ്ധതി ലക്ഷ്യം നേടിയില്ല – 29,000 രൂപ തടസ്സപ്പെടുത്തുന്നു.

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം പ്രാദേശിക തലത്തിലുള്ള ഉത്പ്പന്ന സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ്സ് ആശയങ്ങളാക്കി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തോണിൽ വിജയിക്കുന്ന 2 പേർ ചേർന്നുള്ള ഗ്രൂപ്പുകൾക്ക് സീഡ് മണി/മറ്റ് സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള സഹായം നൽകുന്നു. ആയതിനായി വികസന ഫണ്ടിൽ നിന്നും 50,00,000 രൂപയാണ് വകയിരുത്തിയിരുന്നത്.

30.01.2023-ൽ നടന്ന ഹാക്കത്തോണിൽ പങ്കെടുത്ത 12 ആശയങ്ങളിൽ നിന്ന് 7 ആശയങ്ങളെ 16.02.2023-ൽ ചേർന്ന ആശയങ്ങളെ തെരഞ്ഞെടുക്കാനുള്ള പാനൽ അംഗീകരിച്ചു. തുടർന്ന് 25.03.2023 ൽ ചേർന്ന ജില്ലാ തല സാങ്കേതിക സമിതി മേൽ ആശയങ്ങളിൽ നിന്ന് 3 എണ്ണത്തിന് അംഗീകാരം നൽകാനും രണ്ടെണ്ണത്തിന് ശുചിത്വ മിഷന്റെ സാദ്ധ്യത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനും രണ്ട് ആശയങ്ങൾ നിരസിച്ചും തീരുമാനിച്ചു.

ഇതിൽ M/s പ്ലാസ്റ്റിക് ബ്രിക്സ് മാനുഫാക്ചറിംഗ് എന്ന സ്ഥാപനത്തിന് 18,000 രൂപയും, ഓഫ് ഷോർ കമ്മ്യൂണിക്കേഷൻ ആൻഡ് ട്രാക്കിംഗ് സിസ്റ്റം എന്ന സ്ഥാപനത്തിന് 29,000 രൂപയും (ബിൽ നം. – 2920/28.03.23) പ്രോട്ടോ ടൈപ്പ് നിർമ്മിക്കുവാൻ നൽകി. തുടർന്ന് 29.07.2023 ൽ തദ്ദേശ ഭരണ ടെക്നിക്കൽ കമ്മിറ്റിയുടെ യോഗത്തിൽ പ്ളാസ്റ്റിക് ബ്രിക് മാനുഫാക്ചറിംഗ് എന്ന സ്ഥാപനം പ്രസന്റേഷൻ നടത്തി. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്ക്, എഗ്രിമെന്റ് പ്രകാരം തുക ലഭ്യമായി 6 മാസത്തിനകം നൽകേണ്ട ഐ.ഇ.ഡി.സി നോഡൽ ഓഫീസർ സർട്ടിഫൈ ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
ഓഫ് ഷോർ കമ്മ്യൂണിക്കേഷൻ ആൻഡ് ട്രാക്കിംഗ് സിസ്റ്റം എന്ന സ്ഥാപനം നാളിത് വരെ പ്രസന്റേഷൻ നടത്തിയിട്ടില്ല.

യഥാർത്ഥത്തിൽ മേൽ പ്രൊജക്ട് കൊണ്ട് എന്താണ് ഉദ്ദേശിച്ചത് എന്ന് വ്യക്തമല്ല. സീഡ് മണി എന്നാൽ ഒരു പദ്ധതി തുടങ്ങാൻ ആവശ്യമായ ഒരു ചെറിയ തുകയാണ്. പല സന്ദർഭങ്ങളിലും സംരംഭകർ സ്വന്തം തുക തന്നെയാണ് ഇതിനായി എടുക്കുന്നത്. പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്ത 50,00,000 രൂപയിൽ 45,00,000 രൂപ 10 സംരംഭങ്ങൾക്ക് സീഡ് മണി നൽകാനും 4,00,000 രൂപ ഹാക്കത്തോൺ ചെലവിലേക്കും ഒരു ലക്ഷം രൂപ പരസ്യത്തിനുമാണ് കണക്കാക്കിയിരുന്നത്. എന്നാൽ പിന്നീട് സീഡ് മണിയോടൊപ്പം മറ്റ് സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള സഹായം എന്നു കൂടി പ്രൊജക്ടിൽ ചേർത്തു കാണുന്നു.
പ്രോട്ടോ ടൈപ്പ് നിർമ്മിക്കുന്നതിന് മാത്രം ഒരു സംരംഭകന് 18,000 രൂപ നൽകിയാൽ അദ്ദേഹത്തിന് സംരംഭം മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. മേൽ പദ്ധതിയുടെ കൂടുതൽ ഉത്പ്പന്നങ്ങൾ ഉണ്ടാക്കി ആയതിന്റെ വിവിധ ടെസ്റ്റ് റിപ്പോർട്ടുകൾ നടത്തി അപാകതകൾ ഉണ്ടെങ്കിൽ അസംസ്കൃത വസ്തുക്കളുടെ അനുപാതത്തിലും അളവിലും മാറ്റം വരുത്തി യാഥാർത്ഥ സ്റ്റാൻഡേർഡിലുള്ള അന്തിമ ഉത്പന്നം ഉണ്ടാക്കേണ്ടതുണ്ട്. മേൽ പ്രവർത്തനങ്ങളിൽ ജില്ലാ പഞ്ചായത്ത് ധനസഹായം നൽകുമോ എന്ന് പ്രൊജക്ടിൽ നിന്ന് വ്യക്തമാകുന്നില്ല.
12 ആശയങ്ങൾ പങ്കെടുത്ത് 7 ആശയങ്ങളെ പ്രാഥമികമായി തെരഞ്ഞെടുത്ത് 3 ആശയങ്ങളെ അംഗീകരിച്ച് 2 ആശയങ്ങൾക്ക് തുക നൽകി ഒരു ആശയം മാത്രം പ്രസന്റേഷൻ നടത്തിയ മേൽ പദ്ധതി പ്രകാരം സീഡ് മണിയായി ഓഡിറ്റ് വർഷം നൽകിയത് 47,000 രൂപയും പരസ്യത്തിന് നൽകിയത് 1,03,446 രൂപയും വിവിധ വിദഗ്ധർക്ക് സിറ്റിംഗ് ഫീസായി നൽകിയത് 42,945 രൂപയുമടക്കം 1,93,391 രൂപയാണ്. പദ്ധതി ഓഡിറ്റ് വർഷം ലക്ഷ്യം നേടിയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
തുക ലഭ്യമായി 6 മാസം കഴിഞ്ഞിട്ടും പ്രസന്റേഷൻ നടത്തുകയും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതിരിക്കുകയും ചെയ്ത ഓഫ് ഷോർ കമ്മ്യൂണിക്കേഷൻ ആൻഡ് ട്രാക്കിംഗ് സിസ്റ്റത്തിന് നൽകിയ 29,000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-56 സ്ഥാപനത്തിന്റെ ചെലവുകളുടെ ബില്ല്/വൗച്ചർ ഹാജരാക്കിയില്ല.

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഡിസ്ട്രിക് ഒന്റർപ്രണ്ണർഷിപ്പ് കോറിഡോർ (പ്രൊജക്ട് നം. - 697/23) എന്ന പ്രൊജക്ടിന്റെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രൊജക്ട് പ്രകാരം 19,97,960 രൂപ ചെലവായതായാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ കാണുന്നത്. എന്നാൽ 6 സ്ഥാപനങ്ങൾക്ക് ലോൺ സബ്സിഡി ഇനത്തിൽ ചെലവായ 17,88,750 രൂപയുടെ ബില്ലും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഹാജരാക്കാത്ത 2,09,210 രൂപയുടെ ബിൽ/വൗച്ചർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. ലോൺ തുക ഉപയോഗിച്ച് സ്ഥാപനങ്ങൾ വാങ്ങിയ ഉപകരണങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയുടെയും ലോൺ തുക ഉപയോഗിച്ച് നടത്തിയ മറ്റ് ചെലവുകളുടെ വിശദമായ ബില്ല്/വൗച്ചർ എന്നിവ പൂർണ്ണമായും ഹാജരാക്കാൻ 4 സ്ഥാപനങ്ങൾക്ക് സാധിച്ചില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അനുവദിയ്ക്കപ്പെട്ട ലോൺ തുക | ഹാജരാക്കിയ ചെലവ് വിവരങ്ങൾ |
|---|---|---|---|
| 1 | വി.എസ്. ഓൺലൈൻ, ചേന്ദമംഗലം | 1,68,750 | ഹാജരാക്കിയില്ല. |
| 2 | മത്സ്യ ഫെഡ് ഈറ്റ് ഈസ് ട്രീറ്റ്, പായിപ്ര | 5,00,000 | ഹാജരാക്കിയില്ല. |
| 3 | ആർ.വി.എസ് ടെക്സ്റ്റൈൽസ്, ഉദയം പേരൂർ | 5,00,000 | 63,060 രൂപയുടെ ചെലവ് വിവരങ്ങൾ ഹാജരാക്കി |
| 4 | ചൈതന്യ ഗ്രീൻ ബാഗ്സ്, കിഴക്കമ്പലം | 3,56,250 | 3,32,971 രൂപയുടെ ചെലവ് വിവരങ്ങൾ ഹാജരാക്കി |

മേൽ സ്ഥാപനങ്ങളിൽ മത്സ്യ ഫെഡ് ഈറ്റ് ഈസ് ട്രീറ്റ്, പായിപ്ര എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഹാജരാക്കിയില്ല. ലോൺ തുക മുഴുവനും ഇതു വരെ ഉപയോഗിച്ചില്ലെങ്കിൽ ഉപയോഗിക്കാത്ത തുക ലോൺ അക്കൗണ്ടിൽ ഉണ്ടാകേണ്ടതാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയ എല്ലാ സ്ഥാപനങ്ങളും ലോൺ തുക മുഴുവനായും ലോൺഅക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം മാനേജരും സ്ഥാപനവും തമ്മിലുള്ള എഗ്രിമെന്റിലെ ഒന്നാം നിബന്ധന സബ്സിഡി തുക യൂണിറ്റിന്റെ പ്രവർത്തനത്തിന് മാത്രം വിനിയോഗിക്കും എന്നതാണ്. ചെലവ് തുകയ്ക്കുള്ള മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ മേൽ നിബന്ധന പാലിക്കപ്പെട്ടോ എന്നത് വ്യക്തമായിട്ടില്ല. ചെലവ് തുകയ്ക്കുള്ള മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്.

### 1-57 ബാങ്കിന് ലഭിച്ച സബ്സിഡി യഥാസമയം സ്ഥാപനത്തിന് കൈമാറുന്നില്ല

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഡിസ്ട്രിക് ഒന്റർപ്രണ്ണർഷിപ്പ് കോറിഡോർ (പ്രൊ. നം. - 697/23) പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ സൂക്ഷ്മ – ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സമഗ്ര പിൻതുണ നൽകുക എന്നതായിരുന്ന ലക്ഷ്യം. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ബാങ്ക് ലോൺ ലഭ്യമാക്കി പദ്ധതി ആരംഭിക്കുകയും പിന്നീട് പദ്ധതി മുന്നോട്ട് പോകുന്നുണ്ടെന്ന് കണ്ടാൽ പദ്ധതി തുകയുടെ 75 ശതമാനം തുക (പരമാവധി 3,75,000 രൂപ) ലോൺ സബ്സിഡിയായി ബാങ്കിന് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

വി.എസ് ഓൺലൈൻ ചേന്ദമംഗലം എന്ന സ്ഥാപനത്തിന് യൂണിയൻ ബാങ്ക് , നോർത്ത് പറവൂർ ശാഖ 2,25,000 രൂപ 18.03.2023 ൽ ലോൺ നൽകിയതായി കാണുന്നു. ആയതിന്റെ 75 ശതമാനം തുകയായ 1,68,750 രൂപ ബി.ആർ.എൻ 2211015201700148O878 എന്ന സാംഖ്യ ബിൽ നമ്പർ പ്രകാരം 25.03.2023 ൽ ബാങ്കിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ ബാങ്ക് മേൽ തുക മേൽ സ്ഥാപനത്തിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. ഇപ്പോഴും മുഴുവൻ തുകയുടെയുമുള്ള പലിശ മേൽ സ്ഥാപനത്തിൽ നിന്ന് ബാങ്ക് ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ലോൺ തുക ലഭ്യമാക്കി യൂണിറ്റ് സ്ഥാപിച്ച് കഴിഞ്ഞാൽ നിർവഹണ ഉദ്യോഗസ്ഥൻ ഭൗതിക പരിശോധന നടത്തേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കേണ്ടത്. ഇവിടെ, സബ്സിഡി തുക ബാങ്കിന് നൽകിയിട്ടും ആയത് ലഭ്യമായി 8 മാസത്തിന് ശേഷവും സ്ഥാപനത്തിന് നൽകിയിട്ടില്ല. മറ്റ് സ്ഥാപനങ്ങളിലും ലഭ്യമായ തുക സ്ഥാപനത്തിന് കൈമാറാൻ ബാങ്ക് കാല താമസമെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സബ്സിഡി തുക ബാങ്കിന് കൈമാറിയ ബിൽ നം/തിയതി | ബാങ്ക് സ്ഥാപനത്തിന് തുക കൈമാറിയ തിയതി |
|---|---|---|---|
| 2 | മത്സ്യ ഫെഡ് ഈറ്റ് ഈസ് ട്രീറ്റ്, പായിപ്ര | BRN22110152017001479016/ 25.03.2023 | സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല. |
| 3 | ആർ.വി.എസ് ടെക്സ്റ്റൈൽസ്, ഉദയം പേരൂർ | BRN22110152017001543871/ 28.03.2023 | 01.10.2023 |
| 4 | ചൈതന്യ ഗ്രീൻ ബാഗ്സ്, കിഴക്കമ്പലം | BRN22110152017001478985/ 25.03.2023 | 11.08.2023 |
| 5 | നിധി റെഡിമെയ്ഡ്സ്, കീരമ്പാറ | BRN22110152017001478998/ 25.03.2023 | 11.08.2023 |

| | | | |
|---|---|---|---|
| 6 | ഓറഞ്ച് ടെയ് ലറിംഗ്, ഇരമല്ലൂർ | BRN22110152017001514916/ 28.03.2023 | 26.04.2023 |

തുക ലഭ്യമായിട്ടും സ്ഥാപനത്തിന് കൈമാറാൻ ഒരു മാസം മുതൽ 6 മാസം വരെ കാലതാമസമുണ്ടായതായി കാണുന്നു. മേൽ കാലയളവിൽ സബ്സിഡി നൽകിയ സർക്കാർ പ്ലാൻ ഫണ്ട് തുക ബാങ്കിന്റെ കാപ്പിറ്റലായി ബാങ്കിന് പലിശ ഇനത്തിൽ വരുമാനം നൽകി എന്നത് കൂടാതെ ഗുണഭോക്താവ് പ്രസ്തുത കാലയളവിലേക്ക് അധിക തുക പലിശ നൽകേണ്ടതായും വന്നു എന്ന് പ്രഥമ ദൃഷ്ട്യാ വ്യക്തമാകുന്നു. നിർവഹണ ഉദ്യോഗസ്ഥൻ മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, ബാങ്കുകളുമായി ഒരു എഗ്രിമെന്റിൽ ഏർപ്പെടുന്നത് പരിഗണിക്കേണ്ടതുമാണ്.

## 1-58 മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്-കുറുപ്പംപടി-അപര്യാപ്തതകൾ പരിഹരിക്കുക

എറണാകുളം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നത് കുറുപ്പംപടിയിലെ പ്രൈവറ്റ് ബസ്സ്റ്റാന്റിന്റെ അകത്താണ്. രായമംഗലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. നിലവിൽ സ്ഥാപനത്തിന്റെ കെട്ടിടത്തിനു ചുറ്റുമതിലില്ല. ജനത്തിരക്കേറിയ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാപനം ചുറ്റുമതിൽ പോലുമില്ലാതെ പ്രവർത്തിക്കുന്നത് ഒട്ടും തന്നെ അഭിലഷണീയമല്ല. നിലവിൽ ഈ സ്ഥാപനത്തിൽ ഒരു വെറ്ററിനറി സർജൻ മാത്രല്ലാതെ മറ്റു ജീവനക്കാർ ഇല്ല. തന്നെയുമല്ല സ്ഥാപനത്തിന് സ്വന്തമായി വാഹനവുമില്ല. ആയതിനാൽ മൊബൈൽ ഫാം എയ്ഡ് യൂണിറ്റായി പ്രവർത്തിക്കുവാൻ സ്ഥാപനത്തിന് സാധിക്കുന്നില്ല. എങ്കിൽ തന്നെയും നിരവധിയാളുകൾ വെറ്ററിനറി ആശുപത്രി എന്ന രീതിയിൽ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. പേരിനെ അന്വർത്ഥമാക്കുന്ന രീതിയിൽ മൊബൈൽ ഫാം എയ്ഡ് യൂണിറ്റായി പ്രവർത്തിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സ്ഥാപനത്തിലേക്ക് ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി ജില്ലാ പഞ്ചായത്ത് കൈക്കോള്ളേണ്ടതാണ് . കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് കെട്ടിടം-മുകൾനിലയിലെ സീലിങ്ങ് ചെയ്ത ഭാഗം അടർന്നു താഴെ വീണിരിക്കുന്നു

മൊബൈൽ ഫാം എയ്ഡ് യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾ 2018-19 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട്നം.എസ്0743/*19* പ്രകാരം നടപ്പിലാക്കിയിരുന്നു. (അടങ്കൽ-10,00,000, എം.ബുക്ക് നം.726/17-18). ഈ വേലയിൽ ടൈലിടൽ, അലൂമിനിയം ഫാബ്രിക്കേഷൻ, പെയിന്റിംഗ്, സീലിംഗ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 5.1.2019 ന് ആരംഭിച്ച ഈ വേല 6.5.2019 നാണ് കരാറുകാരനായ സി.കെ.കുഞ്ഞാലി പൂർത്തിയാക്കിയത്. പ്രോജക്ടിനായി മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം ) നിന്നും ₹7,51,168/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് രേഖയിൽ കെട്ടിടത്തിന്റെ മുകൾനിലയിലെ ഭാഗം എന്താവശ്യത്തിനുവേണ്ടിയാണ് പണിതതെന്ന് വ്യക്തമാക്കിയിട്ടില്ല .

